# വിവർത്തനവും ആശയവിനിമയവും

COMMON COURSE IN MALAYALAM

For

**BA/B Sc.**

II SEMESTER

(2011 Admission onwards)

# UNIVERSITY OF CALICUT

## SCHOOL OF DISTANCE EDUCATION

CALICUT UNIVERSITY.P.O., MALAPPURAM, KERALA,INDIA – 673 635

109

# UNIVERSITY OF CALICUT

SCHOOL OF DISTANCE EDUCATION

**BA/B Sc.**

**II Semester**

**Common Course in Malayalam**

## വിവർത്തനവും ആശയവിനിമയവും

**Prepared by:**

*Smt.V.K.Sheeja*
*Department of Malayalam*
*Majlis Arts & Science College*
*Puramannur*
*Valanchery*

Sruitnized by:

*Dr. K.M. Priyadarsanlal*
*Swathi, Malapparamba*
*Kozhikode - 673009.*

Layout: ***Compputer Section, SDE***

**(c)**

Reserved

| ഉള്ളടക്കം | പേജ് |
|---|---|
| മൊഡ്യൂൾ –1 | 05 – 33 |
| മൊഡ്യൂൾ –2 | 34 – 42 |
| മൊഡ്യൂൾ –3 | 43 – 47 |
| മൊഡ്യൂൾ –4 | 48 – 51 |
| മാതൃകാചോദ്യങ്ങൾ | 52 – 60 |
| മോഡൽ അസൈൻമെന്റ് | 61 – 62 |

# MODULE I
# UNIT-1
# വിവർത്തനത്തിന്റെചരിത്രം

പ്രാചീന കാലം മുതൽക്കുതന്നെ ലോകത്തെ വിവിധഭാഷകളിൽ വിവർത്തനംനടന്നു വന്നിട്ടുണ്ട്. മാതൃഭാഷ മാത്രം ഉപയോഗിച്ചു വളർന്ന ഒരാൾക്ക് ചില പ്രത്യേക സാഹചര്യങ്ങളിൽ ഉദാ: വാണിജ്യം, തൊഴിൽ തുടങ്ങിയ കാര്യങ്ങൾക്ക് അന്യദേ ശങ്ങളെ സമീപിക്കേണ്ടതായി വരും. അത്തരം സാഹചര്യങ്ങളിൽ വിവർത്തനം അത്യാവശ്യമായിത്തീരുന്നു. കച്ചവട ആവശ്യങ്ങൾക്കോ, മത പരമായ ആവശ്യങ്ങൾക്കോ വേണ്ടി ആവിഷ്കരിക്കപ്പെട്ട ലിപി സമ്പ്രദായം വ്യാപകമായി പ്രചരിച്ചതോടെ വ്യത്യസ്ത ഭാഷകളിലെ ഗ്രന്ഥ സന്ദർഭങ്ങൽ എഴുതാനും അവയെ താരത്മ്യപ്പെടുത്താനും സൗകര്യം ലഭിച്ചു. നാം ഇന്നറിയുന്ന വിവർത്തനം ഇതിനെ തുടർന്നായിരിക്കണം നടപ്പിൽവന്നത്. ക്രിസ്തുവിന് 3000 വർഷങ്ങൾക്കും മുമ്പ് അസീറിയ ഭരിച്ചിരുന്ന സാർഗോൺ എന്ന ചക്രവർത്തി തന്റെ വീരകൃത്യങ്ങൾ അസീറിയൻ ഭാഷയിലുള്ള ശാസനങ്ങളിലൂടെ വിളംബരം ചെയ്യുകയുണ്ടായി. വിപുലമായ അസീറിയൻ സാമ്രാജ്യത്തിൽ അസീറിയനല്ലാത്ത ഭാഷകൾ സംസാരിക്കുന്ന ഒട്ടേറെ ജനവിഭാഗങ്ങളുണ്ടായിരുന്നു. അവർക്കായി അവരുടെ ഭാഷകളിൽ ഈ ശാസനങ്ങൾ വിവർത്തനം ചെയ്യപ്പെട്ടു. ലോകത്തിൽ ഇന്നറിയപ്പെടുന്ന ആദ്യത്തെ വിവർത്തന പരിശ്രമം ഇതാണെന്ന് കരുതപ്പെടുന്നു. ഇതു പോലെ ക്രിസ്തുവിന ് രണ്ടായിരത്തഞ്ഞൂറു വർഷങ്ങൾക്കു മുമ്പു ബാബിലോൺ ഭരിച്ചിരുന്ന ഹമ്മുറാബിയുടെ ശാസനങ്ങളും പല ഭാഷകളിൽ പ്രസിദ്ധീകരിച്ചിരുന്നു. എങ്കിലും ക്രിസ്തുവിന് രണ്ടുനൂറ്റാണ്ടു മുമ്പ് എഴുതപ്പെട്ട പ്രസിദ്ധമായ 'റോസറ്റാ' ശിലാശാസനമാണ് നിലവിലുള്ള ഏറ്റവും പഴയ വിവർത്തന മാതൃകയായി ഇപ്പോൾ കണക്കാക്കപ്പെടുന്നത്.

എന്നാൽ പാശ്ചാത്യ രാജ്യങ്ങളിൽ വിവർത്തനത്തിന് ഒപ്പം ചിട്ടയും പാരമ്പര്യവും ഏർപ്പെട്ടത് ബൈബിളിന്റെ തർജ്ജമ വഴിക്കാണ്. ഗ്രീക്കുകാരുടെ വിവർത്തന പാരമ്പര്യത്തെ പിൻതുടർന്ന് റോമാക്കാർ ഗ്രീക്കു ഭാഷയിലുള്ള പല ഗ്രന്ഥങ്ങളും ലാറ്റിൻ ഭാഷയിൽ തർജ്ജമ ചെയ്തു. ഗ്രീക്കു നാടകങ്ങളും പ്ലേറ്റോവിന്റെ കൃതികളും മറ്റും തുടർന്ന് ലാറ്റിനിലേക്ക് പലരും വിവർത്തനം ചെയ്തു. ഇതിനിൽ മികച്ചു നിൽക്കുന്നത് ക്രി. പി. നാലാം ശതകത്തിൽ 'സെയ്ന്റ് ജെറോം എഴുതിയ വിവർത്തനമത്രേ. ശബ്ദത്തേക്കാൾ ആശയത്തിനു പ്രാധാന്യം നൽകിയ വിവർത്തനത്തെ ആസ്പദമാക്കി സെയിന്റ് ജറോമിനെ ശാസ്ത്രീയ രീതിയിലുള്ള വിവർത്തനത്തിന്റെ സ്ഥാപകനെന്ന് പുകഴ്ത്തിവരുന്നു.

ഗീക്കുകാർക്കും റോമാക്കാർക്കും ശേഷം വിവർത്തനത്തിന്റെ രംഗത്തിൽ കാര്യമായി പ്രവർത്തിച്ചത് അറബികളായിരുന്നു. ക്രി. പി. 8,9,10 ശതകങ്ങളിൽ അറബികൾ, സംസ്കൃതത്തിൽ നിന്ന ഏത്രയോ ഗ്രന്ഥങ്ങൾ സ്വന്തം ഭാഷയിലേക്ക് പകർത്തി.

അംശഗണിതം, ജ്യാമിതി, ജോതിഷം, വൈദ്യശാസ്ത്രം മുതലായ വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങളും ഇവയിൽ പെടുന്നു. ഭാരതീയരുടെ പ്രാചീന വിജ്ഞാനം പാശ്ചാത്യർക്ക് ആദ്യമായി ലഭിച്ചത് അറബിയിൽ വിവർത്തനം ചെയ്തതിലൂടെയാണ്. മാർട്ടിൻ ലൂഥർ ലാറ്റിനിൽ നിന്ന് ജർമ്മൻ ഭാഷയിലേക്ക് ബൈബിൾ വിവർത്തനം ചെയ്തതിലൂടെ വിവർത്തനത്തിന്റെ പുതിയ യുഗം ആരംഭിച്ചതായി കരുതാം, മതത്തിന്റെ മേഖലയിൽ നിന്ന് വിവർത്തനം മത നിരപേക്ഷ വിജ്ഞാനത്തിന്റെ മേഖലകളിലേക്ക് അതിവേഗം വ്യാപിച്ചു. ഇന്ന് ലോകത്തിന്റെ ഏതെങ്കിലും ഒരു കോണിൽ എത്ര അപ്രസിദ്ധ ഭാഷയിലായാലും പുതിയ ഏതെങ്കിലും അറിവ് ആവിഷ്കൃതമാവുകയാണെങ്കിൽ ഏതാനുംവർഷങ്ങൾക്കകം അത് വിവർത്തത്തിലൂടെ മറ്റെല്ലാ ഭാഷകളിലും ലഭ്യമാകുന്ന സ്ഥിതി വന്നുചേർന്നിട്ടുണ്ട്.

സാഹിത്യം, കല തുടങ്ങിയ രംഗങ്ങളിലും ഈ പ്രവണത ലഭ്യമാണ്. രാഷ്ട്രീയ പരിവർത്തനങ്ങൾ ഭാഷകളുടെ വളർച്ചക്കും പ്രസിദ്ധിക്കും വഴി തെളിയിച്ചിട്ടുണ്ട്. അതു കൊണ്ടാണ് ആദ്യക്കാലത്ത് ഗ്രീക്ക്, ലാറ്റിൻ ഭാഷകളിൽ നിന്ന് ധാരാളം വിവർത്തനം ചെയ്തു വന്ന ഇംഗ്ലീഷ് ഭാഷ; പിന്നീട് ഫ്രഞ്ചിനും, ജർമ്മനും, റഷ്യനും കൂടുതൽ പ്രാധാന്യം നൽകിയത്. ഇംഗ്ലീഷ് ഭാഷക്ക് ലോകമെമ്പാടും ഇത്ര വലിയ സ്വാധീനം ഉണ്ടാകാനുള്ള കാരണങ്ങളിലൊന്ന് ഇംഗ്ലീഷുകാർ ലോകത്തുള്ള എല്ലാ ഭാഷകളിൽനിന്നും ഗ്രന്ഥങ്ങൾ

ഇംഗ്ലീഷിൽ വിവർത്തനം ചെയ്യാൻ ശ്രമിച്ചതുകൊണ്ടാണ് 'മാസ്റ്റർ പീസസ് ഓഫ് വേൾഡ് ലിറ്ററേച്ചർ' എന്ന തലക്കെട്ടോടുകൂടി നാലു ഭാഗങ്ങളിലായി ഇംഗ്ലീഷിൽ ലോക സാഹിത്യത്തിലെ പ്രശസ്ത ഗ്രന്ഥങ്ങളുടെ സംക്ഷേപം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

### വിവർത്തനം ഭാരതീയഭാഷകളിൽ

ഭാരതത്തിലെ വിവർത്തനപാരമ്പര്യം യൂറോപ്പിൽ നിന്ന് അല്പം ഭിന്നമാണ്. പ്രാചീനകാലത്ത് സംസ്കൃതമായിരുന്നു ഭാരതത്തിലെ സാംസ്കാരിക ഭാഷ. എന്നാൽ ഇന്ത്യയിലെ ക്ലാസ്സിക് ഭാഷയായ സംസ്കൃതത്തിൽ വിവർത്തനങ്ങൾ കുറവാണ്. മറ്റു ഭാരതീയ ഭാഷകളൊന്നും അന്ന് വേണ്ടത്ര വികസിക്കാതിരുന്നതായിരിക്കാം അതിനു കാരണം. സംസ്കൃതത്തിലെ വിവർത്തന ഗ്രന്ഥങ്ങളിൽ എടുത്തുപറയാവുന്ന ഒന്ന് പൈശാചി ഭാഷയിൽ എഴുതപ്പെട്ട ഗുണാഢ്യന്റെ ബൃഹൽ കഥകളുടെ സംക്ഷേപങ്ങളായ, 'ബൃഹൽ കഥാ മഞ്ജരി'യും 'കഥാ സരിത് സാഗര'വുമാകുന്നു. എന്നാൽ സംസ്കൃത സാഹിത്യത്തിലെ മിക്കകൃതികളും ഭാരതീയ ഭാഷകളിൽവിവർത്തനങ്ങളായിട്ടുണ്ട്. പദാനു പദ വിവർത്തനം മുതൽ 'ഭാവാനുവാദം' വരെയുള്ള എല്ലാ വിവർത്തന രൂപഭേദങ്ങളും ഇവക്കിടയിൽ കാണാം.

പ്രാചീനതയിൽ സംസ്കൃതത്തോട് അടുത്ത് നിൽക്കുന്ന ഭാരതീയ ഭാഷ തമിഴാണ്. തമിഴ് ഭാഷ വിവർത്തന ഗ്രന്ഥത്തിന് 'വഴിനൂൽ' എന്നപേരു നൽകി അതിനെ ഒരു പ്രസ്ഥാനം തന്നെയായി അംഗീകരിച്ചു. പക്ഷേ 'വടമൊഴി'യിൽ നിന്ന് അഥവാ സംസ്കൃതത്തിൽനിന്ന് പദങ്ങൾ എടുക്കുമ്പോൾ ദ്രാവിഡീകരിച്ച് പ്രയോഗിക്കണമെന്ന് വ്യവസ്ഥയും ചെയ്തു.

ആധുനിക ഭാരതീയ ഭാഷകൾ പൊതുവേ നാലു വിവർത്തന ഘട്ടങ്ങളിലൂടെ കടന്നു പോന്നതായിക്കാണാം. ആദ്യഘട്ടത്തിൽസംസ്കൃത ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തു. രണ്ടാം ഘട്ടത്തിൽ പേർഷ്യൻ അറബി തുടങ്ങിയ വിദേശ ഭാഷാഗ്രന്ഥങ്ങൾ വിവർത്തനം ചെയ്തു. മൂന്നാം ഘട്ടത്തിൽ ഇംഗ്ലീഷ് പാശ്ചാത്യ ഭാഷാ ഗ്രന്ഥങ്ങളും നാലാം ഘട്ടത്തിൽ ഇതര ഭാരതീയ ഭാഷാ ഗ്രന്ഥങ്ങളും.

### മലയാളത്തിലെ വിവർത്തന ചരിത്രം

മലയാളത്തിലെ വിവർത്തനചരിത്രത്തിന് നല്ല പഴക്കമുണ്ട്. സംസ്കൃതത്തിൽ നിന്നുള്ള വിവർത്തനമാണ് ആദ്യം ഇവിടെ ഉണ്ടായത്. ഇതര ഭാരതീയ ഭാഷകളിലും സ്ഥിതി ഭിന്നമല്ല. ഒരു കാലത്ത് കേരളത്തിലെ ഭാഷ തന്നെ തമിഴായിരുന്നുതു കൊണ്ട് തമിഴിൽ പദ്യരൂപത്തിൽ എഴുതിയിരുന്ന ജ്യോതിഷം, വൈദ്യം തുടങ്ങിയ വിഷയങ്ങളിലുള്ള കൃതികൾ മുൻ തലമുറകളിലുള്ള പലമലയാളികൾക്കും മനപാഠമായിരുന്നു. രാമായണത്തിനും മഹാഭാരതത്തിനും പല പ്രകാരത്തിൽ പലകാലങ്ങളിൽ പരിഭാഷകളുണ്ടായി. പദാനുപദ വൃത്താനുവൃത്ത മൊഴിമാറ്റം, ഭാഗിക കഥാഖ്യാനം, സംക്ഷിപ്ത വിവരണം എന്നിങ്ങനെ കാലത്തിനനുസരിച്ച് അവയുടെ രൂപ ഭാവങ്ങൾ ചിട്ടപ്പെപ്പെടുത്തവാൻ രചയിതാക്കൾ ശ്രമിച്ചു. 'എഴുത്തച്ഛന്റെ അധ്യാത്മരാമായണ' വിവർത്തനമാണ് ഈ പശ്ചാത്തലത്തിൽ എടുത്തു പറയേണ്ട കൃതി. രാമചരിതം, രാമ കഥാപാട്ട്, കണ്ണശ്ശ രാമായണം എന്നിവയും ശ്രദ്ധേയമായ വിവർത്തിത കൃതികൾ തന്നെ.

### ഇംഗ്ലീഷ്- മലയാളം വിവർത്തനം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഇംഗ്ലീഷിന്റെ സ്വാധീനത ഭാഷയിൽ ശക്തമായി. അക്കാലത്ത് മതപ്രചാരണത്തിനു കേരളത്തിലെത്തിയ പാശ്ചാത്യ മിഷനറിമാരുടെ പ്രവർത്തനങ്ങൾ ഭാഷയുടെ വളർച്ചക്കു കാരണമായി. വ്യാകരണ ഗ്രന്ഥങ്ങളും നിഘണ്ടുവും നിലവാരപ്പെട്ട ഉച്ചാരണവും മലയാളത്തിനു നൽകാൻ അവർ ശ്രമിച്ചു. ബൈബിൾ പ്രചരിപ്പിക്കുന്നതിനു വേണ്ടിയാണ് ഇതു ചെയ്തത്. എങ്കിലും മലയാള ഭാഷക്ക് പുരോഗതിയുണ്ടാക്കാൻ മിഷണറി ഗദ്യം കാരണമായി.

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യവർഷത്തിൽ കേരളത്തിലെ കോളേജു വിദ്യാർത്ഥികളുടെ പാഠ്യക്രമത്തിൽ ഇംഗ്ലീഷു കവിതക്ക് പ്രധാന സ്ഥാനം ഉണ്ടായിരുന്നു. ടെനിസൺ, ഗോൾഡ് സ്മിത്ത്, തോമസ് ഗ്രേ, തുടങ്ങിയ കവികളുടെ പ്രശസ്ത കവിതകൾ പലതും വിദ്യാർത്ഥികൾ ഹൃദിസ്ഥമാക്കുകയും കവിതാവാസനയുള്ള യുവാക്കൾ അവ മലയാളത്തിൽ തർജ്ജമ ചെയ്യാൻ ശ്രമിക്കുകയും ചെയ്തു.

ആധുനിക കാലഘട്ടത്തിൽ ഒട്ടേറെ വിദേശീയ ഭാഷകളിലെ കവിതകൾ ഇംഗ്ലീഷു വിവർത്തനത്തിൽ തർജ്ജമ ചെയ്തു വരുന്നു. റഷ്യൻ, ജാപ്പാനിസ്., ആഫ്രിക്കൻ തുടങ്ങിയ പല ഭാഷകളിലുമുള്ള കവിതകളും വിവർത്തനം ചെയ്യപ്പെടുന്നത്.

ഗദ്യ വിവർത്തനത്തിന്റെ മണ്ഡലത്തിൽ ആദ്യ വിവർത്തകർ മിഷണറിമാർ തന്നെയായിരുന്നു. കഥകൾ, നോവലുകൾ തുടങ്ങിയവയാണാദ്യം മലയാള്ളത്തിൽ വിവർത്തനം ചെയ്യപ്പെട്ടത്. 1806 ൽ ക്ലോഡിയൻ ബുക്കാനൻ മലയാളത്തിൽ ബൈബിൾ തർജ്ജമയ്ക്ക് നേതൃത്വം നൽകി. ഡോ. ബെഞ്ചമിൻ ബെയ്‌ലി ഇംഗ്ലീഷിൽ നിന്നു നാട്ടു ഭാഷയിലേക്ക് ബൈബിൾ വിവർത്തനം ചെയ്തു. ഡോ. ഹെർമ്മൻ ഗുണ്ടർട്ട്, നിഘണ്ടുവും, വ്യാകരണവും, ബൈബിൾ വിവർത്തനവും വഴി മലയാള ഗദ്യത്തിന് ശക്തമായ ഒരടിത്തറയിട്ടു. ഇംഗ്ലീഷു പഠിച്ച നാട്ടു പാതിരിമാരുംതർജ്ജമയ്ക്ക് ഒരുമ്പെട്ടു. മലയാളത്തിലെ ആദ്യ യാത്രാ വിവരണഗ്രന്ഥമായ വർത്തമാനപുസ്തകം എഴുതിയ പാറേമാക്കൽ തോമാകത്തനാർ, ആർച്ചു ഡിക്കൻ കോശി റവ: ജോർജ്ജ് മാത്തൻ എന്നിവരും വിവർത്തന രംഗത്തെ പ്രശസ്തരാണ്. 'ഇമിറ്റേഷൻ ഓഫ് ക്രൈസ്റ്റ്' 'ക്രിസ്ത്വാനു കരണ'മെന്ന പേരിൽ തോമാ കത്തനാർ തർജ്ജമ ചെയ്തു. ജോൺ ബെനിയന്റെ 'പിൽഗ്രിം പ്രോഗ്രസ്സി'ന്റെ മലയാള ഭാഷക്ക് ആർച്ചു ഡിക്കൻ കോശി നൽകിയ പേര് പരദേശീ മോഷയാത്ര എന്നതാണ്.

കേരള വർമ്മയുടെ 'അക്ബർ', ഒരു ഡച്ചു ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് പരിഭാഷയുടെ മലയാള വിവർത്തനമായിരുന്നു. നാലപ്പാട്ടു നാരായണമേനോൻ എ. ബാലകൃഷ്ണപിള്ള എന്നീ രണ്ടു പ്രശസ്ത വ്യക്തികളാണ് പാശ്ചാത്യ സാഹിത്യം മലയാളത്തിൽ ശക്താമായി വിവർത്തനം ചെയ്യാൻ മുന്നോട്ടുവന്നത്. വിക്ടർഹ്യൂഗോയുടെ ലേ മിറാബിളിനെ 'പാവങ്ങൾ' എന്നപേരിൽ നാലപ്പാട്ടു നാരായണമെനോൻ വിവർത്തനം ചെയ്തു. കേസരി ബാലകൃഷ്ണപിള്ള പുതിയ സാഹിത്യ രൂപങ്ങളും കേരളീയർക്ക് തർജ്ജമയിലൂടെ പരിചയപ്പെടുത്തികൊടുത്തു. റഷ്യൻ സാഹിത്യകാരനായ ടോൾസ്റ്റോയ് ദസ്തയോവിസ്കി, മാക്സിംഗോർക്കി മയ്ക്കോവിസ്കി, ബോറിസ്, പാസ്റ്റർ നാക്ക് എന്നിവയുടെ രചനകൾ മലയാളം പരിചയപ്പെടുന്നതും തർജ്ജമയിലൂടെയാണ്.

**ഇതര ഭാരതീയ ഭാഷകളിൽ നിന്ന മലയാളത്തിലേക്കുള്ള വിവർത്തനം**

ഇതര ഭാരതീയ ഭാഷകളിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനത്തിന്റെ വേലിയേറ്റം ഉണ്ടായത് കേരളീയർക്ക് നോവൽ പ്രസ്ഥാനത്തോട് താൽപര്യം തോന്നിയതോടെയാണ്. ബംഗാളിലെ സർഗധനരായ ബങ്കിം ചന്ദ്രചാറ്റർജി, ശരത് ചന്ദ്രചാറ്റർജി, രവീന്ദ്രനാഥ ടോഗോർ എന്നീ മൂന്നു പേരുടെ നോലവുകളും കഥകളും പലരും ആവർത്തിച്ചു വിവർത്തനം ചെയ്തു. മാസികാ പ്രവർത്തനമാണ് ഈ വിവർത്തനങ്ങൾക്ക് പ്രേരകമായത്. സി.എസ്. സുബ്രഹ്മണ്യൻ പോറ്റി, 'ദുർഗേശനന്ദിനി' വിവർത്തനം ചെയ്ത് ഇതിന് തുടക്കം കുറിച്ചു. ബംഗാളിയിൽനിന്ന് ഇംഗ്ലീഷിലൂടെയും ഹിന്ദിയിലൂടെയും ആണ് മലയാളത്തിലേക്ക് വിവർത്തനം നടത്തുന്നത്. ബംഗാളി നോവൽ ഏതും നല്ലതെന്ന് ഒരു ധാരണ കേരളത്തിൽ ഉണ്ടാവാനുള്ള കാരണവും ഈ വിവർത്തനം തന്നെ. കവിതയുടെ രംഗത്ത് ടാഗോറിന്റെ കവിതകൾ ഉദാ:-ഗീതാഞ്ജലി മാത്രമാണ് കേരളത്തിൽ വളരെയധികം പ്രശസ്തി നേടിയത്.

ബംഗാളി കഴിഞ്ഞാൽ ഹിന്ദി സാഹിത്യമാണ് വിവർത്തനത്തിലൂടെ മലയാളത്തിലേക്കു കൂടുതലായി വന്നത്. എന്നാൽ സാഹിത്യ ദൃഷ്ട്യാ വിവർത്തന കൃതികളുടെ എണ്ണം കുറവാണ്. ഹിന്ദിയിൽ ഇതേവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള വിവർത്തനങ്ങളും മലയാളത്തിൽ വന്നിട്ടുള്ള വിവർത്തനങ്ങളും നോക്കിയാൽ വിവർത്തനത്തിന്റെ അനുപാതം വളരെ ചെറുതാണ്. ഹിന്ദിയിൽ നിന്ന് മലയാളത്തേലേക്കു വിവർത്തനം ചെയ്തിട്ടുള്ള വ്യക്തികളിൽ രവി വർമ്മ, കെ.വി. മണലിക്കര, അഭയദേവ്, വി.ഡി. കൃഷ്ണൻ നമ്പ്യാർ, വേണു മരുതായി തുടങ്ങിയവരുടെ പേരുകൾ പ്രസ്താവ്യമാണ്.

മലയാളത്തിൽ ശാസ്ത്ര രംഗത്തു നടത്തപ്പെടുന്ന വിവർത്തനവും വിലപ്പെട്ടതാണ്. ആരംഭകകാലത്തു എം. രാജരാജവർമ്മ, മാത്യു. എം. കുഴി വേലി, ഐസി. ചാക്കോ, ടി.കെ ജോസഫ്, പി.കെ കോരു, കെ.സി ചാക്കോ, ഡോ. കെ ഭാസ്കരൻ നായർ തുടങ്ങിയവർ ഈ രംഗത്ത് പ്രശസ്തിയാർജ്ജിച്ചവരാണ്.

രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം വിവർത്തനം വളരെയധികം ആളുകൾക്ക് ജോലിനൽകുന്ന വൃത്തിയായി തീർന്നു. പൊതുവെ സാക്ഷരത്വത്തിലും വിദ്യാഭ്യാസത്തിലും ഉണ്ടായ വളർച്ചയും വാർത്താ വിതരണത്തിൽ വന്നു ചേർന്ന വിപ്ലവവും വികസ്വരമായി വരുന്ന ഏക ലോക മനോഭാവവും സാഹിത്യ പത്ര പ്രവർത്തന രംഗങ്ങളിൽ നിലവിലിരുന്ന വിവർത്തന പ്രക്രിയയെ വളരെയധികം വിപുലമാക്കി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവിർഭാവം വിജ്ഞാന സാഹിത്യ ഗ്രന്ഥങ്ങളുടെ വിവർത്തന രംഗത്ത് ഗണ്യമായ പുരോഗതി ഉളവാക്കി. കോരള ശാസ്ത്ര പരിഷത്ത് പോലുള്ള സന്നദ്ധ സംഘടനകളും ഇതര പ്രസിദ്ധീകരണ സംഘടനകളും ഈ രംഗത്ത് നേട്ടം കൈവരിച്ചു.

ദക്ഷിണ ഭാഷാ ബുക്ക് ട്രസ്റ്റ്', 'സാഹിത്യ അക്കാദമി' തുടങ്ങിയ സ്ഥാപനങ്ങൾ ധാരാളം കൃതികൾ ഭാഷാന്തരീകരണത്തിലൂടെ നമുക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ ആരോഗ്യകരമായ പ്രവണത ഇപ്പോഴും നടന്നു വരുന്നുണ്ട്.

# UNIT-2
# വിവർത്തനം

‘പൊരുൾ നഷ്ടപ്പെടാതെ ഒരു ആശയം ഒരു ഭാഷയിൽനിന്ന് മറ്റൊരു ഭാഷയിലേക്ക് മാറ്റുന്നതാണ് വിവർത്തനം’. തർജമ, തർജുമ, വിവർത്തനം, പരിഭാഷ, മൊഴിമാറ്റം എന്നീ പദങ്ങൾ Translation എന്ന ഇംഗ്ലീഷ് വാക്കിന് പകരം മലയാളത്തിൽ പ്രചാരമുണ്ട്. ഭാഷ രൂപപ്പെട്ട കാലം മുതൽ പരിഭാഷകളും സംഭവിച്ചിരിക്കണം. ലഭ്യമായതിൽ വെച്ച് ഏറ്റവും പുരാതനമായ വിവർത്തനം ‘റോസെറ്റാ’ (ബി.സി രണ്ടാം ശതകം) എന്ന ശിലാലേഖനമാണെന്ന് ചരിത്രകാരന്മാർ കരുതപ്പെടുന്നു

ലോക ഭാഷകളിൽ ഏറ്റവും അധികം വിവർത്തനം ചെയ്യപ്പെട്ടിട്ടുള്ള ഗ്രന്ഥം ബൈബിളാണ്. ഹീബ്രൂ ഭാഷയിൽ എഴുതപ്പെട്ടിരുന്ന പഴയനിയമം യഹൂദർക്ക് ആദ്യകാലങ്ങളിൽ സുഗ്രാഹ്യമായിരുന്നില്ല. അവർക്ക് മനസ്സിലാക്കാൻ വേണ്ടി ‘ബൈബിൾ’ ഉപഭാഷകളിലേക്കും മാറ്റേണ്ടി വന്നു. ഹോമറുടെ ഒഡീസി ഗ്രീക്കിൽ നിന്നും ലത്തീനിലേക്ക് വിവർത്തനം ചെയ്യപ്പട്ടത് ബി.സി. 130 ലാണ്. ക്രിസ്തുമതം ലോകമെങ്ങും വ്യാപിച്ചത് വിവർത്തനത്തിന്റെ പ്രചാരത്തിന് വഴിതെളിച്ചു. ബൈബിൾ ലോകത്തിലെ മിക്ക ഭാഷകളിലേക്കും തർജമ ചെയ്യപ്പെട്ടു. പല ഭാഷകളുടേയും പുനരുജ്ജീവനത്തിനും കരുത്താർജ്ജിക്കലിനും ഇതു കാരണമായി.

അറബി ഭാഷകളുമായി ബന്ധപ്പെട്ട വിവർത്തന ശ്രമങ്ങൾ പുരാതന നഗരമായ ബാഗ്ദാദിലാണ് നടന്നിട്ടുള്ളത്. വിജ്ഞാനത്തിന്റേയും സംസ്കാരത്തിന്റേയും ഏറ്റവും വലിയ കേന്ദ്രമെന്ന നിലയിൽ ഈ നഗരത്തിന് ആയിരത്താണ്ടുകളുടെ ചരിത്രമുണ്ട്. വിവിധ ഭാഷയിലെ വിശ്രുതമായ ഗ്രന്ഥങ്ങൾ ധാരാളമായി അറബിയിലേക്ക് തർജ്ജമചെയ്യപ്പെട്ടു. നമ്മുടെ പഞ്ചതന്ത്രം കഥയിലെ അറബിയിലെ പേര് ‘കലീല ദമന’ എന്നാണ്.

**പ്രധാന നിർവ്വചനങ്ങൾ**

ഒരു പദത്തിന്റേയോ വാക്യത്തിന്റേയോ ഗ്രന്ഥ സന്ദർഭത്തിന്റേയോ പുസ്കത്തിന്റേയോ അർത്ഥം മറ്റൊരു ഭാഷയിൽ ആവിഷ്കരിക്കുന്നതാണ് നിഘണ്ടു നിർവ്വചന പ്രകാരം വിവർത്തനം (Translation).

അർത്ഥം നിലനിർത്തിക്കൊണ്ടു മറ്റൊരു ഭാഷയിലേക്കുള്ള മാറ്റമാണ് തർജ്ജമ.

Dr. ജോൺസൺ

ഒരു ഭാഷയിലെ പാഠ്യവസ്തുവിനെ മറ്റൊരു ഭാഷയിലെ തത്തുല്യമായ പാഠ്യവസ്തുകൊണ്ട് ആദേശം ചെയ്യുന്നതാണ് വിവർത്തനം. - ജെസി ക്യാറ്റ് ഫോർഡ്

ആദ്യമായി അർത്ഥത്തിലും രണ്ടമതായി ശൈലിയിലും മൂല ഭാഷയിലെ സന്ദേശത്തോട് ഏറ്റവും അടുപ്പമുള്ള തുല്യ പാഠം ലക്ഷ്യ ഭാഷയിൽ സൃഷ്ടിക്കലാണ് വിവർത്തനം.

- യൂജിൻ നൈഡ.

അർത്ഥം മുൻനിർത്തിക്കൊണ്ട് മറ്റൊരുഭാഷയിലേക്ക് മാറ്റുന്നതാണ് വിവർത്തനം.

- സാമുവൽ ജോൺസൺ

**ഭാഷാശാസ്ത്രപരമായ നിർവ്വചനം**

വിവർത്തനത്തിന്റെ ഭാഷാശാസ്ത്ര വശങ്ങൾ എന്ന പ്രബന്ധത്തിൽ(1959) റോമൻ യാക്കോബ്സൺ ഒരു പദചിഹ്നത്തെ വ്യഖ്യാനിക്കാനുള്ള മൂന്ന് ഉപാധികളെ പറ്റി പറയുന്നു.

1. അന്തർ ഭാഷാ വിവർത്തനം (intra lingual translation)

2. ഭാഷാന്തരവിവർത്തനം (inter lingual translation)

3. ചിഹ്നാന്തര വിവർത്തനം(inter semiyotic)

ഒരു ഭാഷയ്ക്കുള്ളിൽ തന്നെ, ഒരുകൂട്ടം പദചിഹ്നങ്ങളെ മറ്റൊരു കൂട്ടം പദചിഹ്നങ്ങളിലേക്ക് സംക്രമിപ്പിക്കുന്ന പ്രക്രിയയാണ് അന്തർഭാഷാ വിവർത്തനം.

(ഉദാ:- ഉദയേ പേരൂർസുന്നഹദോസിന്റെ കനോനകൾ. ഇതിലെ ഭാഷ 16-17 നൂറ്റാണ്ടുകളിലേതാണ്. ഇന്നത്തെ മലയാളത്തിലില്ലില്ലാത്ത ശൈലികളും പ്രയോഗങ്ങളും അന്നത്തെ ഭാഷയിൽ കാണാം. ഇന്നത്ത വായനക്കാർക്കും മനസ്സിലാകണമെങ്കിൽ ആ ഗ്രന്ഥം ആധുനിക മലയാളത്തിലേക്ക് വിവർത്തനം ചെയ്യണം.)

ഇപ്രകാരം ഒരു ഭാഷയ്ക്കുള്ളിൽതന്നെ നടക്കുന്ന വിവർത്തനത്തെ അന്തർഭാഷാ വിവർത്തനം എന്നു പറയുന്നു.

യാക്കോബ്സൺ പറയുന്ന രണ്ടാമത്തെ തരത്തിൽപെട്ട inter lingual transalation നാണ് നാം സാധാരണ വിവർത്തനമെന്ന് വ്യവഹരിക്കുന്നത്.

മൂന്നാമത്തെ വിഭാഗത്തിൽപെട്ടത് ചിഹ്നാന്തര വിവർത്തനമാണ് (inter semiyotie) ഈ വിവർത്തനത്തിന് ആധുനിക കാലത്ത് പ്രസക്തി ഏറുകയാണ്. ഒരു ചിഹ്നവ്യവസ്ഥയിൽ നിന്ന് മറ്റൊരു ചിഹ്ന വ്യവസ്ഥയിലേക്കുള്ള മാറ്റമാണിത്. ആട്ടക്കഥ/കഥകളി, തിരക്കഥ/ സിനിമ എന്നീ ദ്വന്ദ്വങ്ങൾ ഈ വകുപ്പിൽപെടും. 'ആട്ടക്കഥ' സാഹിത്യത്തിന്റെ ചിഹ്നങ്ങൾ ഉപയോഗിക്കുമ്പോൾ, കഥകളി ദൃശ്യകലയുടെ ചിഹ്നങ്ങൾ ഉപയോഗിക്കുന്നു.

വിവിധ പണ്ഡിതന്മാർ നൽകിയിട്ടുള്ളതിൽ വെച്ച് സുഗ്രഹവും പ്രായോഗികവുമായനിർവചനം ഡോ. സാമുവൽ ജോൺസൺന്റേതാണ്. "അർത്ഥം മുൻനിർത്തിക്കൊണ്ട് മറ്റൊരു ഭാഷയിലേക്ക് വിവർത്തനം."

വിവർത്തനത്തിന്റെ ശാസ്ത്രീയചർച്ചയിൽ മൂലഭാഷയ്ക്ക് 'സ്രോതഭാഷ' (Source of language). എന്നും അതായത് ഏതു ഭാഷയിൽ നിന്നും വിവർത്തനം ചെയ്യുന്നുവോ ആ ഭാഷയെ സ്രോത ഭാഷ എന്നും ഏതു ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നുവോ ആ ഭാഷയെ 'ലക്ഷ്യ ഭാഷ' (Target language) എന്നും പറയുന്നു. സ്രോത ഭാഷയിൽ ആവിഷ്കരിക്കപ്പെട്ട ആശയങ്ങളെ കഴിയുന്നത്രഏറ്റക്കുറച്ചിൽ കൂടാതെയും ലക്ഷ്യ ഭാഷയുടെ ആവിഷ്കരണ രീതിക്ക് ഇണങ്ങുന്ന രീതിയിലും ലക്ഷ്യ ഭാഷയിൽ ആവിഷ്കരിക്കുന്നതിനുള്ള പ്രയത്നമാണ് വിവർത്തനം.

രണ്ട് തരം വിവർത്തനങ്ങളാണുള്ളത്. പ്രധാനമായും വേണ്ടി വരുന്നത്.

1. ശാസ്ത്രഗ്രന്ഥങ്ങളുടെ വിവർത്തനം
2. സാഹിത്യ ഗ്രന്ഥങ്ങളുടെ വിവർത്തനം.

ലോകത്ത് എല്ലായിടത്തും അന്യഭാഷകളിൽ നിന്ന് സ്വഭാഷകളിലേക്കുള്ള വിവർത്തനമാണ് അധികം കാണുന്നത്. ഇതിനു കാരണം സ്വാഭാവികമായി മാതൃഭാഷാജ്ഞാനംപോലെ ഒരാൾക്ക് ഇതരഭാഷാജ്ഞാനം ഉണ്ടാവുക ചുരുക്കമാണ്. തർജ്ജമകൾ അധികവും സ്വഭാഷായിൽ നടത്തുകയാണ് എളുപ്പം. സാഹിത്യകൃതികളെ സംബന്ധിച്ച് ഇത് കൂടുതൽ ശരിയാണെന്നും കാണാം. കാരണം ശാസ്ത്രത്തിലെന്ന പോലെ കേവലം വസ്തുതകളല്ല, സൂക്ഷ്മമായ ഭാവങ്ങൾ കൂടി ഇതിൽ പകർത്തിയെടുക്കേണ്ടതുണ്ട്.

വിവർത്തകന്റെ ഏറ്റവും പ്രധാനപ്പെട്ട ഉപകരണം ഭാഷാ ജ്ഞാനമാണ്. അദ്യത്തെ ശ്രദ്ധ അതിലാണ് പതിയേണ്ടത്. മൂല ഭാഷയിൽ ഉറച്ച അറിവുണ്ടാവുകയും അതിലെ കാര്യങ്ങൾ സ്വന്തം ഭാഷയിൽ വ്യാകരണ ശുദ്ധിയോടെ പകർത്താൻ കഴിവുണ്ടാക്കുകയും വേണം. നമ്മെ സംബന്ധിച്ചിടത്തോളം മിക്കവാറും ഇംഗ്ലീഷാണ് മൂല ഭാഷ. ഇതര ഭാഷാകൃതികളും ഇംഗ്ലീഷിൽകൂടിയാണ് നാം വിവർത്തനം ചെയ്യുന്നത്. അതിനാൽ മൂല ഭാഷയിൽ നല്ല ജ്ഞാനം ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. മൂലഭാഷ ജ്ഞാനം കഴിഞ്ഞാൽ അതിനേക്കാൾ തർജ്ജമക്കാരന് ആവശ്യം സ്വഭാഷാജ്ഞാനമാണ്.

സ്രോത ഭാഷയിലെ സാമഗ്രി ലക്ഷ്യഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതിന് പല രീതികൾ ആവാം. പദാനുപദതർജ്ജമ ചെയ്യുക, ഉള്ളടക്കത്തിന്റെ ആകെത്തുക ലക്ഷ്യ ഭാഷയിലാക്കുക, സ്വതന്ത്രമായി ലക്ഷ്യ ഭാഷയിൽ ആവിഷ്കരിക്കുക എന്നിവയാണ് മുഖ്യ സമ്പ്രദായങ്ങൾ.

ഹോറസിന്റെ നിർവ്വചന പ്രകാരം പദാനുപദ തർജ്ജമയേക്കാൾ സ്വതന്ത്ര തർജ്ജമയാണ് വേണ്ടത്. ഈ സ്വാതന്ത്ര്യം ദു:സ്വാതന്ത്ര്യം ആകരുതെന്നും മൂല രചയിതാവിനോട് വിശ്വാസ്യത പുലർത്തേണ്ടതായ കടമ വിവർത്തകനുണ്ടെന്നും മറ്റു ചില നിർവ്വചനങ്ങൾ സൂചിപ്പിക്കുന്നു.

നല്ല വിവർത്തനം സൂക്ഷ്മമാകുന്നതിലേറെ വിശ്വാസ്യമായിരിക്കുകയാണ് വേണ്ടത് എന്ന് വാറനും, (വിവർത്തനത്തിന്റെ കാതൽ വിശ്വാസ്യതയാണ് എന്ന് ആപദത്തിൽ തന്നെ അന്തർഭവിച്ചിരിക്കുന്നു). വിവർത്തകൻ മൂലഗ്രന്ഥകാരനെപ്പോലെ ആയിത്തീരണം അയാളെ അതിശയിക്കുകയല്ല വിവർത്തകന്റെ ജോലി എന്ന് സാമുവൽ ജോൺസൺ അഭിപ്രായപ്പെട്ടിട്ടുണ്ട്.

## വിവർത്തനത്തിന്റെ സാർവ്വലൗകിക തത്വങ്ങൾ

1. വിവർത്തനം മൂലകൃതിയിലെ ആശയങ്ങളുടെ സമ്പൂർണ്ണമായ പുനർലേഖനം നിർവഹിക്കണം.
2. വിവർത്തനത്തിന്റെ ശൈലിയും രീതിയും മൂല്യകൃതിയുടേതിനു തുല്യമായിരിക്കണം.
3. മൂലകൃതിയുടെ സ്വച്ഛന്ദത പൂർണ്ണമായും വിവർത്തനത്തിന് കൈവരുകയും വേണം.

'പുനർ വിവർത്തനം ചെയ്യുമ്പോൾ മൂലപാഠം ലഭ്യമാകുന്ന തരത്തിലുള്ള വിവർത്തനമാണ് ഉത്തമം'- മിച്ചൗഡ്.

എന്നാൽ വിപരീതാഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളവരുമുണ്ട്. എബ്രഹാം കൗലിയുടെ അഭിപ്രായം ഇതിനെയും ഉദാഹരണമാണ്. "ഒരാൾ മൂലകൃതിയെ പദാനു പദംപരിഭാഷപ്പെടുത്താൻ ശ്രമിക്കുകയാണെങ്കിൽ ഒരു ഭ്രാന്തൻ മറ്റൊരു ഭ്രാന്തനെ പരിഭാഷപ്പെടുത്തുന്നതായിട്ടാണ് തോന്നുക".

"വിവർത്തനം ആസ്വാദനാർത്ഥം വായിക്കാവുന്നതായിരിക്കണം" എന്നാണ് ഫില്ലിമോറുടെ മതം.

"വിശ്വസ്തതയുടെ വൈരുപ്യവും വിശ്വസ്തതയില്ലാത്ത സൗന്ദര്യവും ഇതു പഴമൊഴി പോലെ പ്രസിദ്ധമാണ്. ലാവണ്യാത്മക രൂപം കൈകൊണ്ടു കഴിഞ്ഞ ഒന്നിനെ ലാവണ്യാത്മകമായ മറ്റൊരു രൂപത്തിലാക്കുക സാധ്യമല്ല. ലാവണ്യാത്മകമല്ലാത്ത വിവർത്തനങ്ങൾ വെറും വ്യാഖ്യാനങ്ങളാണ് എന്നാൽ പുനരവതരണങ്ങളെന്ന നിലയിലല്ലാതെ സമാനാവിഷ്കരണങ്ങളുടെ രൂപത്തിലുള്ള വിവർത്തനങ്ങൾക്ക് ആപേക്ഷികസാധ്യതയുണ്ട്. നല്ലതായി കരുതപ്പെടുന്ന വിവർത്തനത്തിന് കലാസൃഷ്ടിയെന്നനിലയിൽ മൗലികമായ മൂല്യവുമുണ്ട്."

- ബെനഡെറ്റ് ക്രോചേ

ഇതുവരെ ചർച്ച ചെയ്ത നിർവ്വചനങ്ങളനുസരിച്ച് വിവർത്തനത്തിൽ അവശ്യം വേണ്ട ഘടകങ്ങൾ സുഗ്രാഹ്യത, വിശ്വാസ്യത, തത്തുല്യത, സൗന്ദര്യാത്മകത, സംക്ഷിപ്തത, സൂക്ഷ്മത എന്നിവയാണ്. ഒഴിവാക്കേണ്ട ദോഷങ്ങൾ ദുരൂഹത അവിശ്വാസ്യത, വിസ്താരം സൗന്ദര്യഹീനത എന്നിവയും വിഷയമനുസരിച്ചും വായനക്കാരുടെ തരമനുസരിച്ചും വിവിധ വിവിർത്തനരീതികൾ സ്വീകരിക്കേണ്ടി വരും. കുട്ടികൾ വേണ്ടിയാണെങ്കിൽ സംഗ്രഹമാകാം, സാധാരണക്കാർക്കു വേണ്ടിയാണെങ്കിൽ വിശ്വാസ്യവും സുഗ്രാഹ്യവുമായ അവതരണം. പണ്ഡിതന്മാർക്കും ശാസ്ത്രജ്ഞന്മാർക്കും വേണ്ടി പദാനുപദം എന്നിങ്ങനെ.

ശാസ്ത്രം, നിയമം, ഭരണം,എന്നിവയ്ക്ക് പദാനു പദവിവർത്തനം അനിവാര്യമാകുമ്പോൾ സർഗ്ഗാത്മകസാഹിത്യത്തിൽ മൂലകൃതിയോടുള്ള വിശ്വാസ്യതയ്ക്കു പുറമേ. അനുവാചകർക്കുള്ള രസാനുഭൂതിയാണ് വിവർത്തന സ്വഭാവം നിയന്ത്രിക്കുന്നത്. അതിനാൽ എല്ലാത്തരം വിഷയങ്ങൾക്കും എല്ലാ സന്ദർഭങ്ങൾക്കും പറ്റിയ ഒറ്റ ശാസ്ത്രീയ നിർവ്വചനം കണ്ടെത്താൻ പ്രയാസമാണ്. ആയതിനാൽ അവനവന്റെ യുക്തിക്കു ആത്മ സംതൃപ്തിക്കും യോജിച്ച വിധത്തിലുള്ള വിവർത്തന രീതി സ്വീകരിക്കുന്ന താണ് ഏറ്റവും യുക്തി സംഗതമായിട്ടുള്ളത്.

# UNIT-3

## വിവർത്തനം, വ്യാഖ്യാനം, പരാവർത്തനം, പുനഃസൃഷ്ടി

### ഉത്തമ വിവർത്തകൻ

കവികളെ പറ്റി പറയുമ്പോൾ സംസ്കൃതത്തിൽ ദ്വിത്രാ ഏവ കവയ: എന്നൊരു ചൊല്ല് ഉദ്ധരിക്കാറുണ്ട്. ജൻമസിദ്ധമായ കവിതാ വാസന അനുഗ്രഹിച്ചവർക്കേ നല്ല കവിത എഴുതാനാകൂ എന്നാണിതിന്റെ താൽപര്യം. വിവർത്തനത്തിന്റെ കാര്യത്തിലും ഇത്ഏതാണ്ടു ശരിതന്നെ. വിവർത്തനം ഒരു കലയാണ് അതിൽ പ്രത്യേക വൈഭവം നേടിയവർക്കു മാത്രമാണ് നല്ല വിവർത്തകനാകാൻ കഴിയുക; സാഹിത്യത്തിൽ പ്രത്യകിച്ചും കവിതാ വിവർത്തനത്തിൽ ഈ തത്വം തികച്ചും പ്രസക്തം തന്നെ.

### ഒരുത്തമ വിവർത്തകന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ

* വിവർത്തകന് ഇരുഭാഷകളിലും പ്രാവീണ്യമാണ് ആദ്യം വേണ്ടത്. രണ്ടു ഭാഷകളിലും ശരിയായ അറിവും സ്വാധീനവും ഉള്ള ആളിനെ മാത്രമേ ഉത്തമ വിവർത്തകനാകാൻ കഴിയൂ. സ്രോത ഭാഷയിൽ പരിജ്ഞാനത്തേക്കാൾ ലക്ഷ്യ ഭാഷയിലുള്ള സ്വാധീനത്തിന് വിവർത്തനത്തിൽ പ്രാധാന്യം കൂടും.

* പൊതുവേയുള്ള പാണ്ഡിത്യം വിവർത്തനത്തിന് മതിയാവുകയില്ല. എത്രയെത്ര വിഷയങ്ങളാണ് ഭാഷ യിൽ പ്രതിപാദിക്കുന്നത്. ഉദാ: ശാസ്ത്രം, സാഹിത്യം, ഗണിതം, എന്നിങ്ങനെ ഒട്ടേറെ ആവാന്തര വിഭാഗങ്ങളുമുണ്ട് ഓരോന്നിനും. ആയതിനാൽ ഇത്തരം മേഖലകളിൽ അറിവും പ്രാവീണ്യവും നേടേണ്ടത് വിവർത്തകന് അത്യാവശ്യമാണ്.

* ഒരുത്തമ വിവർത്തകനു വേണ്ട സമാന്യ ഗുണം പ്രത്യുത്പന്ന മതിത്വമാണ്. സന്ദർഭമനുസരിച്ച് കാര്യം ഗ്രഹിക്കാനും അതിനുപറ്റിയ രീതിയിൽ വിവർത്തനം നടത്താനും കഴിയണം. ഈ പ്രത്യല്പന്നമതിത്വം പെട്ടെന്നു കിട്ടുകയില്ല. അതിനും പിന്നിൽ നീണ്ട സാധനയും അനുഭവവും വേണം. വളരെ ഗഹനവും വ്യാപകവുമായ വായനയിൽനിന്നാണ് പദസമ്പത്ത് കൈവരുന്നത്. തുറന്ന മനസ്സും കണ്ണുമായി പുതിയ പുതിയ അറിവുകൾ കൈവരിക്കാൻ ശ്രമിക്കുന്ന വിവർത്തകന് വിജയം ലഭിക്കുന്നു.

* വിവർത്തനം ഒരു ശില്പം മെനഞ്ഞെടുക്കുന്നതുപോലെയുള്ള പ്രവൃത്തിയാണ്. അതിൽ എത്രയും പരിശ്രമിക്കാമോ അത്രയും ഭംഗിവരും അതിനാൽ അദ്ധ്വാനിക്കാൻ മടിയില്ലാത്തവർക്കും മാത്രമേ വിവർത്തനത്തിൽ വിജയിക്കാൻ പറ്റൂ.

* എല്ലാ എഴുത്തുകാർക്കും ബാധകമായ കാര്യമാണെങ്കിലും വിവർത്തകർ വിശേഷിച്ചും ശ്രദ്ധിക്കേണ്ട ഒരു കാര്യമുണ്ട്. ആകാവുന്നത്ര ശ്രദ്ധിച്ച് എല്ലാ മിനുക്കുപണികളും കഴിഞ്ഞതിനു ശേഷം മാത്രമേ 'മാറ്റർ' തന്റെ കയ്യിൽ നിന്നു വിടാവൂ. പ്രൂഫിൽ നോക്കികൊള്ളാം എന്നും വിചാരിച്ചാൽ ബുദ്ധിമോശമായിതീരാം.

### വിവർത്തനോപകരണങ്ങൾ

1. **ബൃഹത്തായ സ്രോത ഭാഷാ നിഘണ്ടു**

എത്ര അറിവുള്ള വ്യക്തിയാണെങ്കിലും എപ്പോഴും എല്ലാ പദങ്ങളുടേയും അർത്ഥമറിയണമെന്നില്ല. അർത്ഥമറിഞ്ഞാലും ലക്ഷ്യഭാഷയിലെ പര്യായം അറിയണമല്ലോ. അതിനാൽ സ്രോത ഭാഷയുടെ ബൃഹത്തായനിഘണ്ടു നിർബന്ധമായും വേണം.

2. **ദ്വി ഭാഷാ നിഘണ്ടു**

ലക്ഷ്യ ഭാഷയിലുള്ള ശരിയായ പദങ്ങൾ കണ്ടു പിടിക്കുകയാണ് ഏറ്റവും ദുർലഭം.. അതിന് അനു യോജ്യമായ ദ്വി ഭാഷാ നിഘണ്ടു തന്നെ വേണം. നല്ല ദ്വി ഭാഷാ നിഘണ്ടുവിന്റെ സഹായമില്ലാതെ നല്ല വിവർത്തനം സാധ്യമല്ല.

3. **പര്യായ വിപരീതകോശം**

പര്യായപദങ്ങൾ അറിഞ്ഞിരിക്കേണ്ടത് പ്രധാനമാണ്. പദങ്ങളുടെ പര്യായം പോലെ വിപരീത പദവും ആലോചിച്ച് കണ്ടു പിടിച്ച് എഴുതാനുള്ള സാവകാശം ലഭിക്കാറില്ല. തന്നെയുമല്ല പെട്ടെന്നുതോന്നുന്നപദം ശരിയാവുകയുമില്ല. ഇവിടെയാണ് പര്യായ-വിപരീത പദ നിഘണ്ടുവിന്റെ പ്രസക്തി.

4. **റെഫറൻസ്**

നിഘണ്ടുക്കൾ പോലെ അത്യാവശ്യമായ മറ്റൊരു റഫറൻസ്ഗ്രന്ഥവും ലക്ഷ്യഭാഷയിൽ ഉണ്ടായിരിക്കണം. ഭാരതീയ ഭാഷകളിൽ അധികം ഇല്ലാത്ത റെഫറൻസാണ് ഉദ്ദേശ്യം. ഒരു കേന്ദ്രീകൃത ആശയത്തിന്റെ വിവിധ രൂപങ്ങൾ പ്രകടമാകുന്ന പദങ്ങളുടെ സംഗ്രഹം. ഒരു പദത്തിന്റെ കീഴിൽ നൽകുകയാണിതിന്റെ രീതി. അങ്ങനെ കിട്ടുന്ന പദങ്ങളിൽ നിന്നേ യോജിച്ചത് തിരഞ്ഞെടുത്ത് പ്രയോഗിക്കാൻ കഴിയും.

ഉദാ: സ്നേഹം.

വാത്സല്യം, പ്രണയം, പ്രേമം, അനുരാഗം, ചങ്ങാത്തം, സഖ്യം, ഇഷ്ടം, മമത, ബന്ധം, താത്പരര്യം. എന്നീ അർത്ഥങ്ങളിൽ സാന്ദർഭികമായി യോജിച്ച പദം തിരഞ്ഞെടുക്കാൻ 'ഥെസാറസ്' ഉപകരിക്കും.

5. **ഉച്ചാരണ നിഘണ്ടു**

സ്രോതഭാഷയിലെ പദങ്ങൾ വിശിഷ്യ അതിലെ വിദേശീയ പദങ്ങൾ ഉച്ചരിക്കുന്ന രീതി മനസിലാക്കാൻ ഉച്ചാരണ നിഘണ്ടുവും വിവർത്തകനെ സഹായിക്കും. സ്രോതഭാഷയിൽ കൂടുതൽ വൈദഗ്ധ്യവും ലക്ഷ്യ ഭാഷയിൽ വൈദഗ്ധ്യം കുറവുമായ വിവർത്തകന് ലക്ഷ്യഭാഷാ നിഘണ്ടുക്കളും ലക്ഷ്യാഭാഷാ വ്യാകരണവും എപ്പോഴും റഫറൻസിന് ലഭ്യമായിരിക്കണം.

6. **അപ ശബ്ദബോധിനി**

വിവർത്തന വേളയിൽ വിവർത്തകർ അറിയാതെ വരുന്ന ചില തെറ്റുകളുണ്ട്. സ്രോത ഭാഷയിൽ മനസ്സ് കൂടുതൽ വ്യാപരിക്കുന്നതിനാൽ അതിന്റെ സ്വാധീനം കാരണം ലക്ഷ്യ ഭാഷയിൽ അപ ശബ്ദങ്ങൾ പ്രയോഗിക്കാൻ സാധ്യതകൂടും. അപശബ്ദബോധിനി ഈ അവസരത്തിൽ പ്രയോഗിക്കാവുന്നതാണ്.

7. **പ്രാദേശിക ശബ്ദബോധിനി**

ഓരോ ചെടിക്കും, ഓരോ പ്രാണിക്കും കേരളത്തിലെ വിവിധ ഭാഗങ്ങളിൽ വിവിധ പേരുകളാണല്ലോ. ഇവയിലേതാണ് വേണ്ടെതെന്ന് ആലോചിച്ച് തീരുമാനിക്കണം. ഉദാ; Yes എന്ന പദം വിവർത്തനം ചെയ്യുമ്പോൾ-ഉവ്വ്, അതേ, ശരി, ആട്ടെ, ഓ, എന്നിവയാണ് അർത്ഥം എങ്കിൽഓരോ ദേശത്തിനും അനുയോജേയമായത് ഏതെന്ന് കണ്ടെത്താൻ പ്രാദേശിക ശബ്ദബോധിനി ഉപകാരമാണ്.

**പാശ്ചാത്യ വിവർത്തന സിദ്ധാന്തങ്ങൾ**

വിവർത്തനം പൗരസ്ത്യദേശങ്ങളിലും പാശ്ചാത്യ ദേശങ്ങളിലും സാധാരണമായിരുന്നു ആദ്യമായി വിവർത്തന സിദ്ധാന്തം ആവിഷ്കരിച്ച പാശ്ചാത്യ പണ്ഡിതൻ ഫ്രാൻസിലെ ഏറ്റിയെൻ ഡോലെറ്റ് (Etienne Dolet 1509 1546). ആണെന്നു പറയപ്പെടുന്നു. 1540 ലാണ് അദ്ദേഹം തന്റെ സിദ്ധാന്തങ്ങൾ കുറിച്ചത്. ആ സിദ്ധാന്തങ്ങള ഡോലെറ്റിൻ പഞ്ചതത്വങ്ങൾഎന്നും വിളിക്കാം.

1. വിവർത്തകൻ താൻ വിവർത്തനം ചെയ്യുന്ന കൃതിയുടെ ഉള്ളടക്കവും മൂലലേഖകന്റെ ഉദ്ദേശ്യവും ഭംഗിയായി ഗ്രഹിച്ചിരിക്കണം.
2. വിവർത്തകന് സ്രോതഭാഷയിൽ പൂർണ്ണമായ അവഗാഹംഉണ്ടായിരിക്കണം അത്രയും തന്നെ അവഗാഹം ലക്ഷ്യ ഭാഷയിലും വേണം.
3. പദത്തിനു പദം എന്ന ക്രമത്തിൽ വിവർത്തനം ചെയ്യാനുള്ള പ്രവണത ഒഴിവാക്കണം. കാരണം അങ്ങനെ ചെയ്യുന്നതുകൊണ്ട് മൂലകൃതിയുടെ അർത്ഥത്തിലും കോട്ടം തട്ടുകയും അതിലെ അവതരണ ഭംഗി നഷ്ടപ്പെടുകയും ചെയ്യും.

4. വിവർത്തനത്തിന് ഉപയോഗിക്കുന്ന ഭാഷ സാധാരണപ്രചാരത്തിലുള്ളതായിരിക്കണം.

5. ഉചിതമായ പദങ്ങളും സമുചിതമായ പദവ്യന്യാസവും കൊണ്ട് വിവർത്തകൻ തന്റെ വിവർത്തനത്തിൽ ഉചിതമായ സ്വര വിന്യാസത്തോടുകൂടിയ മൊത്തത്തിലുള്ള ഫല പ്രിതീതി ഉണ്ടാക്കണം.

## II ഡ്രൈഡൻ (1680)

വിഖ്യാത കവിയും നിരൂപകനുമായ ഡ്രൈഡൻ പതിനേഴാം ശതകത്തിൽ വിവർത്തനത്തിന്റെ മൂന്നു ശൈലികളെ പറ്റി വിവരിച്ചിരിക്കുന്നു.

1. മെറ്റാഫ്രേസ് (പദവിവർത്തനം) പദത്തിനു പദവും, വരിക്കു വരിയുമായി വിവർത്തനം ചെയ്യുന്ന രീതി.

2. പാരാഫ്രേസ് (പരാവർത്തനം) ഈ വിവർത്തനത്തിൽ മൂല ലേഖകന്റെ രചനയെ വളരെ അവധാനതയോടെ മുന്നിൽ കാണുകയും, അതിലെ പദങ്ങൾ അർത്ഥത്തെ കൂടുതൽ അനുഗമിക്കാൻ ശ്രമിക്കുകയും ചെയ്യുന്നു.

3. ഇമിറ്റേഷൻ (അനുകരണം) ഈ വിവർത്തനത്തിൽ മൂല കൃതിയിലെ പദങ്ങളോടും അർത്ഥത്തോടും സ്വാതന്ത്ര്യം കാണിക്കുന്നതിനുപുറമേ മൂലകൃതിയുടെ അന്തർഗതം ആവശ്യപ്പെടുന്നതായിതോന്നിയാൽ മൂലകൃതിയിലെ ചില പദങ്ങളും അർത്ഥങ്ങളും വിട്ടുകളയാനുംകൂടി വിവർത്തകന് അനുവാദമുണ്ട്.

## III ടൈറ്റ്ലറുടെ തത്വത്രയം

സ്കോട്ടുലൻഡുകാരനായ അലക്സാണ്ടർഫേസർ ടൈറ്റ്ലർ (1790) പതിനെട്ടാം നൂറ്റാണ്ടിലെ വിവർത്തന പണ്ഡിതനായിരുന്നു.

1. വിവർത്തനം മൂലകൃതിയിലെ ആശയം സമ്പൂർണ്ണമായും അവതരിപ്പിക്കുന്നതായിരിക്കണം.

2. വിവർത്തനത്തിലെ ലേഖന രീതിയും ശൈലിയും മൂല കൃതിയിലെ ലേഖന രീതിയും ശൈലിയും തന്നെയായിരിക്കണം.

3. മൂലകൃതിയിലെ ലാളിത്യം മുഴുവനും വിവർത്തനത്തിലും ഉണ്ടായിരിക്കണം.

മൂലകൃതിയോടു സ്വാതന്ത്ര്യം കാണിക്കുന്ന വിവർത്തകർക്ക് കടിഞ്ഞാണിടുകയാണ് ടൈറ്റ്ലറുടെ ഉദ്ദേശ്യം.

## തുല്യതാ സിദ്ധാന്തങ്ങൾ (Principles of Correpondance)

ഏതു രണ്ടു ഭാഷ പരിശോധിച്ചാലും അവ പ്രതീകങ്ങളുടെ അർത്ഥ കല്പനയിലോ, പദബന്ധങ്ങളായോ വാക്യങ്ങളായോ ക്രമപ്പെടുത്തുന്ന രീതിയിലോ, ഒരിക്കലും അഭിന്നങ്ങളല്ലെന്ന് സ്പഷ്ടമാകും. അഭിന്നങ്ങളായ പദങ്ങൾ ഇല്ലാതെ വരുമ്പോൾ വിവർത്തകന് ഏറ്റവും തുല്യമായ പദം കണ്ടു പിടിക്കേണ്ടിവരും. അടിസ്ഥാനപരമായി തുല്യത രണ്ടുതരത്തിലാണുള്ളത്.

## രൂപ തുല്യത Formal Equivalence

മൂലഭാഷയിസലെ പദവാക്യചന്ദോലങ്കാരങ്ങളെല്ലാം ആവുന്നത്ര നിലനിർത്തിക്കൊണ്ട് നിർവ്വഹിക്കുന്ന വിവർത്തനമാണിത്. വാക്കിനു വാക്ക്, വാക്യത്തിനുവാക്യം, എന്ന മട്ടിലുള്ള തർജമ. മൂല കൃതിയോട് പരമാവധി വിശ്വസ്തത പുലർത്താനുള്ള ശ്രമമാണിവിടെയുള്ളത്. ചിലപ്പോൾ ചില വിവർത്തനങ്ങൾ അടിക്കുറിപ്പുകൾ നൽകികൊണ്ട് വിശദീകരിക്കേണ്ടതായും വരും.

## Eg. Great one another with a holy kiss

എന്നൊരു വാക്യമുണ്ട്. വിശുദ്ധ ചുംബനത്താൽ അന്യോന്യം വന്ദനം പറയുവിൻ എന്ന ബൈബിൾ വാക്യം. ബൈബിൾപുതിയ നിയമത്തിൽ മി. പൗലോസ് റോമാക്കാർക്ക്എഴുതിയ ലേഖനത്തിലുള്ളതാണ് ഇത്. പുതിയ നിയമകാലത്ത് നടപ്പിലുണ്ടായിരുന്ന ഒരുഅഭിവാദന രീതിയായിരുന്ന ഇത്; എന്ന് അടിക്കുറിപ്പു നൽകി വിശദീകരിക്കേണ്ടിവരും.

**ചലനാത്മക തുല്യത**

ലക്ഷ്യ ഭാഷയുടെ സംസ്കാരത്തിനിണങ്ങുന്ന വിധത്തിൽ തികഞ്ഞ സ്വാഭാവികതയോടെ നിർവ്വഹിക്കപ്പെടുന്ന വിവർത്തനമാണിത്. സ്വീകർത്താവ് സ്രോത ഭാഷയുടെ സാംസ്കാരിക സവിശേഷതകൾ അറിയണമെന്നോ ഉൾക്കൊള്ളണമെന്നോ ഉള്ള നിർബന്ധബുദ്ധി ഇവിടെയില്ല. നേരത്തെ പറഞ്ഞ ഉദാഹരണം വെച്ചുതന്നെ നോക്കാം.

Eg. Great one another with a holy kiss

എന്ന ബൈബിൾ വാക്യം Living Bible version എന്ന ഗ്രന്ഥത്തിൽ shake hands warm with each other എന്നാണു പരിഭാഷപ്പെടുത്തിയിരിക്കുന്നത്.

രൂപതുല്യതയും ചലനാത്മകതുല്യതയും വിവർത്തനത്തിന്റെ രണ്ടു ഭിന്ന ധ്രുവങ്ങളാണ്. എല്ലാ വിവർത്തനങ്ങളുടേയും സ്ഥാനം ഈ രണ്ടു ദ്രുവങ്ങൾക്കിടയിലാണ്. രൂപതുല്യതാ പരിഭാഷ എന്നതുകൊണ്ട് പദാനുപദ പരിഭാഷ. എന്നാണ് അർത്ഥമാക്കുന്നത്.

വാക്യാർത്ഥം മാത്രം പ്രസ്ക്തമായ സർക്കാർ ഉത്തരവുകൾ, ഭാവനാവ്യാപാരത്തിന്റെ നേരിയ സ്പർശം പോലുമില്ലാത്ത ശാസ്ത്ര ലേഖനങ്ങൾ സാങ്കേതിക വിവരങ്ങൾ, ഉടമ്പടികൾ തുടങ്ങിയവയ്ക്ക് പദാനുപദ വിവർത്തനം യോജിക്കും. എന്നാൽമൂല കൃതിയുടെ രൂപപരമായ കടുംപിടുത്തങ്ങളിൽ നിന്ന് ഒട്ടൊക്കെ വ്യക്തമായതും, ഉള്ളടക്കത്തിന്റെ പ്രാധാന്യം കൊടുത്തു കൊണ്ടുള്ളതുമായ സ്വതന്ത്ര പരിഭാഷകളാണ് ചലനനാത്മക തുല്യത പുലർത്തുന്നത്.

പരിഭാഷയിൽഎടുക്കുന്ന സ്വാതന്ത്ര്യത്തിന്റെ അളവനുസരിച്ച് ചലനാത്മകത തുല്യതയ്ക്ക് രണ്ടു വിഭാഗങ്ങൾ കൽപ്പിക്കാം.

കേസരി ബാലകൃഷ്ണപിള്ള ഇവയ്ക്ക് സ്വാതന്ത്ര്യം, എന്നും തത്വാനുരൂപം എന്നും പേരിടുന്നു. പ്രൊഫ എസ്. ഗുപ്തൻ നായർ നിർദ്ദേശിക്കുന്ന ഏകദേശ തർജ്ജമ (Freetranslation) പുനഃസൃഷ്ടി (re-creation) എന്നീ നാമകരണങ്ങളാൽ അറിയപ്പെടുന്നതും ഇതുന്നെ.



# UNIT-4
## പരിഭാഷയും സംസ്കാരവും

വിവർത്തകൻ യഥാർത്ഥത്തിൽ ഗൗരവബുദ്ധ്യാ സ്രോതഭാഷയിലെ സംസ്കാരത്തിന്റെരൂപം ലക്ഷ്യ ഭാഷയെന്ന മാധ്യത്തിലൂടെ ചിത്രീകരിക്കുകയാണ് ചെയ്യുന്നത്. സമർത്ഥനായവിവർത്തകൻ ഇത് അനായാസേന ചെയ്യുന്നുവെന്നൊക്കെ പറഞ്ഞാലും യഥാർത്ഥത്തിൽ ഒരു ഭാഷയിലെ തനതു സംസ്കാരം പല പ്രത്യേകതകൾ ഉൾക്കൊള്ളുന്നതിനാൽ അതിനെ മറ്റൊരു ഭാഷയിൽ യഥാതഥമായി അവതരിപ്പിക്കാൻ വിഷമമാണ്.

സംസ്കാരം എന്നപദം പല മണ്ഡലങ്ങളിലും അർത്ഥഭേദങ്ങളിലും പ്രയോഗിക്കുന്നു. പക്ഷേ പരിഭാഷയിൽ സംസ്കാരത്തിനുള്ള സ്ഥാനത്തെപറ്റി ഗഹനമായി ചിന്തിച്ച ഇൻഡോർ പിഞ്ചക് (Indore pinchuk) എന്നു പണ്ഡിതൻ സയന്റിഫിക് ആന്റ് ടെക്കിനിക്കൽ ട്രാൻസ്ലേഷൻ എന്ന കൃതിയിൽ സംസ്കാരത്തെ വിസ്തരിച്ച് അപഗ്രഥിച്ചിട്ടുണ്ട്. സംസ്കാരം എന്ന ശീർഷകത്തിൽ ഉൾപ്പെടുത്താവുന്ന വിഷയങ്ങളെ അഞ്ചു വിധങ്ങളായിതിരിക്കാം.

1. പരിസരവിജ്ഞാനം (Ecology)
2. സാമൂഹ്യബന്ധങ്ങൾ (Social Relations)
3. സാങ്കേതിക വിദ്യ (Technology)
4. വിശ്വാസങ്ങളും മൂല്യങ്ങളും (Beliefs and values)
5. ഭാഷയും കലയും (Language and art)

ഇവയെല്ലാം ചേർന്നാണ് ഒരു ഭാഷ സംസാരിക്കുന്ന ജനതയുടെ സംസ്കാരം രൂപപ്പെടുത്തുന്നത്. ഓരോ ഭാഷയ്ക്കും തനതു സംസ്കാരമുണ്ട്. തനതു സംസ്കാരത്തിന്റെ പ്രതീകങ്ങളായ പദങ്ങൾ വിവർത്ത നത്തിന് വഴങ്ങാറില്ല.

**പരിസരവിജ്ഞാനം**

ഭൗതിക പരിസരമാണ് ഇതിലെ പ്രധാന ഘടകം, കേരളത്തിന്റെ സവിശേഷതകളായ കായൽ, മല യോരം, തോട്, കടൽ, പുഞ്ചപ്പാടം,കൈത്തോട് തുടങ്ങിയവ പുരയിടം, പടിപ്പുര, പൂമുഖം, തുടങ്ങിയവ വീടിന്റെ ഭാഗങ്ങൾ, ഞാറ്റുവേല, കോൾ ഇടവപ്പാതി, തുടങ്ങിയ പ്രകൃതി പ്രതിഭാസങ്ങൾ ഇവയൊക്കെ തനി കേരളീയമാണ്.

**സാമൂഹ്യ ബന്ധങ്ങൾ**

ഈ ശീർഷകത്തിൽകീഴിൽ പല വിഷയങ്ങൾ വരും. സ്ഥാപനങ്ങൾ, തറ, കൂട്ടം, യോഗം തുടങ്ങി പ ലതുമുണ്ട്. ജാതി തിരിച്ച് ഗൃഹങ്ങൾക്കുപോലും പേരു മാറുന്നു. മന ഇല്ലം മഠം തുടങ്ങിയവ ബ്രാഹ്മണ ഗൃഹ ങ്ങളേയും, കാവ് അമ്പലത്തേയും കുറിക്കുന്നു.

സമൂഹത്തിലെ ഉച്ച നീചത്വം ഭാഷയിൽ പ്രതിഫലിക്കുന്നു. ജാതിയിൽ അധിഷ്ഠിതമായതും ഭൂവുട മസ്ഥതയെആശ്രയിച്ചുമാണ് ഈ ഉച്ചനീചത്വങ്ങൾ. തമ്പുരാൻ, തിരുമേനി, ജന്മി, കുടിയാൻ പാട്ടക്കാരൻ അടിയൻ, ഉടമ തുടങ്ങിയ പദങ്ങൾ ഈ വ്യവസ്ഥിതിയുടെ സംഭാവനകളാണ്. ഇവയുടെ സാംഗത്യം സന്ദർഭാ നുസൃതമാണ്.

**സാങ്കേതിക വിദ്യ**

ആധുനിക സാങ്കേതികവിദ്യയെ സംബന്ധിച്ചിടത്തോളം ഹിന്ദിയും മലയാളവും ഒരു പോലെ പാശ്ചാ ത്യപദാവലിയെ ആശ്രയിക്കുന്നു. പാശ്ചാത്യ പദം ഭാഷാ ലിപിയിൽ എഴുതുമ്പോൾ രണ്ടു ഭാഷക്കാരും അൽപ്പാൽപ്പം ഭിന്ന രൂപത്തിൽ എഴുതുന്നവെന്ന അന്തരമുണ്ട്.

പാശ്ചാത്യവിദ്യയിലെ തർജമയുമായി ഭാഷാ പണ്ഡിതൻമാർ സ്വന്തം സാങ്കേതിക പദങ്ങൾ നിർമിച്ചിട്ടുണ്ട്. ഇവ മിക്കവാറും സംസ്കൃത പ്രഭാവങ്ങളാണ്. എങ്കിലും തൽസമപദങ്ങൾ ഉൾക്കൊള്ളുമ്പോൾ അവരവരുടെ യുക്തിക്കനുരിച്ച് അംശപദങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നു.

Eg: ടെക്നോളജി- സാങ്കേതിക വിദ്യ പരമ്പരാഗതമായ സാങ്കതിക വിദ്യപരമ്പരാഗതമായ എത്രയോ സംജ്ഞകൾ മലയാളത്തിൽ ഉണ്ട്. കൃഷിയെ സംബന്ധിച്ചുള്ള പദങ്ങൾക്ക് കണക്കില്ല. മഞ്ചാടി, നെല്ലിക്ക, പണമിട കഴഞ്ച്, ഫലം തുടങ്ങിയവ. ഇവയൊക്കെ ലുപ്തപ്രചാരമായെങ്കിലും എപ്പോഴെങ്കിലും വിവർത്തകന്റെ മുമ്പിൽ വന്നുപെടാതിരിക്കില്ല.

ഈശ്വര വിശ്വാസവും മതാചാരങ്ങളിലുള്ള വിശ്വാസവും ഭാരതീയരുടെ പൊതുവായ പ്രത്യേകതയാണ്. എങ്കിലും അവയുടെ ബാഹ്യ രൂപത്തിൽ ഓരോ ഭാഷക്കാർക്കിടയിലും വ്യത്യാസം കാണുന്നു.

a. ചാത്തൻ, മാടൻ, യക്ഷി, മറുത, ക്ഷുദ്ര ദൈവങ്ങൾ

b. കഥകളി, കോലം, പടയണി, കൂത്ത്, തെയ്യം, കെട്ടു കാഴ്ച തുടങ്ങിയ ക്ഷേത്രകലകൾ.

c. ചെണ്ട, തിമില, ഇടയ്ക്ക, കൊമ്പ്, ചേങ്കില, തുടങ്ങിയ ക്ഷേത്രവാദ്യങ്ങൾ.

ഇവയെല്ലാം തനി കേരളീമായതിനാൽ വിവർത്തനത്തിൽ ലിപ്യന്തരണമല്ലാതെ മറ്റുമാർഗ്ഗവുമില്ല.

പഴഞ്ചൊല്ലുകളിലൂടെ പ്രചരിച്ചുവരുന്ന വ്യത്യാസങ്ങൾ പഴയ പാരമ്പര്യത്തിന്റെ ചിഹ്നങ്ങളാണ്. അതുപോലെ പടിയടച്ചു പിണ്ഡം വെക്കുക, ഓഛാനിച്ചു നിൽക്കുക ഏറാൻ മൂളുക തുടങ്ങിയ പ്രയോഗങ്ങൾ സമൂഹത്തിലെ ചില പഴയ മൂല്യങ്ങളെയാണ് ഓർമിപ്പിക്കുന്നത്. ഇന്നവ മാറിയിരിക്കുന്നുവെങ്കിലും പഴയകാര്യങ്ങൾ എഴുതുമ്പോഴോ പഴയ കൃതികൾ വിവർത്തനം ചെയ്യുമ്പോഴോ അവക്കുള്ള പ്രാധാന്യം അവഗണിക്കാവുന്നതല്ല.

**ഭാഷയുംകലയും**

മലയാളം കേരളമെന്ന ചെറിയ സംസ്ഥാനത്തെ ഭാഷയാണെങ്കിലും ഭാഷാഭേദങ്ങളേറെയുണ്ട്. പ്രദേശാധിഷ്ഠിതവും ജാത്യാധിഷ്ഠിതവും തൊഴിലധിഷ്ഠതവുമൊക്കെയായിപല മലയാളഭേദങ്ങളുമുണ്ട്. പ്രാദേശികഭേദങ്ങൾ പരിഭാഷപെപടുത്തുവാൻ ലക്ഷ്യഭാഷയിലെ ഏതെങ്കിലും ഒരു ഭാഗത്തെ ഡയലക്ട് ഉപയോഗിക്കുന്നതിന് പ്രത്യേകയുക്തി കണ്ടു പിടിക്കേണ്ടി വരും. അല്ലെങ്കിൽ അശിക്ഷിതരായ ആളുകൾ സാധാരണ സംസാരിക്കുന്ന ശൈലിയിൽ തർജ്ജമ നിർവഹിച്ച് സ്വയം തൃപ്തിനേടേണ്ടിവരും.

സംസ്കാരത്തിന്റെ വിവിധ ഘടകങ്ങളിലുള്ള പദങ്ങൾ വിവർത്തനം ചെയ്യപ്പെടാവുന്നതല്ലെന്ന നിഗമനത്തിൽ നാം ഏതാണ്ട് എത്തിചേർന്നിരിക്കുന്നു. പക്ഷേ ഈ നിഗമനം വിവർത്തന പ്രസ്ഥാനത്തിന് ഹാനികരമാണ്.

പ്രത്യേകം ഉദ്ദേശ്യത്തോടുകൂടി തനതു സാംസ്കാരികപദങ്ങൾ സ്രോതഭാഷയിൽ പ്രയോഗിച്ചിട്ടുണ്ടെങ്കിൽ അതില്ലാതാകുമ്പോൾ പരിഭാഷയുടെ സ്വാർത്ഥകത്വം നഷ്ടപ്പെടും. ശൈലികൾ വാച്യാർത്ഥത്തിനുപകരം ലക്ഷ്യാർത്ഥവും വ്യംഗ്യാർത്ഥവുമാണ് ധ്വനിപ്പിക്കുന്നത്. പദാനുപദ തർജ്ജമശൈലിയെ നഷ്ടപ്പെടുത്തുകയേ ഉള്ളൂ. ശാസത്ര, സാമൂഹ്യ ശാസ്ത്ര ഗ്രന്ഥങ്ങളിൽ സ്രോതഭാഷയിലെ പദങ്ങൾ അധിപ്രധാനമാണ്. ശരിയായ പരിഭാഷ പദം കിട്ടുന്നില്ലെങ്കിൽ മൂലപദം തന്നെ പരിഭാഷകളിലും പ്രയോഗിക്കണം.

ഭിന്നസംസ്കാരങ്ങളെ ബന്ധിപ്പിക്കുവാൻ മനുഷ്യൻ ഭാഷകൊണ്ട് സൃഷ്ടിക്കുന്ന പാലമാണ് വിവർത്തനം. ഇന്റർനെറ്റിന്റെ ആവിർഭാവത്തോടെ പരസ്പരാശയത്തിന്റെ വിനിമയസാധ്യത അനന്തമായി വർദ്ധിച്ചിരിക്കുന്നു. അന്തർദേശീയതലത്തിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ മെച്ചപ്പെടുത്താനും ഒരു രാജ്യത്തിന്റെ സ്വത്വ മുദ്രകൾ മറ്റുരാജ്യങ്ങൾക്കും പരിചയപ്പെടുത്താനും വിവർത്തനം സഹായകമാവുന്നു.

വ്യത്യസ്ത രാജ്യങ്ങളിലെ വായനക്കാർക്കു എഴുത്തുകാർക്കും നിരൂപകർക്കും പരസ്പരം ബന്ധപ്പെടാൻ വിവർത്തനം സഹായിക്കുന്നു. ശാസ്ത്രം, തത്വചിന്ത, രാഷ്ട്രതന്ത്രം തുടങ്ങിയ മേഖലകളിലേക്കും വിവർത്തനത്തിന് അപാരമായ സാധ്യതകളാണുള്ളത്. അന്യ സംസ്കാരത്തെ സ്വാംശീകരിച്ചുകൊണ്ട് അതിന്റെ ആധിപത്യത്തെ ചെറുക്കാൻ വിവർത്തനം സഹായിക്കുന്നു.

ഭാരതത്തെപോലെ ഭിന്ന ഭാഷകൾ സംസാരിക്കുന്ന ഒരു രാജ്യത്ത് ആളുകൾക്ക് പരസ്പരം ഇടപഴകാൻ പരിഭാഷയല്ലാതെ വേറെ വഴിയില്ല. ഭാരതത്തിന്റെ പ്രാചീന മഹത്വത്തെ ഇന്നും ലോകം ആദരിക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണം നമ്മുടെ പുരാതന ഗ്രന്ഥങ്ങളുടെ പരിഭാഷകളാണ്.

വിവർത്തനത്തിന്റെചരിത്രം വളരെ ദീർഘമാണെങ്കിലും 1950 കളിൽ മാത്രമാണ് ഒരു തൊഴിൽ എന്ന നിലയിൽ വിവർത്തനം അംഗീകരിക്കപ്പെടുന്നത്. International Federation of translators എന്ന സംഘടനയുടെ സ്ഥാപനത്തോടെയാണ് വിവർത്തന സംരംഭങ്ങൾ സജീവമായത്. ഇതോടെ സാഹിത്യത്തിൽനിന്നും സാഹിത്യേതര വിഷയങ്ങളിലേകേകും വിവർത്തനത്തിന്റെ മേഖല മാറ്റപ്പെട്ടു. ആധുനികകാലത്ത് ഒരു സ്വതന്ത്ര മേഖലയെന്ന നിലയിൽ വിവിധ സംസ്കാരങ്ങൾക്കിടയിൽ ഒരുപാലമായും ഏകീകരണ ശക്തിയായും വർത്തിക്കാൻ വിവർത്തകനു കഴിയുന്നു. വ്യത്യസ്ത ഭാഷകളിലെഴുതപ്പെട്ട സാഹിത്യത്തിലേക്ക് അത് വാതിൽ തുറന്നിടുന്നു.

റോമൻ യാക്കോബ്സന്റെ അഭിപ്രായത്തിൽ “ഒരുഭാഷയുടെ വാങ്മയ ചിഹ്നങ്ങൾ കൊണ്ടു നൽകുന്ന വ്യാഖ്യാനമാണ് വിവർത്തനം”. ചുരുക്കത്തിൽ വിവർത്തകൻ ഭാഷകളെയല്ല, സംസ്കാരത്തെയാണ് വിവർത്തനം ചെയ്യുന്നത്.

ഒരു ഭാഷയിൽ നിന്നു മറ്റൊരു ഭാഷയിലെക്കുള്ള വിവർത്തനം അനായാസമോ വിഷമകരമോ ആകുന്നത് സംസ്കാരങ്ങൾ തമ്മിലുള്ള വ്യത്യാസംകൊണ്ട്.

**പരിഭാഷയുടെ പരിമിതികൾ**

വിവർത്തനത്തിന്റെ ലക്ഷണം പറയുന്ന സ്ഥലത്തെല്ലാം ഒരു ഭാഷയിലെ സാമഗ്രി മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നകാര്യം പറയാറുണ്ട്. നൂറുശതമാനം വിവർത്തനമെന്ന സങ്കല്പം സങ്കൽപം മാത്രമായിട്ടേ ഇരിക്കാറുള്ളൂ. പ്രയോഗത്തിൽ ഇതു മിക്കവാറും അസാധ്യമാണ്. വിവർത്തന പ്രക്രിയക്ക് അതിന്റേതായ പരിമിതകളുണ്ട്. ജെ.സി. ക്യാറ്റ് ഫോർഡ് വിവർത്തന പരിമിതികളെ ഭാഷികമെന്നും സാംസ്കാരിക്കമന്നും തരു തിരിക്കുന്നു. അന്തിമമായി രണ്ടും ഒരേ തരത്തിലാണ് വിവർത്തകനെ അഭിമുഖീകരിക്കുന്നത്. വിവർത്തനത്തിൽ സ്രോതഭാഷയിലെ പദങ്ങളുടെ ഉച്ചാരണം അതേ പോലെ ചില ലക്ഷ്യഭാഷകളിൽ പ്രദർശിപ്പിക്കുവാൻ സാധിക്കാതെ വരുന്നു. സംസ്കൃത ഭാഷാ പദങ്ങൾ തമിഴിൽ എഴുതുമ്പോൾ ഉണ്ടാകുന്ന പരിമിതി ഇതിന് ഉദാഹരണമാണ്. സംസ്കൃതത്തിലെ സുഗ്രീവൻ തമിഴിൽ ചുക്രീവൻ ആണ്.

ഭാഷയുടെ വ്യാകരണത്തെ സംബന്ധിച്ച് നോക്കുമ്പോൾ മൂലഭാഷയിലെ രൂപങ്ങൾ അതേപോലെ ലക്ഷ്യഭാഷയിൽ പ്രയോഗിക്കാൻ സാധിക്കാതെ വരുന്നതും ഒരു പരിമിതി തന്നെയാണ്. സ്രോതഭാഷയിൽ ശബ്ദാശ്ലേഷം കൊണ്ട് രണ്ടർത്ഥം വരാമെങ്കിലും അതു ലക്ഷ്യഭാഷയിൽ വരുത്താൻ സാധിക്കില്ല. സാംസ്കാരിക പരിമിതിയും ഭാഷാ പരിമിതിയെക്കാൾ കൂടുതൽ പ്രകടമായി വിവർത്തകനെ ബുദ്ധിമുട്ടിക്കുന്നു. ചിലപ്പോൾ ഒരു ഭാഷയിലെ നല്ല പ്രയോഗം മറ്റൊരു ഭാഷയിൽ അപരിചിതവും ക്ലേശവുമായിതീരാം.

നോവലിലും കഥകളിലും മറ്റും ഇത്തരം പരിമിതികൾ ഉള്ള സ്ഥലത്ത് പ്രസക്തഭാഗം കഥാഘടനയ്ക്കും മറ്റും അത്യാവശ്യമുള്ളതല്ലെങ്കിൽ വിട്ടുകളയാറുണ്ട്. മലയാളത്തിൽ നിന്ന ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുന്ന നോവലിൽ ഒരു കേരളീയ വിവാഹസദ്യയുടെ വിസ്തരിച്ച വർണ്ണനയുടെ വിവർത്തനം വേണമെങ്കിൽ ഒഴിവാക്കണം.

**ഒരു നല്ല വിവർത്തകന് ഉണ്ടായിരിക്കേണ്ട യോഗ്യതകൾ**

1. വിഷയഗ്രാഹ്യത
2. മൂലഭാഷയുടേയും ലക്ഷ്യഭാഷയുടേയും ഘടനയിലുള്ള അവഗാഹം.
3. മൂലഭാഷയിലെ ഉള്ളടക്കത്തെ ഹൃദ്യമായ ശൈലിയിൽ അർത്ഥശങ്കയ്ക്കിടം കൊടുക്കാതെ ചിട്ടയായി ലക്ഷ്യഭാഷയിൽ അവതരിപ്പിക്കാനുള്ള പ്രതിഭ.
4. അനുവാചകനുമായി വ്യക്തിപരമായ ബന്ധം സ്ഥാപിച്ച് ഹൃദയസംവാദം നടത്തുവാറുള്ള കഴിവ്.

**ലിപ്യന്തരണം (Trans literation)**

ഒരു ഭാഷ മറ്റൊരു ഭാഷയുടെ ലിപിയിൽ എഴുതുന്ന പ്രക്രിയയാണ് ലിപ്പ്യന്തരണം.

eg: How old are you എന്നതിനെ ഹൗ ഓൾഡ് ആർ യൂ. എന്ന മലയാളം ലിപിയിൽ ആക്കുന്നത് ലിപ്യന്തരണമാണ്. ലിപ്യന്തരണത്തിൽ ലിപി മാത്രമേ മാറുന്നുള്ളൂ ഭാഷ മാറുന്നില്ല.

# UNIT-5
# വിവർത്തനവും സാങ്കേതികവിദ്യയും

**യന്ത്ര തർജമ**

കമ്പ്യൂട്ടർ ഭാഷാശാസ്ത്രം എന്ന നൂതന വിജ്ഞാനശാഖയുടെ നാനാമുഖമായ വികാസം അടിസ്ഥാനപരമായി പറഞ്ഞാൽ യന്ത്ര തർജമയുടെ വിവിധമുഖങ്ങളെ സ്പർശിക്കുന്ന ഗവേഷണ പഠനങ്ങളെ ആസ്പദമാക്കിയാണ് ഉണ്ടാക്കിയിട്ടുള്ളത്. 1940 കൾക്കു മുൻപ്, സ്വയം പ്രേരിത ഗണനത്തിന് ആവശ്യമായ സുപ്രധാന ഘടകങ്ങൾ കണ്ടെത്തിക്കഴിഞ്ഞിരുന്നില്ല. എങ്കിലും, പരിഭാഷാ രംഗത്ത് പതിവായി കണ്ടുമുട്ടാറുള്ള പല പ്രശ്നങ്ങളുടെയും പരിഹാരം യന്ത്ര സഹായത്തോടുകൂടി സാധിക്കാവുന്നതേയുള്ളു എന്ന് ആദ്യമായി ചൂണ്ടി കാണിച്ചത് 1933 ൽ സ്മിർനോവ് ട്രോജൻസ്കി എന്ന റഷ്യക്കാരനാണ്. എന്നാൽ ആദ്യമൊന്നും ജനസമ്മിതി ലഭിക്കാതിരുന്ന ഈ ആശയത്തിന് ഒന്നാം തലമുറയിൽപ്പെട്ട കമ്പ്യൂട്ടറുകൾ നടപ്പിൽ വന്നതിനു ശേഷം 1946 ൽ ഒരുയിർത്തെഴുന്നേൽപ്പുണ്ടായി. എ.ഡി. ബൂത്തും വാറൻ വീവറുമാണ് യന്ത്രതർജ്ജമയെ ക്കുറിച്ചുള്ള ആ ചർച്ചകളിൽ സജീവമായി പങ്കുകൊണ്ടിരുന്നത്. 1949 ൽ യന്ത്ര തർജ്ജമകളുടെ സാധ്യതയും അഭിലഷണീയതകളും ചൂണ്ടി കാണിച്ചുകൊണ്ട് വിവിധ രാജ്യങ്ങളിലെ വിദഗ്ദർക്ക് 'വീവർ' അയച്ച മെമ്മോറാണ്ടം യന്ത്ര തർജമയുടെ ചരിത്രത്തിൽ നിർണ്ണായകമായ ഒരു വഴിത്തിരിവായിരുന്നു. 1958 ആയപ്പോഴേക്കും അമേരിക്കയിൽ മാത്രം ഉദ്ദേശം 20 വിഭിന്ന സംഘങ്ങൾ യന്ത്രതർജമയെക്കുറിച്ച് താന്താങ്ങളുടേതായ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിൽ ബദ്ധശ്രദ്ധരായി കഴിഞ്ഞിരുന്നു. റഷ്യ, ഇംഗ്ലണ്ട് തുടങ്ങി യന്ത്രവത്കൃത പരിഷ്ക്കാരം മുന്നിട്ടു നിന്ന മറ്റു രാജ്യങ്ങളിലേയും ഗവേഷകർ ഈ രംഗത്തേക്ക് തിക്കി തിരക്കി കയറിവന്നു.

ഇതൊക്കെയാണെങ്കിലും ആ പതിറ്റാണ്ടിൽ യന്ത്ര തർജമയ്ക്ക് കാര്യ മാത്രമായ വികാസമൊന്നും ഉണ്ടായില്ല. 1957 ൽ ചോംസ്കിയുടെ വാക്യ സംരചനകൾ (Syntactic structures) എന്ന ഗ്രന്ഥം പ്രസിദ്ധികൃതമാകുന്നതുവരെ യന്ത്ര തർജമയുടെ വികാസം ഏതാണ്ട് സുഷ്മനാവസ്ഥയിലായിരുന്നു.

**നാലു ഘട്ടങ്ങൾ**

ചുവടെ കാണിക്കുന്ന പ്രകാരം നാലു ഘട്ടങ്ങൾ യന്ത്ര തർജ്ജമയുടെ അനുപേക്ഷണീയ ഘടകങ്ങളാണ്.




പ്രസക്തമായ ഓരോ സ്രോതപാഠാംശവും സ്രോത ഭാഷയിൽ അംഗീകൃതമായ പദസഞ്ചയത്തിൽ ഉൾപ്പെട്ടതാണോ എന്നും ആണെങ്കിൽ സംശയ ലേശം കൂടാതെ ഏതു ഭാഷണത്തിന്റെ പ്രതിനിധിയെന്നും തീരുമാനിക്കുക. അതായത് ഓരോ സ്രോതപാഠാംശത്തിന്റേയും അനന്യത്വ സ്ഥാപനം ഇതാണ് യന്ത്ര തർജമയുടെ ആദ്യ ഘട്ടത്തിന്റെ ലക്ഷ്യം.

**സ്രോതപാഠത്തിന്റെ സ്വഭാവം**

ശാസ്ത്ര സാഹിത്യ കൃതികളോ അവയുടെ പ്രസക്ത ഭാഗങ്ങളോ ആണ് മിക്കപ്പോഴും യന്ത്ര തർജമക്കായി കൈക്കൊള്ളാറുള്ള സ്രോതപാഠം, യന്ത്ര തർജമയിൽ സ്രോതപാഠം മിക്കപ്പോഴും ലിഖിതരൂപത്തിലായിരിക്കും. കാരണം ഉക്ത രൂപത്തേക്കാൾ ലിഖിതരൂപം കൈകാര്യം ചെയ്യാനാണ് യന്ത്രത്തിന് കൂടുതൽ സൗകര്യം. ലിഖിത ഭാഷാരൂപം മാത്രമാണ് ഇപ്പോൾ യന്ത്ര തർജമയുടെ ഫലമായി യന്ത്രത്തിൽനിന്നു ലഭിക്കാറുള്ളത്.

**യന്ത്ര ഗ്രാഹ്യരൂപം**

സ്രോത പാഠത്തിന്റെ യന്ത്ര ഗ്രാഹ്യരൂപം മെനെഞ്ഞെടുക്കുകയാണ് യന്ത്ര തർജമയിലെ ആദ്യത്തെപടി. ഇതിപ്പോൾ ടൈപ്പു ചെയ്യുന്നതുപോലെയുള്ള ഒരു പ്രക്രിയമാത്രമാണ്. ആനുകാലികങ്ങൾ അച്ചടിക്കുന്നതിനോടൊപ്പം തന്നെ ലേഖനങ്ങളുടെ യന്ത്ര ഗ്രാഹ്യ രൂപത്തിലെ പല പ്രതികളും കൂടി നിർമ്മിക്കാനാണ് ഇപ്പോഴത്തെ പരി ശ്രമം. യന്ത്ര വത്കൃതമായ അച്ചു നിരത്തലിന്റെ സ്വാഭാവികമായ ഉപോത്പ്പന്നമാവും ഇത്തരം അംഗീകൃത പകർപ്പുകൾ.

**നിഘണ്ടു പരിശോധന**

യന്ത്ര പരിഭാഷാഗവേഷണത്തിന്റെ ആദ്യ ഘട്ടത്തിൽ സാധാരണ നിഘണ്ടുക്കൾ തന്നെ കമ്പ്യൂട്ടറിന്റെ മെമ്മറിയിൽ ശേഖരിച്ചു വെക്കുകയാണ് ആദ്യം ഉണ്ടായത്.

**സ്രോതപാഠാപഗ്രഥനം**

സ്രോതപാഠാപഗ്രഥനം എന്ന രണ്ടാം ഘട്ടത്തിൽ പ്രധാനപ്പെട്ട രണ്ടുതരം സമീപനരീതികളാണ് പരാമർശിക്കുന്നത്.

1) സ്രോതഭാഷാ വ്യാകരണവും കൂടി കമ്പ്യൂട്ടർ പ്രോഗ്രാമിൽ ഉൾക്കൊള്ളിക്കുക. അത്യന്തംശക്തവും സമർഥവുമാണ് ഈ രീതി. ഏതെങ്കിലും ഭാഷാവിജ്ഞാനിയും കമ്പ്യൂട്ടർ വിദഗ്ധനും തമ്മിലുള്ള സഹകരണം ഇവിടെ അനുപേക്ഷണീയമായിത്തീരും. കമ്പ്യൂട്ടർ പ്രോഗ്രാം അത്യധികം സങ്കീർണ്ണമാവുകയും ചെയ്യും.

2) കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ സാമാന്യ സ്വഭാവം ആവുന്നത്ര പരിരക്ഷിക്കുകയും അതിൽ ഉൾപ്പെടാതെ സ്വതന്ത്രമായി നിൽക്കുന്ന പട്ടികയുടെ രൂപത്തിൽ സ്രോത ഭാഷാ വ്യാകരണം ചുമക്കുകയും ചെയ്യുക പ്രോഗ്രാമിലെ നിർദ്ദേശങ്ങൾക്കനുസരണമായി കമ്പ്യൂട്ടറിനു കൈകാര്യം ചെയ്യേണ്ടുന്ന സാമഗ്രികളിൽ ഒന്ന് എന്ന പദവി മാത്രമേ വ്യാകരണത്തിന് ഈ സമ്പ്രദായത്തിൽ ഉള്ളു. ഭാഷാ വിജ്ഞാനിക്കും കമ്പ്യൂട്ടർ വിദഗ്ധനും അന്യോന്യാശ്രിതത്വം ഒഴിവാക്കാം എന്നതാണ് ഈ സമ്പ്രദായത്തിന്റെ പ്രകടമായ മെച്ചം.

**സ്വരൂപവിനിമയം**

ഈ ഘട്ടത്തിൽ ഇന്നുള്ള പ്രശ്നങ്ങളിൽ മിക്കതും കാലക്രമേണ ഭാഷാപഗ്രഥന സിദ്ധാന്തങ്ങൾക്ക് കൂടുതൽ കെട്ടുറപ്പു കൈവരുന്നതോടെ സ്വയമേവ പരിഹൃതമാവുമെന്നുവേണം പ്രതിക്ഷിക്കാൻ. സ്രോത-ലക്ഷ്യ ഭാഷകൾ അന്യോന്യം വളരെയേറെ ബന്ധപ്പെട്ടവയാണെങ്കിൽ ഈ ഘട്ടത്തിൽ തരണം ചെയ്യുന്ന വൈഷമ്യങ്ങൾ എണ്ണത്തിൽ കുറവായിരിക്കും. നിർദ്ദിഷ്ട സ്രോത-ലക്ഷ്യ ഭാഷകളെ വിവർത്തന നിയമങ്ങളിലൂടെ അന്യോന്യം ബന്ധപ്പെടുത്തുന്ന യന്ത്ര പരിഭാഷാ പദ്ധതികളിലാണ് മിക്ക ഗവേഷകരും ഇന്നോളം ശ്രദ്ധിച്ചു പോന്നിട്ടുള്ളത്.




**ലക്ഷ്യപാഠോദ്ഗ്രഥനം**

ലക്ഷ്യ പാഠോദ്ഗ്രഥനം എന്ന നാലാം ഘട്ടത്തിനും മറ്റു ഘട്ടങ്ങൾ പോലെ ഉപ വിഭാഗങ്ങൾ കല്പിക്കേണ്ടിവരും.

1) ഈക്കൂട്ടത്തിൽ ഏറ്റവും പ്രധാനം തർജമയിൽ പ്രസക്തിയുള്ള ഓരോ സ്രോത പാഠാംശത്തിനും സമമൂല്യമായ ലക്ഷ്യ പാഠാംശം വിവിധ സാധ്യതകളിൽ നിന്നു തിരഞ്ഞെടുക്കുക എന്നതാണ്. വ്യാകരണപരവും സഹസ്ഥിതി പരവുമായ പല വസ്തുതകളും ഈ അവസരത്തിൽ പരിഗണിക്കേണ്ടതുണ്ട്.

2) ലക്ഷ്യ ഭാഷയുടെ സ്വനിമ കാണ്ഡം, രൂപസ്വനിമാ കാണ്ഡം, വ്യാകരണം എന്നിങ്ങനെയുള്ള എല്ലാ തലങ്ങളേയും സ്പർശിക്കുന്നവയും ആ ഭാഷയുടെ തനതു പ്രത്യേകതകൾക്കിണങ്ങിയവയുമായ ഭാഷണാംശങ്ങൾ യഥാസ്ഥാനം വ്യന്യസിച്ചാലേ ലക്ഷ്യ പാഠം തട്ടു തടവുമില്ലാതെ വായിച്ചു പോകത്തക്കതാവൂ.

3) അധ്യായങ്ങൾ. പുറങ്ങൾ, ഖണ്ഡികകൾ വരികൾ മുതലായ പാഠ വിഭാഗങ്ങൾ നിർണ്ണയിക്കലും ലക്ഷ്യ പാഠാപഗ്രഥനത്തിൽ വരുന്നു.

മേൽ വിവരിച്ച ഘട്ടങ്ങളിൽ ഓരോന്നിലും യന്ത്രത്തിന് ഏറ്റെടത്തു തൃപ്തികരമാം വണ്ണം നിർവഹിക്കാനാവുന്ന ചുമതലകൾക്ക് പല പരിമിതികളുമുണ്ട്. അർഥ ശങ്കയ്ക്ക് പഴുതില്ലാത്ത വിധം പരിഹരിച്ചു നൽകിയാൽ കമ്പ്യൂട്ടറിന് ആ നിയമങ്ങൾ അന്യക്ഷരം അനുസരിച്ച് മുന്നോട്ടുപോയി ഫലം ഇന്നതാണെന്ന് വ്യക്തമായി ചൂണ്ടി കാണിക്കാൻ കഴിയും. എന്നാൽ ഏതെങ്കിലുംമൊരിടത്ത് അടുത്തതായി ചെയ്യേണ്ടതെന്ത്? എന്ന് തെല്ലൊരു സംശയം തലപൊക്കിയാൽ പിന്നെ യന്ത്രത്തിന് ഒരടിപോലും പുരോഗമിക്കാനാവില്ല. തൻമൂലം പല യന്ത്ര പരിഭാഷാ സംഘങ്ങളും യന്ത്ര വത്ക്കരണം ഭാഗികമായി പോയാൽപോലും പോരായ്കയില്ല എന്ന തീരുമാനത്തിൽ എത്തിച്ചേർന്നു കഴിഞ്ഞിട്ടുണ്ട്.

ഈ ലോക പരിജ്ഞാനത്തിൽ എത്രത്തോളം? എങ്ങനെ? യന്ത്രത്തിന്റെ ധാരണയിൽ ശേഖരിച്ചു വെക്കാൻ കഴിയും എന്നതാണ് യന്ത്ര തർജമാ രംഗത്തെ ഏറ്റവും വലിയ വിഷമപ്രശ്നം. പലപ്പോഴും യന്ത്ര തർജമ ഗുണത്തിൽ പ്രതിക്ഷക്കൊത്ത് ഉയരുന്നില്ല.

**കമ്പ്യൂട്ടർ വിവർത്തനം**

കമ്പ്യൂട്ടർ പ്രോഗ്രമുകളുപയോഗിച്ച് ഭാഷാന്തരീകരണം നടത്തുന്നതിനാണ് കമ്പ്യൂട്ടർ വിവർത്തനമെന്ന് പറയുന്നത്. മനുഷ്യ പ്രയത്നവും സമയവും ചുരുക്കി കാര്യക്ഷമത വർദ്ധിപ്പിക്കുകയെന്ന തത്വമാണ് യന്ത്രവത്ക്കരണത്തിനു പിന്നിലുള്ളത്. ഈ വഴിയിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച യന്ത്രമാണ് കമ്പ്യൂട്ടർ.

വിവർത്തനത്തിനാവശ്യമായ സോഫ്ട് വെയർ തയ്യാറാക്കലാണ് കമ്പ്യൂട്ടർ വിവർത്തനത്തിലെ വിഷമകരമായ കടമ്പ. വിവർത്തനത്തിനാവശ്യമായ ദ്വിഭാഷാ നിഘണ്ടു, വ്യാകരണ നിയമങ്ങൾ, വാക്യഘടനാരീതികൾ, ശൈലികൾ എന്നിവ പ്രോഗ്രാമുകളിൽ ഉൾക്കൊള്ളിക്കണം.

**കമ്പ്യൂട്ടറിൽ വിവർത്തനം നടത്തുന്നത് എങ്ങനെ?**

കമ്പ്യൂട്ടറിനെ പ്രധാനമായി 1) ഇൻപുട്ട്, 2) ഔട്ട് പുട്ട്, 3) പ്രോസസ്സിങ്ങ് യൂണിറ്റ് 4) കൺട്രോൾ യുണിറ്റ്, എന്നീ ഭാഗങ്ങളാണുള്ളത്. നാം ഇൻപുട്ടിൽ വിവർത്തനം ചെയ്യുന്ന ഭാഗങ്ങൾ ഫീഡു ചെയ്യുന്നു. അത് യന്ത്രത്തിനകത്ത് പ്രോസസ് ചെയ്തിട്ട് ഔട്ട് പുട്ടിൽ ലക്ഷ്യഭാഷയുടെ മാറ്ററായി പുറത്തുവരുന്നു. പ്രോസസ്സിങ്ങ് വ്യാപാരത്തിൽ അനേകം പ്രക്രിയകളുണ്ട്. പ്രോസസിങ്ങിനെ നിയന്ത്രിക്കുന്ന യൂണിറ്റാണ് കൺട്രോൾ യൂണിറ്റ്. വിവർത്തനത്തിനുവേണ്ട സഹായ വിവരങ്ങൾ അതായത് പര്യായ പദങ്ങൾ ശൈലി നിഘണ്ടുക്കൾ വ്യാകരണ നിയമങ്ങൾ തുടങ്ങിയവയെല്ലാം സ്റ്റോർ ചെയ്യുന്നത് മെമ്മറി യൂണിറ്റിലാണ്. യന്ത്രം പ്രവർത്തിപ്പിക്കുമ്പോൾ ആവശ്യം വേണ്ട വിവരങ്ങളെല്ലാം മെമ്മറിയിൽ നിന്നും സംഘടിപ്പിച്ചു വിവർത്തനം നടത്തപ്പെടുന്നു.

കമ്പ്യൂട്ടർ കണ്ടുപിടിച്ചിട്ട് നാൽപതു വർഷമായെങ്കിലും കമ്പ്യൂട്ടർ വിവർത്തനത്തിന്റെ പ്രവർത്തനം ചില പ്രത്യേക മേഖലകളിൽ പരിമിതപ്പെട്ടിരിക്കുന്നു. യൂറോപ്യൻ ഭാഷകൾ തമ്മിലുള്ള വിവർത്തനം കമ്പ്യൂട്ടറിൽ താരതമ്യേന സുഗമമാണ്. ഒരേ തരത്തിലുള്ള വർണമാല വാക്യ ഘടന, പദഘടന എന്നിവയുള്ള രണ്ട് ഭാഷകൾ തമ്മിൽ കമ്പ്യൂട്ടർ വിവർത്തനം എളുപ്പമായിരിക്കും. ഇംഗ്ലീഷിൽനിന്ന് ഭാരതീയ

ഭാഷയിലേക്കുള്ള വിവർത്തനത്തേക്കാൾ ഒരു ഭാരതീയ ഭാഷയിൽ നിന്നും മറ്റൊരു ഭാരതീയ ഭാഷയിലേക്കുള്ള കമ്പ്യൂട്ടർ വിവർത്തനം സുഗമമാണ്.

ഭാരതീയ ഭാഷകളിൽ കമ്പ്യൂട്ടർ വിവർത്തനം നടപ്പാക്കാനുള്ള പ്രധാന വൈഷമ്യങ്ങൾ ഇനിപറയുന്നവയാണ്.

1) അത്യാധുനിക ഭാഷാ ശാസ്ത്ര ദൃഷ്ട്യാ രചിക്കപ്പെട്ട ക്രമീകൃതമായ വ്യാകരണത്തിന്റെ അഭാവം.

2) ഒരു ഭാഷയിലെ സാങ്കേതികപദ നിഘണ്ടുക്കൾ, ബഹുഭാഷാ സങ്കേതികപദ നിഘണ്ടുക്കൾ, പരിഭാഷാ നിഘണ്ടുക്കൾ തുടങ്ങിയവയുടെ അഭാവം.

3) മാനക സാങ്കേതിക പദങ്ങളുടെ അഭാവം.

4) നിയതാർത്ഥമുള്ള പദങ്ങളോടുകൂടിയ വാക്യങ്ങൾ മാത്രമേ വിവർത്തനം ചെയ്യാൻ കഴിയുകയുള്ളു.

5) കവിതപോലെ ധ്വനിപ്രധാനമായ സാഹിത്യ രൂപങ്ങൾ ഈ രൂപത്തിൽ പരിഭാഷ ചെയ്യുക സാധ്യമല്ലെന്നു തന്നെ പറയാം.

6) മൂലകൃതിയിലെ ആശയം പരിഭാഷയിലുണ്ടാവില്ല. മറ്റെന്തങ്കിലുമായിരിക്കും ലഭിക്കുക. ഇത്തരം സന്ദർഭത്തിൽ തർജമ ചെയ്യേണ്ട കൃതി പ്രീ എഡിറ്റിങ്ങിനു വിധേയമാക്കേണ്ടിവരും.

7) യന്ത്ര വിവർത്തനത്തിനു ശേഷം വിവർത്തകൻ ചില മിനുക്കുപണികൾ കൂടി നടത്തിയെങ്കിലേ വിവർത്തനത്തിന് പൂർണതയുണ്ടാവൂ.

8) അർത്ഥം തിരഞ്ഞെടുക്കാൻ കഴിവുള്ള കമ്പ്യൂട്ടറിന് പലപ്പോഴും പര്യായ പദങ്ങളും സന്ദർഭോചിതമായ അർത്ഥങ്ങളും കണ്ടെത്താൻ കഴിഞ്ഞു എന്നു വരില്ല.

കമ്പ്യൂട്ടർ വിവർത്തനത്തിനു ഭാരതീയ ഭാഷകളെ സജ്ജമാക്കാൻ ചില തയ്യാറെടുപ്പുകൾ ആവശ്യമാണ്.

1. ബൃഹത്തായ ശാസ്ത്രീയ പദാവലി നിർമിക്കണം. മുമ്മൂന്ന് വർഷം കൂടുമ്പോൾ ഇവ പരിശോധിച്ച് വേണ്ട വിധം പരിഷ്ക്കരിക്കണം.

2. വിഷയമനുസരിച്ച് എളുപ്പം റഫർ ചെയ്യാവുന്ന പോക്കറ്റ് സൈസ് ശാസ്ത്രീയ പദാവലി വേണം.

3. ശാസ്ത്ര ബിരുദം കഴിഞ്ഞ് ശാസ്ത്രീയ വിവർത്തനത്തിൽ പരിശീലനം നേടിയ വിവർത്തകരെ പ്രോഗ്രാം തയ്യാറാക്കാൻ ലഭിക്കണം.

**അനിമേഷൻ**

ചിഹ്നാന്തര വിവർത്തനത്തിനു വളരെ സാധ്യതകളുള്ള ഒരു പ്രയോഗമേഖലയാണ് അനിമേഷന്റേത്. മഹാഭാരതവും, രാമായണവും മറ്റു പുരാണേതിഹാസങ്ങളും അനിമേഷനിലൂടെ പ്രചരിപ്പിക്കുന്നു. ഭാവനയുടെ അതിർത്തികൾക്കപ്പുറം നിൽക്കുന്ന കഥാപാത്രങ്ങളേയും സംഭവങ്ങളേയും അനിമേഷനിലൂടെ വളരെ എളുപ്പം പുന:സൃഷ്ടിക്കാൻ കഴിയും. ടോം ആന്റ് ജറി സ്പൈഡർ മാൻ തുടങ്ങിയവയിൽ ഈ അനിമേഷ തന്ത്രങ്ങളാണുപയോഗപ്പെടുത്തുന്നത്.

# UNIT - 6
# വിവിധതരം വിവർത്തനങ്ങളുടെ പ്രത്യേകതകൾ

## സാഹിത്യവിവർത്തനം (സർഗാത്മക വിവർത്തനം)

സാധാരണ കൃതികളെല്ലാം മാനകഭാഷയിലായിരിക്കും വിശേഷിച്ച് ശാസ്ത്ര, സാമൂഹ്യശാസ്ത്ര കൃതികൾ അവയുടെ വിവർത്തനത്തിൽ നേരിടാനിടയില്ലാത്ത ഒരു പ്രധാന പ്രശ്നം സർഗാത്മക സാഹിത്യ വിവർത്തനത്തിൽ അനുഭവപ്പെടും. ഭാഷാഭേദങ്ങളുടെ സാന്നിധ്യമാണത്.

സാഹിത്യകൃതികൾ വിവർത്തനം ചെയ്യുമ്പോൾ വിവർത്തകൻ സഹൃദയനായിരിക്കണം. എന്നാലേ മൂലഗ്രന്ഥകാരന്റെ ഭാവനാ വിലാസവുമായി താദാത്മ്യം പ്രാപിക്കാൻ തർജമക്കാരന് കഴിയൂ. ഏതുഭാഷയിലേയും ഉത്തമകൃതികൾ ആഭാഷ സംസാരിക്കുന്ന ജനങ്ങളുടെ സംസ്ക്കാര സമ്പത്തിന്റെ ഒരു നിസ്തുല നിദർശനമായിരിക്കണം. പരിഭാഷയിലും സാമൂഹികവും സാംസ്ക്കാരികവുമായ ആ പ്രത്യേകത ചോർന്നു പോകാതെ പകർത്തികാണിക്കാൻ കഴിയണം. മൂലകൃതിയിലെ കഥാപാത്രങ്ങളുടെ സാമൂഹ്യസവിശേഷതകളും വിശ്വാസാചാരങ്ങളും ദേശഭേദമനുസരിച്ച് തർജമ ചെയ്യുന്ന രീതി അത്ര ശരിയല്ല. വികാരവിചാരങ്ങൾ സമാനങ്ങളാണെങ്കിലും അതു പ്രകടിപ്പിക്കുന്ന രീതിയിൽ വ്യത്യാസം വരാം. ഈ രീതി സാമൂഹിക സവിശേഷതയിൽ നിന്ന് ഉടലെടുക്കുന്നതായിരിക്കും. തർജമ ചെയ്യുമ്പോൾ മൂലകൃതിയിലെ ഈ സാമൂഹികമായ സവിശേഷതയ്ക്കും പ്രാദേശികമായ പ്രത്യേകതയ്ക്കും കോട്ടം വരാതെ പരിഭാഷ ചെയ്യേണ്ടത് അത്യാവശ്യമാണ്.

## കവിതാവിവർത്തനം

ഉചിതമായ പദങ്ങൾ ഉചിതമായ ക്രമത്തിൽ വിന്യസിക്കുന്നതാണ് കവിത. വൃത്തവും താളവും പ്രാസവുമെല്ലാം ഈ വ്യത്യാസത്തെ നിർണ്ണയിക്കുന്ന ഘടകങ്ങളാണ്. മറ്റൊരു ഭാഷയിലേക്കു മാറ്റുമ്പോൾ ഈ ഘടകങ്ങൾ വേർപിരിയുന്നു. ഉദാഹരണത്തിന് മന്ദാക്രാന്തയിൽ എഴുതിയ ഒരു പദ്യം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്താൽ ആശയചോർച്ച ഒട്ടും ഉണ്ടാവുന്നില്ലെങ്കിൽ തന്നെ അതിന്റെ രൂപഘടന ശിഥിലമാവും. കാരണം ഇംഗ്ലീഷിൽ മന്ദാക്രാന്ത ഇല്ല.

കവിത പൊതുവേ വ്യംഗ്യാർത്ഥ പ്രധാനമാണ് വ്യംഗ്യം പരിഭാഷ ചെയ്യാനാവില്ല. വാക്കിനു വാക്ക് എന്ന കണക്കിനു പരിഭാഷപ്പെടുത്തുമ്പോൾ വാച്യാർത്ഥം മാത്രമേ പകർന്നു കിട്ടൂ. ഇതാണ് കാവ്യ പരിഭാഷയിലെ പ്രധാന പ്രശ്നം. മൂലകൃതിയോട് വിശ്വാസ്യത പുലർത്താനാവില്ല എന്നു സാരം. വിശ്വാസ്യത പുലർത്തിയാൽ പരിഭാഷ വികൃതമാവും. പരിഭാഷ സുന്ദരമായാൽ വിശ്വസ്തത ഇല്ലാതാവും ഇവയിലൊന്നു തിരഞ്ഞെടുക്കാൻ പരിഭാഷകൻ നിർബന്ധിതനാവും വിശ്വാസ്യതയേക്കാൾ പരിഭാഷയ്ക്ക് മുൻതൂക്കം കൊടുക്കുകയാണ് പരിഭാഷകർ പ്രായേണ ചെയ്തു പോന്നിട്ടുള്ളത്.

കവിത വിവർത്തനത്തിന് ഒരു നിയമസംഹിത നിർമിക്കുക വിഷമം തന്നെ. എങ്കിലും വിവർത്തന ശാസ്ത്രം ഈ വിഷയത്തിൽ രൂപപ്പെടുത്തിയിട്ടുള്ള ചില മാർഗരേഖകൾ കവിതാവിവർത്തകരെ സഹായിക്കും.

കവിതാവിവർത്തനത്തെ പല തരത്തിൽ വിഭജിക്കാം.

**(1) ശിൽപമനുസരിച്ച്**

a. പദ്യത്തിന്റ ഗദ്യ പരിഭാഷ

b. പദ്യത്തിന്റെ പദ്യ പരിഭാഷ

പദ്യത്തിന്റെ പദ്യപരിഭാഷയെ വീണ്ടും മൂന്നായി വിഭജിക്കാം.

(1) മൂലഭാഷയിലെ പദ്യം അതേ ഛന്ദസ്സിൽ. ലക്ഷ്യഭാഷയിൽ വിവർത്തനം ചെയ്യുക.

(2) മൂലഭാഷയിലെ പദ്യം ലക്ഷ്യഭാഷയിലെ വ്യത്യസ്ത ഛന്ദസ്സിൽ വിവർത്തനം ചെയ്യുക.

(3) മൂല ഭാഷയിലെ ഛന്ദസ്സ് ഏതായാലും ലക്ഷ്യഭാഷയിൽ മുക്ത ഛന്ദസ്സിലോ ഗദ്യകവിതയായോ വിവർത്തനം ചെയ്യുക. മിക്ക പാശ്ചാത്യകവിതകളും ഇപ്പോൾ മലയാളത്തിൽ ഈ രീതിയിലാണ് വിവർത്തനം ചെയ്യുന്നത്.

കഥാകാവ്യവിവർത്തനത്തിന് ഗദ്യ പരിഭാഷ പറ്റിയതാണ്. എന്നാൽ വിവർത്തകർക്ക് സാധാരണയായി കവിതയുടെ വിവർത്തനം കവിതയിൽ തന്നെ ചെയ്യാനാണ് താത്പര്യം. ഇതിന് രണ്ടു ശൈലികളുണ്ട്. ഒന്ന് വരിക്കുവരി അല്ലെങ്കിൽ ഈരടിക്ക് ഈരടി. വരിക്കുവരി വിവർത്തനം പലപ്പോഴും വിരസമാകാനിടയുണ്ട്. അതുകൊണ്ട് വിവർത്തകൻ മൂലകവികളുടെ ആശയം പൂർണമായും ഉൾക്കൊണ്ട് തന്റെ രീതിയിൽ ആവിഷ്കരിക്കുകയാണ് ചെയ്യേണ്ടത്.

**(2) വൃത്താനുവൃത്ത വിവർത്തനം**

പ്രായേണ പദ്യം ഈരടികളായും ചതുഷ്പദികളായും മറ്റുമാണ് രചിക്കുന്നത്. ഈ ചട്ടക്കൂടിന് സംസ്കൃതത്തിൽ ഛന്ദസ്സ് എന്നും ഇംഗ്ലീഷിൽ മീറ്റർ എന്നും പറയും. മൂലകൃതിയിലെ ഛന്ദസ്സ് തന്നെ വിവർത്തനത്തിലും സ്വീകരിക്കുന്നത് സൂക്ഷിച്ചുവേണം. മലയാളത്തെ സംബന്ധിച്ചിടത്തോളം സംസ്കൃത കാവ്യപരിഭാഷയിൽ വൃത്താനുവത്ത രീതി സ്വീകാര്യമാണ്. എന്നാൽ ഹിന്ദി കവിതയോ ഇംഗ്ലീഷ് കവിതയോ വിവർത്തനം ചെയ്യുമ്പോൾ ഈ രീതി സ്വീകരിക്കുക ബുദ്ധിമുട്ടാണ്.

ലക്ഷ്യഭാഷാ ഛന്ദസ്സുപയോഗിക്കുമ്പോഴും കുഴപ്പമില്ലാതില്ല. കവിതയുടെ യഥാർത്ഥവിവർത്തനം പരകായ പ്രവേശനത്തിന് തുല്യമാണ്. പലപ്പോഴും മൂലകവിയുടെ ജീവിത ദർശനത്തോടൊ വ്യക്തിത്വത്തോടോ വലിയ പൊരുത്തമില്ലാത്ത വിവർത്തകന്റെ പരിഭാഷ പരിചയപ്പെടാം.

കവിതാവിവർത്തനത്തിന്റെ നാലു ശൈലികൾ പണ്ഡിതനായ ലോട്മാൻ കല്പിക്കുന്നു.

1. ആശയപ്രധാന ശൈലി - ഇതിൽ വിവർത്തകൻ കവിതയിലെ ഇതിവൃത്തം അഥവാ ആശയം പ്രധാനമായി കരുതുന്നു. അയാൾ മൂലഭാഷയിലെ ആശയം ലക്ഷ്യഭാഷാകൃതിയിൽ സംപ്രേഷണം ചെയ്യുന്നു.

2. സംരചനാശൈലി - ഇതിൽ മൂലകവിതയിലെ പദഘടനയും മറ്റും വിശ്ലേഷണം ചെയ്ത് ആ ഘടന വിവർത്തനത്തിലും വരുത്താൻ ശ്രമിക്കുന്നു.

3. ഭാഷാ പ്രധാന ശൈലി - മൂല കവിതയിലെ വൃത്തം, പദം, ചമത്ക്കാരം, അലങ്കാരം തുടങ്ങിയവയിൽ ഏതെങ്കിലും ഒന്നോ അതിലധികമോ ഘടകങ്ങൾ വിവർത്തനത്തിലും വരുത്താനുള്ള ശ്രമമാണിത്.

4. സാഹിത്യേതര പ്രധാന ശൈലി - ഇതിൽ വിവർത്തകൻ കാവ്യതത്വത്തേക്കാൾ സാഹിത്യബാഹ്യമായ തത്വത്തിനു പ്രാധാന്യം കൽപ്പിക്കുന്നു. മതപരമോ സാമൂഹ്യമോ മനശാസ്ത്രപരമോ ഒക്കെയായ തത്വങ്ങൾ കവിതയിലൂടെ സംപ്രേഷണം ചെയ്യാനാണ് ഈ ശൈലിയിലെ ശ്രമം.

കവിത വിവർത്തനം ചെയ്യുന്നയാളും കവിയായിരിക്കുന്നതാണ് ഉചിതം. ഇവർ മിക്കപ്പോഴും സ്വതന്ത്ര വിവർത്തനമാണ് നടത്തുക. കവിതാവിവർത്തനത്തെ സംബന്ധിച്ച് വൈലോപ്പിള്ളി ശ്രീധരമേനോൻ പറഞ്ഞിട്ടുള്ള അഭിപ്രായം പ്രസക്തമാണ്. 'ഇംഗ്ലീഷിൽ മൂലകൃതിയോ തർജമയോ ആയി കാണുന്ന കവിതകൾ മലയാളത്തിലെ പദ വൃത്ത താളങ്ങളൊപ്പിച്ച് തർജമ ചെയ്യാൻ കഴിഞ്ഞാൽ നന്ന്. പക്ഷേ മിക്കവയും അങ്ങനെയുള്ള തർജമയ്ക്ക് വഴങ്ങുന്നവയല്ല. മലയാള കവിതയിലെ ഭാവനയുടെ ഇന്ദ്രജാലം അല്ലെങ്കിൽ പദശൈലിയുടെ ഇന്ദ്രജാലം തർജമ കവിതയിൽ ചോർന്നു പോകുന്നതായാണ് അനുഭവം.'

കവിത സ്വാഭവേനേ വിവർത്തനക്ഷമമല്ല. തർജ്ജമ ചെയ്യുമ്പോൾ നഷ്ടപ്പെടുന്നതെന്തോ അതാണു കവിത (Potery is what is lost in translations എന്ന് Robert Frost.

**കവിതാ വിവർത്തനത്തിലെ വൈഷമ്യങ്ങൾ**

കവികൾ പലപ്പോഴും വാക്ക് വൈഭവം കൊണ്ട് വായനക്കാരനെ അദ്ഭുതപ്പെടുത്താറുണ്ട്. കവികളുടെ ഈ ചാതുര്യം, പദഘടന ലക്ഷണാവ്യഞ്ജനാദികൾ കൊണ്ടു നടക്കുന്ന അർത്ഥപുഷ്ക്കലത, അലങ്കാരം പ്രതീക പ്രയോഗം തുടങ്ങിയവയിൽ സ്ഥിതിചെയ്യുന്നു. വിവർത്തകൻ ഇതെല്ലാം കണക്കിലെടുക്കണം. ആശയത്തിന്റെ കാര്യത്തിൽ ഇരു ഭാഷകളുടെയും പശ്ചാത്തലത്തിന്റെ അന്തരം വിഷമം സൃഷ്ടിക്കും. ഒരു

പ്രത്യേക പ്രദേശത്തിന്റെ പ്രകൃതിയുടെ പല സവിശേഷതകളും അവിടുത്തെ ഭാഷയിൽ മാത്രമേ ഭംഗിയായി വർണിക്കാൻ സാധിക്കൂ. സമാനപദങ്ങൾ കണ്ടെത്താനുള്ള പ്രയാസവും കണ്ടെത്തിയാൽ തന്നെ അവയിലെ വൈകാരികാംശത്തിന്റെ നഷ്ടവും കവിതാവിവർത്തനത്തെ പ്രശ്നത്തിലാക്കുന്നു.

Eg:-- കുമാരനാശാന്റെ സങ്കീർത്തനം എന്ന കവിതയിലെ ശ്ലോകം.

ചന്തമേറിയ പൂവിലും
ശബളാഭമാം ശലഭത്തിലും
സന്തതം കര താരിയെന്നൊരു
ചിത്ര ചാതുരി കാട്ടിയും
ഹന്ത! ചാരു കടാക്ഷമാലകളർക്ക-
രശ്മിയിൽ നീട്ടിയും
ചിന്തയാം മണി മന്ദിരത്തിൽ
വിളങ്ങുമീശനെ വാഴ്ത്തുവിൻ.

പ്രശസ്ത കവയിത്രി സുഗതകുമാരിയുടെ പരിഭാഷ.

Praise be to the lord
The skill of whose hand
Shows itself in the lovely flower
And the colourful wings of the butterfly
Whose glances extend
Down the rays of the sun
And whose dwelling is
in the mind of man

ഇവിടെ ചിന്തയാം മണിമന്ദിരം വെറും 'Mind' ആയി ചുരുങ്ങി പോയെങ്കിലും ആശയത്തോടുനീതി പുലർത്താൻ കവിതയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

**ഗദ്യപരിഭാഷ**

വിവർത്തനത്തിൽ ഏറ്റവും ബുദ്ധിമുട്ടുള്ളതെന്നു കരുതുന്നത് കവിതാവിവർത്തനമാണ്. അതുകൊണ്ട് തന്നെ ഗദ്യ പരിഭാഷ താരതമ്യേന എളുപ്പമാണെന്നാണ് കരുതപ്പെടുന്നത്. വിശേഷിച്ച് നോവൽ പോലുള്ള സർഗാത്മക രചനകൾ പരിഭാഷപ്പെടുത്തുമ്പോൾ ചിലകാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1. ഓരോ വാക്കോ വാക്യമോ ആയിട്ടല്ല വിഭാവനം ചെയ്യേണ്ടത്. പരിഭാഷാ പ്രക്രിയയെ പല ഖണ്ഡങ്ങളായി തിരിക്കണം. കൃതിയെ ഒരൊറ്റ യൂണിറ്റായി കണ്ടുകൊണ്ട് ഓരോ ഖണ്ഡവും പരിഭാഷപ്പെടുത്തണം. കൃതിയുടെ മൊത്തം പ്രതീതിയെപ്പറ്റിയുള്ള ബോധം എപ്പോഴും മനസ്സിലുണ്ടാവണം.

2. ശൈലിക്കു പകരം ശൈലി എന്ന സമീപനം സ്വീകരിക്കണം. മൂലകൃതിയിൽ ഒരു ശൈലി പ്രയോഗിച്ചിട്ടുണ്ടെങ്കിൽ അതിനു തുല്യമായ ഒരു ശൈലി ലക്ഷ്യഭാഷയിൽ കണ്ടെത്തണം. മൂലകൃതിയിലെ ശൈലി പദാനുപദ വിവർത്തനം ചെയ്യാൻ നിൽക്കരുത്.

4. ഇരുഭാഷകളിലും പ്രയോഗത്തിലുള്ള പദങ്ങളും പ്രയോഗങ്ങളും കണ്ടേക്കാം. അവയുടെ ഉപയോഗത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. എന്തെന്നാൽ സ്രോതഭാഷയിൽ ഒരു പദത്തിനുള്ള അർത്ഥത്തിൽ നിന്നു ഭിന്നമായ ഒരർത്ഥമായിരിക്കാം അതേ പദത്തിന് ലക്ഷ്യഭാഷയിലുള്ളത്.

5. ധൈര്യപൂർവ്വം നടത്തുന്ന ഒരു രൂപമാറ്റ ക്രിയയായിരിക്കണം പരിഭാഷ. ഒരു അന്യവസ്തു സ്വദേശത്ത് ശരീരം പൂണ്ട് ഉയർത്തെഴുന്നേൽക്കുന്ന പ്രക്രിയയാണിത്.

6. പരിഭാഷയിൽ ഒരിക്കലും വിവർത്തിത കൃതിയെ അലങ്കരിക്കാൻ മുതിരരുത്.

**നാടകം, നോവൽ ചെറുകഥാ വിവർത്തനം**

ഗദ്യത്തിന്റെ വിവിധ ശാഖകളിൽ നാടകം, നോവൽ, ചെറുകഥ എന്നിവ പ്രധാനപ്പെട്ടതാണ്. സർഗാത്മക സാഹിത്യത്തിന്റെ ഭാഗമായ ഈ മൂന്നു ശാഖകൾക്ക് വിവർത്തനം എങ്ങനെ സാധ്യമാകുന്നു എന്നും നോക്കാം.

**നാടകം:-** നാടകവിവർത്തനം കവിതാ വിവർത്തനം പോലെ വിഷമമാണ്. നാടകത്തിൽ ആവിഷ്കൃതമാകുന്ന ജീവിത പശ്ചാത്തലവുമായി ഭാഷ ബന്ധപ്പെട്ടിരിക്കുന്നു. ഒരു ഗദ്യഭാഗം പരിഭാഷപ്പെടുത്തുന്ന അതേ രീതിയിൽ ഒരു നാടകകൃതി പരിഭാഷപ്പെടുത്താനാവില്ല. എന്തെന്നാൽ നാടകകൃതിയുടെ വായന വ്യത്യസ്ത തരത്തിലാണ്. സംഭാഷണങ്ങളിൽ വാക്യശൈലിയും പദങ്ങളിലുള്ള ഊന്നലും സ്വരവ്യത്യാസവും വളരെ പ്രാധാന്യമർഹിക്കുന്നു. വാക്യത്തിനു വാക്യം തർജമ ചെയ്തു വെച്ചാൽ പോര അത് മൂലഭാഷയിലെ പദഘടനയും ശൈലിയും നൽകുന്ന അർത്ഥപുഷ്ടി ലക്ഷ്യഭാഷയിലെ ശക്തമായ പ്രയോഗം കൊണ്ടേ വരികയുള്ളൂ. സംഭാഷണശൈലി ആറ്റിക്കുറുക്കിയതും ശ്ലിഷ്ടവുമാണെങ്കിൽ വിവർത്തനം തദനുസതമാകണം. അല്ലെങ്കിൽ വിവർത്തനത്തിൽ നാടകത്തിന്റെ ശക്തി നഷ്ടപ്പെട്ടേക്കും. ഹാസ്യനാടകങ്ങളിലെ ഹാസ്യം വിവർത്തനത്തിൽ നഷ്ടപ്പെടാറുണ്ട്. അവ മറ്റു ഭാഷക്കാരിൽ ചിരി ഉളവാക്കണമെന്നില്ല.

നാടകകൃതി ഒരു അപൂർണ്ണവസ്തുവാണ്. നാടകം പൂർണത നേടുന്നത് അവതരണത്തിലാണ്. ഇവിടെ പരിഭാഷകൻ നേരിടുന്ന ഒരു പ്രശ്നം നാടകകൃതിയെ ഒരു ശുദ്ധ സാഹിത്യകൃതിയായി മാത്രം കണ്ടു പരിഭാഷപ്പെടുത്തേണമോ, അതോ കൂടുതൽ സങ്കീർണ്ണമായ ഒരു കലാരൂപത്തിന്റെ ഒരംശം എന്ന നിലപാടു സ്വീകരിക്കണോ? എന്നതാണ് മലയാളത്തിലേക്കു വന്ന പല നാടകപരിഭാഷകളും ഇതിൽ ആദ്യം പറഞ്ഞ നിലപാടു സ്വീകരിച്ചിട്ടുള്ളതായി കാണാം. മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട ആദ്യത്തെ നാടകപരിഭാഷ കല്ലൂർ ഉമ്മൻ ഫിലിപ്പോസിന്റെ 'ആൾമാറാട്ടം' ആണ്. വില്യം ഷേക്സ് പിയറിന്റെ 'കോമഡി ഓഫ് എറേഴ്സ്' എന്ന നാടകത്തിന്റെ പരിഭാഷയാണത്.

നോവൽ, ചെറുകഥ എന്നീ ഗദ്യരൂപങ്ങൾ ചില പൊതുഘടകങ്ങൾ ഉൾക്കൊള്ളുന്നു. അതുകൊണ്ട് വിവർത്തനതത്വങ്ങൾ സമാനം തന്നെ. അന്യഭാഷാ നോവലുകളുടെ വിവർത്തനം മലയാള നോവലിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. 'പാവങ്ങളും' 'കാരമസോവ് സഹോദരന്മാരും' മറ്റു ലോക ക്ലാസിക്കുകളും വിവർത്തനം ചെയ്തതോടെയാണ് മലയാളനോവൽ പുതിയൊരു വഴിത്തിരിവിലെത്തുന്നത്.

ഭാരതീയഭാഷകളിൽ ബംഗാളിനോവലാണ് മലയാളത്തിലേക്ക് ഏറ്റവുമധികം വിവർത്തനം ചെയ്യപ്പെട്ടത്. എൺപതിലേറെ വിവർത്തകർ ചേർന്ന് ഇരുനൂറ്റിയൻപതിലേറെ ബംഗാളിനോവലുകൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി. താരാശങ്കർബാനർജിയുടെ 'ആരോഗ്യ നികേതനം' 1961ൽ നിലീന എബ്രഹാം മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി. പിന്നീട് എടുത്തു പറയേണ്ടത് യു. ആർ. അനന്തമൂർത്തിയുടെ കന്നടവിവർത്തനമാണ്. ഭാരതീയ ഭാഷകളിലുണ്ടായിട്ടുള്ള വിദേശസാഹിത്യ പരിഭാഷകളിൽ അധികവും മൂലകൃതിയുടെ ഇംഗ്ലീഷ് വിവർത്തനത്തിന്റെ വിവർത്തനങ്ങളാണ്.

നോവൽ വിവർത്തനത്തിൽ പാഠ്യയൂണിറ്റുകളാക്കി വിവർത്തനം ചെയ്യുകയാണ് പ്രായോഗികം. വലിയ നോവലുകളിൽ പല സ്ഥലങ്ങളിലും വൃഥാ സ്ഥൂലത അനുഭവപ്പെടാം. അവ അനുവാചകർക്ക് അരോചകവാക്യമെന്ന് വിവർത്തകന് ബോധ്യമുണ്ടെങ്കിൽ അവ ഒഴിവാക്കുന്നതിൽ തെറ്റില്ല.

**നോവൽ വിവർത്തനം - പ്രധാന പ്രശ്നങ്ങൾ**

നോവൽ വിവർത്തനം പ്രധാനമായും അഭിമുഖീകരിക്കേണ്ടി വരുന്നത് ഭാഷാപരവും സാംസ്കാരികവുമായ പ്രശ്നങ്ങളാണ്. സാംസ്കാരികമായ അന്തരം എന്നും വിവർത്തകന് വെല്ലുവിളി ഉയർത്തി നിൽക്കുന്നു. ജനതയുടെ ആചാരാനുഷ്ഠാനങ്ങൾ ഭക്ഷണരീതികൾ, വേഷവിധാനങ്ങൾ ഉപചാരപദങ്ങൾ ബന്ധ സൂചകങ്ങൾ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ എല്ലാം വിവർത്തനത്തിന് വിലങ്ങുതടിയാണ്.

നോവലിലെ ഈ പ്രയാസങ്ങൾ എല്ലാം തന്നെ ചെറുകഥയിലും അനുഭവപ്പെടുന്നു. അതിനു പുറമെ ചെറുകഥയിൽ കാച്ചിക്കുറുക്കിയ പ്രയോഗങ്ങളും കുറിക്കുകൊള്ളുന്ന പദങ്ങളുമായിരിക്കും കഥാകൃത്തുക്കളുടെ പ്രത്യേകശൈലികളും വിവർത്തകന് ഭീഷണിയാണ്. ബഷീറിന്റെയും എം. ടി.യുടേയും ശൈലികൾ ഭിന്നമാണ്. വളരെ സംശ്ലിഷ്ടമായ പദങ്ങൾ മറ്റൊരു ഭാഷയിലേക്ക് അന്യൂനമായി വിവർത്തനം ചെയ്യുക ക്ലേശകരവുമാണ്. ഒപ്പം ഭാഷാഭേദം ചെറുകഥാകൃത്തിനെ പലപ്പോഴും ബുദ്ധിമുട്ടിക്കാറുണ്ട്.

# UNIT-7
# സാഹിത്യേതര വിവർത്തനം

## സാങ്കേതികഭാഷയും ഉപഭാഷയും

സാങ്കേതിക ഭാഷകളെ ചിലപ്പോൾ തൊഴിൽ മൊഴികളെന്നും വ്യവഹരിക്കാറുണ്ട്. മുക്കുവരുടെ ഭാഷ, ആശാരിമാരുടെ ഭാഷ, ഖനിത്തൊഴിലാളികളുടെ ഭാഷ തുടങ്ങിയവ ഉദാഹരണങ്ങൾ സാങ്കേതികഭാഷയെ ഭാഷയുടെ ഒരു ശൈലിയോട് തുലനം ചെയ്യാവുന്നതാണ്. സാങ്കേതിക ഭാഷയിൽ തന്നെ പല ശൈലികളും രൂപം കൊള്ളാറുണ്ട്. ശാസ്ത്രഭാഷയുടെ ചിഹ്നം അതിലെ ഔപചാരികശൈലി തന്നെ. നിർദ്ദേശപട്ടിക, പരസ്യം, പേറ്റന്റ് തുടങ്ങിയ സാങ്കേതിക ഭാഷാരീതികൾ ശാസ്ത്രശൈലിയിൽ തന്നെ വിഭിന്നരൂപങ്ങൾ സൃഷ്ടിക്കുന്നു. വളരെ സൂക്ഷ്മതയോടെ വ്യാഖ്യാനിച്ചിട്ടുള്ള പദപ്രയോഗവും കർമ്മിണി പ്രയോഗത്തിന്റെ ആവർത്തനവും ശാസ്ത്രഭാഷയുടെ പ്രത്യേകലക്ഷണമായി കണക്കാക്കാം.

രാഷ്ട്രങ്ങൾക്കിടയിൽ ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ ബന്ധവും സഹകരണവും ശക്തി പ്രാപിച്ചു വരുന്നതിനാൽ സാഹിത്യേതര വിവർത്തനത്തിന്റെ പ്രാധാന്യം വർദ്ധിച്ചു വരുന്നു. ബന്ധുത്വം പോലെ തന്നെ രാഷ്ട്രങ്ങൾ തമ്മിലുള്ള സ്പർദ്ധയും വിവർത്തനത്തിന് പ്രചോദനമാകാറുണ്ട്. യൂറോപ്പിലുണ്ടായ ശാസ്ത്ര സാങ്കേതിക പുരോഗതിയിൽ വിഭിന്ന രാഷ്ട്രങ്ങൾക്ക് പങ്കുണ്ട്.

ഭാഷയിൽ ശാസ്ത്ര സാങ്കേതികപദങ്ങൾ പുതുതായി രൂപം കൊള്ളുകയെന്നത് ആവർത്തിക്കുന്ന പ്രക്രിയയാണ്. ശാസ്ത്ര സാങ്കേതിക ഗ്രന്ഥങ്ങളും സാമഗ്രികളും വിവർത്തനം ചെയ്യുന്ന രീതിയെപ്പറ്റി ചിന്തിക്കുമ്പോൾ നാം ഏതുതരം സാമഗ്രി വിവർത്തനം ചെയ്യുന്നുവെന്നും ആർക്കുവേണ്ടി ചെയ്യുന്നു വെന്നുമുള്ള പ്രശ്നമാണ് ആദ്യമുദിക്കുന്നത്. സാമഗ്രികൾ രണ്ടുതരമുണ്ട്.

(1) തികച്ചും സാങ്കേതികം

(2) ലളിത ശാസ്ത്ര ഗ്രന്ഥം (Popular Science)

ലളിതശാസ്ത്രഗ്രന്ഥം വിവർത്തനം ചെയ്യുമ്പോൾ വിവർത്തകന് കൂടുതൽ സ്വാതന്ത്ര്യമുണ്ട്. അനുവാചകർക്ക് സുപരിചിതമായ പദങ്ങൾ ഉപയോഗിക്കാം. അവയിൽ സാങ്കേതികപദങ്ങൾക്കു പുറമെ അർധസാങ്കേതിക പദങ്ങളും സാമാന്യപദങ്ങളും ആകാം. ഇത്തരം വിവർത്തനത്തിൽ സുഗ്രാഹ്യതയും ഭാഷയുടെ ഒഴുക്കും അത്യന്താപേക്ഷിതമാകുന്നു.

ശാസ്ത്രഗ്രന്ഥങ്ങളിലൂടെ സവിശേഷഭാഷാശൈലി പലപ്പോഴും വിവർത്തനം ദുഷ്കരമാക്കും. ഇംഗ്ലീഷിലെ ശാസ്ത്രസാങ്കേതിക ഗ്രന്ഥങ്ങൾ ഭാരതീയ ഭാഷകളിലേക്ക് പദാനുപദവിവർത്തനം ചെയ്യുന്നതിന് പ്രധാന തടസം; രണ്ടു തരം ഭാഷകളിലും വാക്യഘടനകളുടെ അന്തരം തന്നെയാണ്. ശാസ്ത്രഭാഷയിൽ ഒരു സ്വരമാത്രപോലും അനാവശ്യമായി ചേർക്കാൻ പാടില്ല. ശാസ്ത്രസാങ്കേതിക പദങ്ങളുടെ അർത്ഥം ഗ്രഹിച്ച് അതിനു പറ്റിയ ലക്ഷ്യഭാഷാപദം കണ്ടു പിടിക്കുക, ദുഷ്കരം തന്നെ.

എങ്കിലും ശാസ്ത്ര സാങ്കേതികപദങ്ങൾ മലയാളത്തിലേക്ക് നേരിട്ട് സ്വീകരിച്ച് തൽസമരീതിയിൽ വിവർത്തനം ചെയ്യുകയെന്നത് പൂർണ്ണമായും യുക്തിസഹം തന്നെ. ശാസ്ത്ര സാങ്കേതിക ഗ്രന്ഥങ്ങളുടെയും സാമഗ്രികളുടെയും വിവർത്തനത്തിന് വ്യക്തികളുടെ സംഭാവന വളരെ വിലപ്പെട്ടതാണ്. ശാസ്ത്രവിവർത്തനം ഒരിക്കൽ ചെയ്തുകഴിഞ്ഞാൽ അത് പിന്നീടൊരിക്കലും പരിഷ്കരണത്തിനു വിധേയമല്ലെന്ന് വിചാരിക്കരുത്. പല മാനദണ്ഡങ്ങൾ ഉപയോഗിച്ച് മൂന്നോ അഞ്ചോ വർഷങ്ങൾ കൂടുമ്പോൾ ഇവ പരിശോധിക്കേണ്ടതും പരിഷ്കരിക്കേണ്ടതുമാണ്.

## ഭരണഭാഷ

ഭരണത്തിനുപയോഗിക്കുന്ന ഭാഷയാണ് ഭരണഭാഷ. കേരളത്തിലെ ഭരണഭാഷ മലയാളമാണ്. കേരളത്തിലെ ഭരണഭാഷയെ നാല് കാലഘട്ടങ്ങളായി തിരിക്കാം.

1. തമിഴ് സ്വാധീനമുള്ള മലയാളവും സംസ്കൃതപദങ്ങളും ധാരാളം ഇടകലർത്തി ഉപയോഗിച്ചിരുന്ന ആദ്യകാലഘട്ടം.

2. ഡൽഹി, മൈസൂർ തുടങ്ങിയ സ്ഥലങ്ങളിലെ ഭരണത്തെ അനുകരിച്ച് പേർഷ്യൻ അറബി പദങ്ങൾ ഇടകലർത്തി എഴുതി വന്ന രണ്ടാം ഘട്ടം. ഇംഗ്ലീഷിലും പേർഷ്യനിലുമാണ് കേരളത്തിലെ ഭരണകൂടം എഴുത്തുകുത്ത് നടത്തിയിരുന്നത്. അതിന് പ്രത്യേകം ഉദ്യോഗസ്ഥൻമാരുണ്ടായിരുന്നു. അത്തരം എഴുത്തുകുത്തുകൾ അപ്പപ്പോൾ തർജ്ജമ ചെയ്ത് മലയാളത്തിൽ രേഖയാക്കി സൂക്ഷിക്കുകയും ചെയ്തു.

3, ബ്രിട്ടീഷ് ഭരണം ഇന്ത്യയൊട്ടുക്ക് സ്ഥാപിതമായതോടെ കേരളത്തിലെ ഭരണകൂടവും ഇംഗ്ലീഷ് ആയി തീർന്ന കാലഘട്ടമാണ് മൂന്നാംഘട്ടം.

4. പഴയ ഭരണഭാഷ ഏതാണ്ട് മറന്നുവെന്ന് കരുതിയ ഘട്ടത്തിൽ മലയാളം വീണ്ടും ഭരണഭാഷയായി അംഗീകരിക്കപ്പെട്ടു. അതിനനുസരിച്ച് ഭരണരേഖകൾ മലയാളത്തിലെഴുതണമെന്ന ആവശ്യമുദിച്ചു. അതിന് വിവർത്തനം അനുപേക്ഷണീയമായിതീരുകയും ചെയ്തു.

**ഭരണഭാഷയുടെ വിവർത്തന പ്രശ്നങ്ങൾ**

ഭരണഭാഷയുടെ വിവർത്തനത്തിൽ പ്രായോഗികമായി വരുന്ന പ്രശ്നങ്ങൾ അനേകമുണ്ട്.

1. പദങ്ങൾ, (2) വാക്യശൈലി (3) ചട്ടക്കൂട് എന്നീ മൂന്ന് ശീർഷകങ്ങളിൽ ഇവയെ ക്രോഡീകരിക്കാമെന്ന് തോന്നുന്നു. ഭരണഭാഷയിൽ വരുന്ന പദങ്ങൾ തന്നെ മൂന്നു വിധമുണ്ട്.

a. സാമാന്യവ്യവഹാര ഭാഷയിലുള്ളതും അതേ അർത്ഥത്തിൽ പ്രയോഗിക്കുന്നതുമായ പദങ്ങൾ.

b. വ്യവഹാരഭാഷയിലും ഭരണഭാഷയിലും പ്രയോഗിക്കപ്പെടുന്നുവെങ്കിലും ഭരണഭാഷയിൽ വ്യത്യ സ്താർത്ഥത്തിൽ പ്രയോഗിക്കുന്നവ.

c. ഭരണരംഗത്തു മാത്രം പ്രയോഗിക്കുന്നവ.

ഭരണഭാഷ, തികച്ചും സാങ്കേതികമാണ്. സാഹിത്യഭാഷയിലെപോലെ ഭരണഭാഷയിൽ പര്യായപദങ്ങളും അലങ്കാരങ്ങളും മറ്റും അനുവദനീയമല്ല. പൂർണപദങ്ങളുടെ വിവർത്തനത്തിൽ വിഷമമില്ല. അവയുടെ സംക്ഷിപ്ത രൂപത്തിന് സംക്ഷിപ്ത വിവർത്തനം വേണം. നിയമനിർമ്മാണം, ഭരണം നീതിന്യായ നിർവഹണം തുടങ്ങിയ രംഗങ്ങളിൽ പുതിയ പുതിയ ആക്ടുകൾക്കും മറ്റും രൂപം നൽകുമ്പോൾ അവയോടനുബന്ധിച്ച് ഒട്ടേറെ പുതിയ പദങ്ങൾ വരും. അവയ്ക്കുടനുടൻ തർജമ കണ്ടു പിടിക്കുന്നത് പ്രയാസമായി വരും.

വിവർത്തനത്തിൽ വരുന്ന ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ ഭരണ ശബ്ദാവലിയിൽ വിവർത്തന മാർഗ രേഖ വിശദീകരിച്ചിട്ടുണ്ട്.

1. ധാരാളം പ്രചരിച്ചിട്ടുള്ള ഇംഗ്ലീഷ് പദങ്ങൾ മലയാളത്തിലും സ്വീകരിക്കുക.

2. മലയാളത്തിൽ നടപ്പിലായിട്ടുള്ള ശരി തർജ്ജമ സ്വീകരിക്കുക - പ്രചാരത്തിലില്ലെങ്കിലും തക്കതായ മലയാള പദം സ്വീകരിക്കാൻ ശ്ര്മിക്കുക.

3. കേന്ദ്രഗവൺമെന്റിലെ ശാസ്ത്രസാങ്കേതിക പദാവലി കമ്മീഷൻ പണ്ഡിതൻമാരെ കൊണ്ട് തയ്യാറാക്കി വെച്ച പദങ്ങൾ മിക്കവാറും സ്വീകരിക്കുക. മലയാളശൈലിക്ക് ചേരാത്തത് ഉപേക്ഷിക്കുക.

**മീഡിയ ട്രാൻസ്ലേഷൻ - വിവർത്തനവും മാധ്യമങ്ങളും**

ഇന്ത്യയിൽ ഏറ്റവുമധികം വിവർത്തനം നടക്കുന്നത് പത്രങ്ങളിലാണ്. ദിവസേനയെന്നോണം ആയിരക്കണക്കിനു പേജുകളും പരിഭാഷയ്ക്ക് വഴങ്ങാത്ത നിരവധി പദങ്ങളും ചുരുങ്ങിയ സമയം കൊണ്ട് അവർ പരിഭാഷപ്പെടുത്തുന്നു. ഭാഷയിലില്ലാത്ത നിരവധി പദങ്ങളും പ്രയോഗങ്ങളും നിമിഷം പ്രതിയെന്നോണം തത്ഭവങ്ങളായും തത്സമങ്ങളായും വന്നു കൊണ്ടിരിക്കുന്നു. പത്രം, റേഡിയോ, ടെലിവിഷൻ ഇവ പ്രവർത്തിക്കുന്നത് ഏതെങ്കിലും പ്രത്യേക വിഭാഗത്തെ ഉദ്ദേശിച്ചല്ല എല്ലാ ജനങ്ങളേയും ഉദ്ദേശിച്ചാണ്. ഒരു

പത്രപ്രവർത്തകന് അയാൾക്കിഷ്ടമുള്ളത് ഇഷ്ടമുള്ളവർക്കുവേണ്ടി എഴുതാൻ സാധിക്കില്ല. വായിക്കുന്ന എല്ലാവരേയും പ്രീതിപ്പെടുത്തണം.

തർജമക്കാരന് തലവേദനയുണ്ടാക്കുന്നതും ഇംഗ്ലീഷിലായാലും മലയാളത്തിലായാലും പ്രത്യേക പരിജ്ഞാനമില്ലാത്തവർക്ക് പിടികിട്ടാത്തതുമായ എത്രയോ ആശയങ്ങളും വാക്കുകളും ദിനം പ്രതിയെന്നോണം പത്രങ്ങളിലും റേഡിയോയിലും സിനിമയിലും മറ്റും തള്ളിക്കളയറുന്നുണ്ട്. അമ്പരപ്പിക്കുന്ന വേഗതയിലാണ് ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും വളർച്ച. എന്നാൽ ഞൊടിയിടയിൽ വളർന്നു കൊണ്ടിരിക്കുന്ന ശാസ്ത്രത്തിനനുഗതമായി ഭാഷയിൽ വളർച്ചയുണ്ടാവുന്നില്ല. ഇത് മാധ്യമ മേഖലയിലെ വിവർത്തനത്തേയും സാരമായി ബാധിക്കാറുണ്ട്.

EG: Tamil Nadu goes dry എന്നതിന് തമിഴ്നാട്ടിൽ ഉഗ്രവരൾച്ച എന്ന് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

**വിവർത്തനത്തിന്റെ പൊതുതാത്പര്യങ്ങൾ**

തർജ്ജമയിൽ പലരീതികളും സമ്പ്രദായങ്ങളും പരിഭാഷകന്റെ ദർശനമനുസരിച്ചും കൃതിയുടെ പ്രത്യേകതകളനുസരിച്ചും ആവശ്യമായി വരും എങ്കിലും അനിഷേധ്യമായ ചില അടിസ്ഥാന പ്രമാണങ്ങളുണ്ട്.

1. **മൂലപാഠത്തിന്റെ രൂപഘടന പാടേ തകർക്കാതിരിക്കുക.**

കഥ, കവിത നാടകം, നോവൽ എന്നിങ്ങനെയുള്ള വിവിധ സാഹിത്യരൂപങ്ങൾക്ക് അതിന്റേതായ രൂപഘടനയുണ്ട്. അവ തകർക്കാൻ പാടില്ല.

മൂലഗ്രന്ഥകാരന്റെ കാഴ്ചപാടെന്തെന്നതു ശരിയായി ധരിക്കാതെ തനിക്കു മനസ്സിലായ പാഠം മാത്രം ധിറുതി പിടിച്ചു തർജജമ ചെയ്യുന്നത് പലപ്പോഴും വിപരീതഫലം സൃഷ്ടിക്കും.

3. **മൂലപാഠശാലകൾ സമ്പൂർണ്ണമായി പരിഭാഷ ചെയ്യുക.**

പരിഭാഷയിൽ തികച്ചും അപ്രസക്തമായ ചില വാക്കുകളോ പ്രയോഗങ്ങളോ വിട്ടുകളയേണ്ടി വന്നേക്കാം എന്നല്ലാതെ കൃതിയുടെ ജൈവഘടനയെ ഉലക്കുന്ന ഭാഗങ്ങളൊന്നും വിട്ടുകളയരുത്.

ഓരോ ഭാഷയ്ക്കും അതിന്റേതായ ശൈലികളും പ്രയോഗങ്ങളുമുണ്ട്. അവ അതേപടി മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നത് സാഹസമായിരിക്കും.

5. സഗ്രോത്ര-സമ്പർക്കഭാഷകൾ തമ്മിലുള്ള വിവർത്തനത്തിൽ മൂലപാഠപദകോശം കഴിവതും നിലനിർത്തുക.

സ്തോത്രഭാഷയിലെ ഒരു പദത്തിന് ലക്ഷ്യഭാഷയിൽ അതേ അർത്ഥമാണുള്ളതെങ്കിൽ ആ പദം പരിഭാഷയിൽ സ്വീകരിക്കണം.

**പിൻപരിവർത്തനം (Back translation/Round trip trasnslation)**

ഒരു ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ട ഒരു പദത്തേയൊ പ്രയോഗത്തേയോ പാഠത്തേയോ മൂലഭാഷാപാഠത്തെ ആശ്രയിക്കാതെ തിരിച്ച് അതേ ഭാഷയിലെക്ക് വിവർത്തനം ചെയ്യുന്ന പ്രക്രിയയാണ് പിൻവിവർത്തനം. വിവർത്തനത്തിന്റെ സൂക്ഷ്മത പരിശോധിക്കാനുള്ള ഒരു ഉപാധിയാണിത്. സർഗാത്മക കൃതികൾ ഇപ്രകാരം പിൻവിവർത്തനം ചെയ്താൽ മൂലകൃതിയോട് അടുപ്പമുള്ള പാഠം കൂട്ടുക നന്നേ പ്രയാസമായിരിക്കും. മലയാളത്തിലുള്ള ഒരു കവിത ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യുന്നു എന്നുവെക്കുക. ഈ വിവർത്തനത്തിൽ തന്നെ വൃത്തം പ്രാസം തുടങ്ങി പലതും നഷ്ടപ്പെട്ടിരിക്കും. ഈ വിവർത്തിത പാഠത്തെ മറ്റൊരാൾ മൂല കൃതിയെ ആശ്രയിക്കാതെ മൂലഭാഷയിലേക്കു പരിഭാഷപ്പെടുത്തിയാൽ അ കവിതയുടെ ആദിമരൂപം കിട്ടുകയില്ല. എന്നാൽ മൂലകൃതി അപ്പാടെ നഷ്ടപ്പെട്ടുപോയിട്ടുള്ള സാഹചര്യത്തിലും പിൻവിവർത്തനം സഹായകരമാണ്. ചരിത്ര രേഖകൾ ശാസനങ്ങൾ എന്നിവയുടെ പരിഭാഷ പലപ്പോഴും ലഭ്യമായിരിക്കും. പക്ഷേ മൂല പാഠം നഷ്ടപ്പെട്ടിക്കും. അത്തരം സന്ദർഭങ്ങളിൽ മൂലപാഠം പുന:സൃഷ്ടിക്കാൻ പിൻവിവർത്തനം ഉപകരിക്കും. യന്ത്രപരിഭാഷയുടെ വിശ്വാസ്യത പരിശോധിക്കാനും പിൻവിവർത്തനം ഗുണകരമാണ്.

# UNIT-8
## വിവർത്തന രീതികൾ

വിവർത്തന പ്രക്രിയയുടെ ആന്തരികമായ ആശയം എല്ലായിടത്തും പൊതുവെ ഒന്നു തന്നെ. എങ്കിലും വിവർത്തനശാസ്ത്രത്തിൽ ഇതിന്റെ വിവിധ വിഭാഗങ്ങളെപ്പറ്റി വിവരിച്ചിട്ടുണ്ട്.

മാധ്യമമനുസരിച്ച് – 3 വിധം.

**1) പ്രതീകാശ്രിതം**

ഭാഷ നമ്മുടെ മനസ്സിൽ നിന്ന് പുറപ്പെടുന്ന ആശയങ്ങൾ കൊണ്ട് നിർമ്മിച്ചതാണല്ലോ. ഒരേ ഭാഷയിൽ പദ്യത്തിൽ പറഞ്ഞകാര്യം ഗദ്യത്തിലും മറിച്ചും വിവരിക്കാവുന്നതാണ്. ഇത്തരം വിവർത്തനം ഏകഭാഷാമയമാണെങ്കിലും ഒന്നു മറ്റൊന്നിന്റെ വിവർത്തനം തന്നെ. ഇതിന്റെ ഏക ഭാഷിതമെന്നോ അന്തർ ഭാഷികമെന്നോ വ്യവഹരിക്കണം.

അടുത്തത് ഒന്നിലധികം ഭാഷകളിലെ കാര്യങ്ങൾ പരസ്പരം വിവർത്തനം ചെയ്യലാണ്. ഇതാണ് സാമാന്യേന വിവർത്തനമെന്ന് വ്യവഹരിക്കപ്പെടുന്നത്. ഉദാ: ഇംഗ്ലീഷിൽ നിന്നോ ഹിന്ദിയിൽ നിന്നോ ഒക്കെ മലയാളത്തിൽ ഉള്ള വിവർത്തനം ഈ വിഭാഗത്തിൽപെടുന്നു. ഇതിനെ ദ്വൈ ഭാഷിക വിവർത്തനം എന്നു പറയാം.

മൂന്നാമത്തെ വിവർത്തനം ഭാഷയെ മാത്രമാശ്രയിക്കാതെ ആശയാവിഷ്ത്തരണത്തിനുതകുന്ന മറ്റു പ്രതീകങ്ങളെ കൂടി ആശ്രയിക്കുന്നു. ഉദാ: കാളിദാസന്റെ ശ്ലോകത്തെ രവിവർമ്മ ചിത്ര പ്രതീകത്തിലേക്ക് വിവർത്തനം ചെയ്യുന്നതും നോവൽ നാടകമാക്കുന്നതും. ഇതിന് അന്ത:പതീകാത്മകം എന്നു പറയുന്നു.

**2. ഭാഷാശ്രിതം**

ഭാഷാശ്രിത വിഭജനത്തിൽ അർത്ഥാധിഷ്ഠിതം എന്നും രൂപാധിഷ്ഠിതമെന്നു രണ്ടു വിഭാഗങ്ങളുണ്ട്. ആർത്ഥാധിഷ്ഠിതമായ വിവർത്തനം രണ്ടു പ്രകാരത്തിലുണ്ട്.

1) ലിഖിത വിവർത്തനം (Translation)

2) വാചിക വിവർത്തനം (Interpretation)

കടലാസിൽ സാധാരണ ചെയ്യാറുള്ളത് ലിഖിത വിവർത്തനം. വാചിക വിവർത്തനം പലപ്പോഴും അല്പം വ്യഖ്യാനം അഥവാ വിശ്ലേഷണം കൂടി ഉൾക്കൊള്ളുന്നു. രണ്ടു വിഭിന്നഭാഷക്കാർ മൂന്നാമതൊരുവന്റെ സഹായത്തോടെ ആശയങ്ങൾ കൈമാറുന്ന പ്രക്രിയയാണിത്.

ഭാഷാ രൂപത്തെ (രൂപാധിഷ്ഠിത വിവർത്തനത്തെ) അടിസ്ഥാനമാക്കി 1. പദ്യവിവർത്തനം, 2. ഗദ്യ വിവർത്തനം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളുണ്ട്.

**3. ലേഖനാശ്രിതം**

ലേഖനാശ്രിതമെന്ന വിഭാഗത്തിൽ സ്രോതഭാഷയിലെ ചിലപദങ്ങളും പേരുകളും മറ്റും ലക്ഷ്യഭാഷയിൽ വിവർത്തനം ചെയ്യുക സാധ്യമല്ല. അവ ലക്ഷ്യ ഭാഷയുടെ ലിപിയിൽ എഴുതുക മാത്രമേ തരമുള്ളു. അതുകൊണ്ട് തന്നെ രണ്ടു തരത്തിലാകാം.

1. ലിപ്യങ്കനം
2. ലിപ്യന്തരണം.

ലിപ്യങ്കനത്തിൽ സ്രോതഭാഷയിലെ പദങ്ങൾ നാം കേൾക്കുന്ന ഉച്ചാരണമനുസരിച്ച്

ഉദാ: Bonafid - ബോണാപിട്ട്
malafid - മേലപിട്ട്
Alibi - ആലുപ്പി

ലിപ്യന്തരണത്തിൽ ശ്രോതഭാഷയിലെ പദങ്ങൾ അവയുടെ ലിപി ചിഹ്നങ്ങൾക്കുപകരം ലക്ഷ്യഭാഷയിലെ ലിപി ചിഹ്നങ്ങൾ ഉപയോഗിച്ച് അവതരിപ്പിക്കുന്നു. പലപ്പോഴും സ്രോതഭാഷയിലെ ലിപി പ്രതിനിധീകരിക്കുന്ന വർണം ലക്ഷ്യ ഭാഷയിലില്ലാതെവരാം. അവിടെ ലക്ഷ്യ ഭാഷയിലെ വർണ്ണങ്ങൾ കൊണ്ട് തൃപ്തിപെടേണ്ടിവരും.

ലിപ്യന്തരണത്തിന്റെ ശാസ്ത്രീയ രൂപം അന്താ രാഷ്ട്ര ധ്വനി ലിപി ഉപയോഗിച്ച് പ്രയോഗിക്കാവുന്നതാണ്. ഏതു ഭാഷയിലേയും പ്രത്യേകലിപി ചിഹ്നങ്ങൾ കൂടുതലായി ഉപയോഗിച്ച് ഏത് ഭാഷയിലേയും ഉച്ചാരണം സംരക്ഷിക്കാവുന്നതാണ്.

സ്രോതഭാഷയിലെ ആശ്രയം ലക്ഷ്യഭാഷയിലേക്ക് വിവർത്തനം ചെയ്യുകയാണ് വിവർത്തനത്തിന്റെ കാതാലായ പ്രവർത്തനം. ഭാഷയ്ക്ക് രണ്ടു ഭാഗമുണ്ടല്ലോ ശബ്ദം, അർത്ഥം. വിവർത്തനത്തിൽ ഇവയിൽ ഏതിന് എത്ര പ്രാധാന്യം നൽകുന്നുവെന്നതിനനുസരിച്ച് വിവർത്തനത്തിന് അഞ്ചു വിഭാഗങ്ങൾ കല്പിച്ചിട്ടുണ്ട്.

1. ശബ്ദാർത്ഥ വിവർത്തനം ( Literal translation )
2. പദാനുപദ വിവർത്തനം (Word for word translation)
3. ആശയ വിവർത്തനം (Faithfull translation)
4. സ്വതന്ത്ര വിവർത്തനം (Free translation)
5. ആശയരൂപാന്തരണം (Adaptation)

### 1. ശബ്ദാർത്ഥ വിവർത്തനം (Literal translation)

വിവർത്തനത്തിന്റെ ഏറ്റവും സാധാരണമായ രീതി ഇതാണ്. ഇതിൽ സ്രോതഭാഷയിലെ പദങ്ങളോ വാക്യങ്ങളോ വിടാതെ അവയുടെ ആശയം ലക്ഷ്യ ഭാഷയിലെ വാക്യഘടന അനുസരിച്ച് അവതരിപ്പിക്കുന്നു.

### 2. പദാനുപദ വിവർത്തനം (Word for Word translation)

വിവർത്തനമെന്നു കേൾക്കുമ്പോൾ പെട്ടന്ന് ഓർമ്മയിൽ വരുന്നത് പദാനുപദ വിവർത്തനമാണ്. പദാനുപദ വിവർത്തനത്തിൽ സ്രോതഭാഷയിലെ വാക്യഘടനാക്രമവും കൂടി വേണമെന്ന് തെറ്റിദ്ധരിക്കാറുണ്ട്. അങ്ങനെയല്ല മൂല ഭാഷയിലെ പദങ്ങളുടെ അഭിധാർത്ഥമതുപോലെ വിവർത്തനം ചെയ്യുക എന്നേ അർത്ഥമുള്ളു. ശാസ്ത്രം, നിയമം, മതം എന്നിവ സംബന്ധിച്ച ഗ്രന്ഥങ്ങളിൽ ഇതുകൂടിയേ കഴിയൂ. എന്നാൽ സാഹിത്യത്തിൽ ഇതു പലപ്പോഴും പരിഹാസ്യമായിതീരും. വിവർത്തനം പഠിക്കുന്ന ആരംഭഘട്ടത്തിൽ വരുന്നതാണീ രീതി.

### 3. ആശയ വിവർത്തനം (Faithful translation)

സ്രോതഭാഷയിലെ കൃതിയുടെ ആശയം ലക്ഷ്യഭാഷയിൽ തെറ്റുകൂടാതെയും തെറ്റിദ്ധരിപ്പിക്കാതെയും അവതരിപ്പിക്കുന്ന രീതിയാണിത്. ഇതിൽ സ്രോതഭാഷയിലെ ശൈലികൾ തുടങ്ങിയവ ചിലപ്പോൾ മാറാം. സ്രോതഭാഷയിലെ രണ്ടും മൂന്നും വാക്യങ്ങൾ ലക്ഷ്യഭാഷയിൽ ഒന്നാക്കേണ്ടിയും ചിലപ്പോൾ മറിച്ചും വരാം. ഇതിനൊക്കെ അനുമതിയുള്ള രീതിയാണ് ആശയ വിവർത്തനം . എന്നാൽ ശാസ്ത്രകൃതികളിൽ ഈ രീതി ആശാസ്യമല്ല.

### 4. സ്വതന്ത്ര വിവർത്തനം (Free translation)

ആശയ വിവർത്തനവും സ്വതന്ത്രവിവർത്തനവും തമ്മിൽ നേരിയ വ്യത്യാസമേ ഉള്ളു. സ്രോതഭാഷാ രൂപത്തോട് വിവർത്തകൻ കാണിക്കുന്ന സ്വാതന്ത്ര്യത്തിന്റെ അളവു വർദ്ധിക്കുമ്പോൾ അതു സ്വതന്ത്ര വിവർത്തനമാകുന്നു. സ്രോതഭാഷയിലെ പ്രധാനപ്പെട്ട ആശയം നഷ്ടപെടാതെ സ്വന്തം ശൈലിയിൽ നടത്തുന്ന വിവർത്തനമാണ് സ്വതന്ത്ര വിവർത്തനം. സ്വതന്ത്ര വിവർത്തനത്തിൽ മൂല കൃതിയിലെ ചില വാക്യങ്ങളും മറ്റും വിട്ടകളഞ്ഞുവെന്നു തന്നെ വരാം. ആശയ വിവർത്തനത്തിൽ മൂലകൃതിയുടെ ഭാഗങ്ങൾ വിടാനോ ക്രമം മാറാനോ അനുവാദമില്ല. സ്വതന്ത്ര വിവർത്തനത്തിൽ രണ്ടും സംഭവിക്കാം. ഇതിൽ പ്രാധാന്യം ലക്ഷ്യ ഭാഷയിലെ വായനക്കാർക്കു ഹൃദ്യമായ രീതിയിൽ നല്ല ഒഴുക്കോടെ വിവർത്തനം ചെയ്യുകയാണ്. നോവൽ വിവർത്തിന് അനയോജ്യമായ രീതി കൂടിയാണിത്.

### 5. ആശയ രൂപാന്തരണം (Adaptation)

സ്രോതഭാഷയിലെ കഥയും മറ്റും ലക്ഷ്യഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതിനോടൊപ്പം ദേശ പത്രാധികളുടെ നാമരൂപങ്ങളും മറ്റും ലക്ഷ്യഭാഷാനുസൃതമായി വിവർത്തനം ചെയ്യുകയാണ് ഇതിലെ രീതി.

ഉദാ: 'ഒഥല്ലോ' എന്ന കൃതി 'ദുരന്തശങ്ക' എന്ന പേരിൽ നടത്തിയ വിവർത്തനം.

ഈ വിഭാഗത്തിൽപെട്ട വിവർത്തനം ഒരു സ്ഥലത്തു വളർന്ന ചെടിയെ മറ്റൊരു സ്ഥലത്തേക്ക് പറിച്ചു നടുന്നതുപോലെയാണ്. പുതിയ സ്ഥലത്ത് അനുകൂലമായ കാലാവസ്ഥയും വളവുമില്ലെങ്കിൽ ചെടി വാടിക്കരിയും. അതുപോലെ രൂപാന്തരണത്തിൽ പേരും ഊരും മാത്രം മാറ്റിയാൽ പോരാ കഥ മുഴുവനും പുതിയ ഭാഷയിലെ സംസ്ക്കാരത്തിനു യോജിച്ച രീതിയിൽ മാറ്റേണ്ടിവരും. ഈ വിവർത്തന രീതി ഇപ്പോൾ ചലച്ചിത്ര രംഗത്ത് ധാരാളം കാണാം. ഇംഗ്ലീഷ് ഹിന്ദി, സിനിമകളുടെ രൂപാന്തരണം മലയാളത്തിലും വരാറുണ്ടല്ലോ.

വിവർത്തനത്തിന്റെ മേൽപറഞ്ഞ അഞ്ചു രീതികളിൽ ഏതാണു വേണ്ടതെന്ന് സന്ദർഭവും ഔചിത്യവുമനുസരിച്ച് വിവർത്തകൻ നിശ്ചയിക്കുന്നു.

### വാചാവിവർത്തനം

വിവർത്തനമെന്ന പദം കൊണ്ട് സാധാരണ വിവക്ഷിക്കുന്നത് ലിഖിത വിവർത്തനമാണ്. എന്നാൽ വാചാ വിവർത്തനവും ലിഖിത വിവർത്തനം പോലെ തന്നെയോ അതിലധികമോ പ്രാധാന്യമർഹിക്കുന്നു. ഐക്യരാഷ്ട്രസംഘടനയുടെ യോഗങ്ങൾ, വിവിധരാഷ്ട്രങ്ങളിലെ തലവൻമാരുടെ കൂടി കാഴ്ച്ചകൾ, രാഷ്ട്രീയ പ്രചാരണയോഗങ്ങൾ, മതപ്രഭാഷണങ്ങൾ, വിദേശീയ ഭാഷാ സാഹിത്യകാരൻമാരുടെ പ്രസംഗങ്ങൾ തുടങ്ങിയവയെല്ലാം വാചാ വിവർത്തനം ആവശ്യപ്പെടുന്നു.

വാചാ വിവർത്തനം എന്ന ശാസ്ത്രീയ സംജ്ഞയ്ക്ക് സാധാരണ സംഭാഷണത്തിൽ പരിഭാഷ എന്ന സംജ്ഞയും ഉപയോഗിക്കാം.

### ആശു വിവർത്തനം

മറ്റൊരു ഭാഷയിലെ പ്രസംഗം തർജമ ചെയ്തു ഫലിപ്പിക്കുന്നത് ദുഷ്കരമായ കാര്യമാണ്. ഇതിൽ വിവർത്തകൻ ആദ്യമായി പ്രസംഗകന്റെ ഭാഷമാത്രമല്ല പ്രസംഗ വിഷയവും പ്രസംഗകന്റെ ഭാഷാ ശൈലി, ഉച്ചാരണരീതി എന്നിവയുമായി പരിചിതനാകണം. അതു കൊണ്ടാണ് രാഷ്ട്രത്തിലെ പ്രധാനികൾ വിദേശത്തു പോകുമ്പോൾ സ്വന്തം ദ്വിഭാഷികളെ കൊണ്ടുപോകുന്നത്. പ്രസംഗകന്റെ ഭാഷയിലെന്നപോലെ തന്നെ ശ്രോതാക്കളുടെ ഭാഷയിൽ വിഷയമവതിരിപ്പിക്കാൻ ദ്വിഭാഷിക്ക് കഴിയണം. ആ ലക്ഷ്യഭാഷ വെറും അച്ചടി ഭാഷായാകതെ ശ്രോതാക്കൾക്ക് ഹിതമായ ഭാഷാരീതിയിൽ ഉള്ളതായിരിക്കണം.

ആശു വിവർത്തനം അഥവാ പ്രസംഗ വിവർത്തനം രണ്ടു രീതിയിലുണ്ട്.

#### 1) സവിരാമ തർജമ

പ്രസംഗികൻ കഴിവതും ചെറു വാക്യങ്ങൽ മാത്രം പ്രയോഗിക്കുന്നതിൽ ശ്രദ്ധിക്കുകയും വിവർത്തകന് സംസാരിക്കാനായി ഇടക്കിടെ താൻ സംസാരിക്കുന്നത് നിർത്തിവെക്കുകയും ചെയ്യുന്നു. ഉക്ത മാധ്യമത്തിലൂടെ ആദ്യം സ്രോതഭാഷാ പ്രസംഗവും ഉടൻതന്നെ അതു ലക്ഷ്യഭാഷയിലൂടെയും കേൾക്കാനിടവരിക എന്നതാണ് ഇതിന്റെ ഫലം. മിക്ക രാഷ്ട്രീയ നേതാക്കളും മതപ്രവാചകരും ഇഷ്ടപ്പെടുന്ന മാർഗ്ഗവും ഇതുതന്നെ.

#### 2) അവിരാമ തർജ്ജമ

തട്ടും തടവുമില്ലാതെ സ്രോത പ്രസംഗം, അതിന്റെ അവസാനം വരെ നീണ്ടുപോകുന്നു. ഏറ്റവും ഒടുവിൽ വിവർത്തകൻ ലക്ഷ്യഭാഷയിലേക്കുള്ള പ്രസംഗ തർജ്ജമ ഇടകൊണ്ടും നിർത്താതെ ലക്ഷ്യഭാഷ മാത്രം അറിയാവുന്ന ശ്രോതാക്കൾക്കുവേണ്ടി അവതരിപ്പിക്കുന്നു. സ്വന്തം പ്രഭാഷണം മുഴുമിപ്പിച്ചിട്ട് പ്രസംഗവേദി വിവർത്തകനുവേണ്ടി പൂർണ്ണമായും ഒഴിഞ്ഞു കൊടുക്കുകയും ആവശ്യമാണെങ്കിൽ സ്ഥലം

വിടുകയും ചെയ്യാനുള്ള സ്വാതന്ത്ര്യം സ്രോതപ്രസംഗകനുണ്ട് എന്നതാണ് ഈ സമ്പ്രദായത്തിലെ മെച്ചം. വിവർത്തകന്റെ ചുമതല ഇവിടെ ഭാരിച്ചതാണ്. ശ്രോതാക്കളുടെ മുൻപിൽ അവിചിഹ്ന ധാരമായ ഒരു പ്രസംഗം അവതരിപ്പിപ്പിക്കുന്നതിനൊപ്പം മൂലപ്രഭാഷണത്തിലെ ആശയ ഗതിയോടു നീതി പുലർത്തുന്നതിലും അങ്ങേയറ്റം ശ്രദ്ധിക്കേണ്ടതുണ്ട്. ചുരുക്കെഴുത്തും തനിക്കു സ്വന്തമായ പല സങ്കേതങ്ങളുപയോഗിച്ചും തയ്യാറക്കുന്ന കുറിപ്പുകൾ ഇത്തരം സന്ദർഭങ്ങളിൽ വിവർത്തകനു സഹായകമായിരിക്കു.

**പ്രത്യക്ഷ വിവർത്തനം**

ഒരു ഭാഷയിൽ നിന്ന് മറ്റൊരു ഭാഷയിലേക്കു നേരിട്ടു മൊഴിമാറ്റം നടത്തുന്നത് പ്രത്യക്ഷ വിവർത്തനം.

ഉദാ: കാളിദാസ ശാകുന്തളം 1789 ൽ വില്യം ജോൺസ് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തു.

**പരോക്ഷ വിവർത്തനം**

ഒരു വിവർത്തിത കൃതിയിൽ നിന്ന് മറ്റൊരു ഭാഷയിലേക്കുള്ള വിവർത്തനത്തെയാണ് പരോക്ഷ വിവർത്തനം എന്നു പറയുന്നത്.

ഉദാ: കാളിദാസ ശാകുന്തളം 1879 ൽ വില്യം ജോൺസ് ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തു. ഈ വിവർത്തിത പാഠത്തെ ആസ്പദമാക്കി 1971 ൽ ജോർജ് ഫോറസ്റ്റർ ആ കൃതിയുടെ ജർമ്മൻ ഭാഷാവിവർത്തനം രചിച്ചു. ജോൺ ഫോറസ്റ്റർ നടത്തിയ ഈ പ്രക്രിയ പരോക്ഷ വിവർത്തനത്തിന് ഉദാഹരണമാണ്.

# MODULE II

## UNIT-9

### അപ്രാപ്യമായ ഒരു വിതാനം

ബഷീർ കൃതികളുടെ വിവർത്തനം നിർവഹിക്കവേ തങ്ങൾക്ക് നേരിട്ട വിവിധ പ്രശ്നങ്ങൾ ഈ പുസ്തകത്തിന്റെ അവതാരികയിൽ ആഷർ വിസ്തരിക്കുന്നുണ്ട്. ഒരു നിശ്ചിത ഭാഷയുടെയും സാംസ്കാരിക സാഹചര്യത്തിന്റെയും ഉൽപന്നമായ സർഗ്ഗാത്മക സാഹിത്യം മറ്റൊരു ഭാഷയിലേയ്ക്കും സാംസ്കാരിക സാഹചര്യത്തിലേയ്ക്കും പകരുമ്പോൾ സാധാരണ നേരിടാറുള്ളവ തന്നെ ഇവയിൽ പലതും. ഇവയ്ക്ക ആവുന്നത്ര പ്രഗൽഭമായി പരിഹാരങ്ങൾ കണ്ടെത്തിയിരിക്കുന്നു എന്നതിലത്രേ ആഷർ ചെയ്ത ഈ വിവർത്തനം യഥാർത്ഥത്തിൽ നിസ്തുലമാവുന്നത്.

എന്നാൽ ഈ പരിഹാരങ്ങൾ, ഇവ കണ്ടെത്താനുള്ള പണ്ഡിതോപിതമായ യത്നങ്ങൾ-എല്ലാം അന്തിമ വിശകലനത്തിൽ നമ്മെ നയിക്കുന്നത് മൂലകൃതിയുടെ നിസ്തുലത എന്ന അംശത്തിലേയ്ക്കു തന്നെ. ഒറ്റ ദൃഷ്ടാന്തം മാത്രം സ്പർശിക്കാം. സുഹ്റയും മജീദും തങ്ങളുടെ സംവാദങ്ങലിൽ സ്വച്ഛന്ദമായി ഉപയോഗിച്ചുപോരുന്ന സംബോധനയുണ്ടല്ലോ. 'ചെറുക്കൻ' എന്നും 'പെണ്ണ്' എന്നും ഇവ ബാല്യകാലസഖിയിലെ ആ സന്ദർഭങ്ങൾക്കു നൽകുന്ന ഭാവരുചി ഒന്നു സവിശേഷമത്രേ. ഭാവത്തിന്റെ ഈ രുചിയോ ഇതു രൂപപ്പെടുത്തുന്ന ഭാഷയുടെ ലയമോ വിവർത്തനത്തിൽ എത്തിപ്പിടിച്ചിട്ടില്ല. എത്തിപ്പിടിച്ചിട്ടില്ല എന്നതിരിക്കട്ടെ അതിനുള്ള യത്നം നടന്നിട്ടേ ഇല്ല എന്നും വിചാരിക്കേണ്ടിയിരിക്കുന്നു. 'ചെറുക്കൻ' 'പെണ്ണ്' രണ്ടും, സാമാന്യമായി, പ്രഥമ പുരുഷനിൽ പരാമർശത്തിനോ, വിവരണത്തിനോ, ഒക്കെ ഉതകുന്ന പദങ്ങൾ എന്നേ ധരിക്കൂ. ഇവയെ ഋജുവായി മാധ്യമ പുരുഷനിൽ സംബോധനകൾ എന്ന നിലയ്ക്ക മാറ്റി ഉപയോഗിച്ചിരിക്കുകയാണ് ബഷീർ. ഇങ്ങനെയൊരു ഭാഷാതന്ത്രം 'ബാല്യകാലസഖി' ഉൾക്കൊള്ളുന്നതായി നാം ഒരു പക്ഷേ ശ്രദ്ധിച്ചിരിക്കയില്ല.

തെറ്റിദ്ധരിക്കരുത്. ഈ വിവർത്തനം പര്യാപ്തമല്ല എന്നു വരുത്താൻ വല്ല പഴുതും തേടിപ്പിടിക്കുകയല്ല എന്റെ ഉന്നം. ഏത് സർഗ്ഗാത്മക കൃതിയുടെ എത്ര പ്രഗലഭമായ വിവർത്തനവും, കൃതി എത്രമാത്രം സർഗ്ഗാത്മകമാണോ ആ അനുപാതത്തിൽ, അപര്യാപത്മാവാൻ വിധിക്കപ്പെട്ടിരുന്നു എന്ന് തെളിയിക്കാൻ ഒരു ഉദാഹരണം ഉന്നയിക്കുക എന്നത് മാത്രമാണ്. സാംസ്കാരിക സാഹചര്യത്തിന്റെ സംഗതിയൊക്കെ പോട്ടെ ഭാഷാ പ്രയോഗത്തിലേയ്ക്ക് സാധാരണയിൽക്കവിഞ്ഞ ചില സാന്ദ്രതകളും സവിശേഷതകളും ആവാഹിക്കുക എന്നതാണ് സർഗ്ഗാത്മകതയുടെ അസന്ദിഗ്ധമായ ഒരു ലക്ഷണം. ഭാവിയിൽ കാമുകീകാമുകന്മാരായ വളരാനിരിക്കുന്ന മുഖ്യ കഥാപാത്രങ്ങളായ സുഹ്റയും മജീദും മുൻകൂട്ടിതന്നെ ബാല്യത്തിലെ കളിത്തോഴരായി അവതരിപ്പിക്കുക. ഇതിന്റെ ഭാവനാശൂന്യമായ അനുഷ്ഠാനം ചലച്ചിത്രങ്ങളിൽപോലും കണ്ടുവെങ്കിലും അതിന്റെ വൈരസ്യം ഇതിനെ ബാധിച്ചിട്ടില്ല. ഈ അവതാരണ സങ്കേതത്തിന്റെ സരളതപോലെത്തന്നെ സാഫല്യവും വിസ്മയകരമായ ഒരനുഭവമായി അവ അവിടെ നമ്മെ സന്ധിക്കുന്നു.

വിടർത്തുകയാണെങ്കിലോ : തുടക്കത്തിൽ സുഹ്റയുടെയു മജീദിന്റെയും സംബോധനയീലൂടെ സ്ഫുരിക്കുന്ന സ്വച്ഛന്ദത, ഒടുവിലത്തെ ദുരന്തത്തിന്റെ സ്വരവീചിക്ക് തികച്ചും വിരുദ്ധമെന്നോണം നിബന്ധിച്ചിട്ടില്ലേ, നിപുണമായ ആ സംവിധാനത്തിന്റെ പൊരുളടക്കം എന്തൊക്കെ വിശദീകരിക്കേണ്ടിയിരിക്കുന്നു. വിവർത്തനം ഉത്തേജിപ്പിച്ച് കൗതുകത്തോടെ മൂലകൃതിയിലൂടെ വീണ്ടും കടന്നുപോയപ്പോൾ ഉള്ളിത്തടഞ്ഞ ഒരു സംഗതി ഒന്നു സ്പർശിച്ചുപോവാനേ ഉദ്ദേശിച്ചുള്ളു. മൂലകൃതിയോട് താരതമ്യപ്പെടുത്തുമ്പോൾ പല ഉൽപന്നങ്ങൾക്കും മൊത്തത്തിൽ സഭവിക്കുന്നുത് ഇതുതന്നെ. അത്രയും സ്വാഭാവികമായി, അനന്യമായ സാരള്യത്തോടെ. സർഗ്ഗാത്മകത്വം സാക്ഷാൽകരിക്കുന്ന ചില വിതാനങ്ങളെ മറ്റു മാർഗങ്ങളിലൂടെ എത്തിപ്പിടിക്കാൻ

യത്നിക്കയാണല്ലോ ഉപോല്പന്നങ്ങൾ ചെയ്യുന്നത്. ഇത്തരം യത്നത്തിന് അപര്യാപ്തതകൾ നേരിടുക എന്നത് ഒട്ടും അസാധാരണമല്ല. ഈ വസ്തുത സമർത്ഥിക്കുന്ന മറ്റൊരു ദൃഷ്ടാന്തമാവുന്നു. 'ബാല്യകാല സഖി'ക്ക് ആഷറും കൂട്ടരും ചേർന്ന് തയ്യാറാക്കിയ ഒന്നാന്തരം തർജ്ജമ.

(1) ? വിവർത്തനം യഥാർത്ഥത്തിൽ നിസ്തൂരമാവുന്നത് എപ്പോൾ?

ഒരു നിശ്ചിതഭാഷയുടെയും സാസംകാരിക സാഹചര്യത്തിന്റെയും ഉല്പന്നമായ സർഗ്ഗാത്മക സാഹിത്യം മറ്റൊരു ഭാഷയിലേക്കും സാംസ്കാരിക സാഹചര്യത്തിലേക്കും പകരുമ്പോൾ സാധാരണ നേരിടാറുള്ളവ തന്നെ ഇവയിൽ പലതും. ഇവയ്ക്ക ആവുന്നത്ര പ്രഗല്ഭമായി പരിഹാരങ്ങൾ കണ്ടെത്തിയിരിക്കുന്നു എന്നതിലാണ് വിവർത്തനം യഥാർത്ഥത്തിൽ നിസ്തൂലമാവുന്നത്.

(2) ? 'ചെറുക്കൻ', 'പെണ്ണ്' എന്ന വാക്ക് 'ബാല്യകാലസഖി'യുടെ ഭാവഘടനയിലേക്ക് പ്രവേശിക്കാൻ എങ്ങനെ പ്രയോജനപ്പെടുന്നു?

'ചെറുക്കൻ', 'പെണ്ണ്' എന്ന വാക്ക് ഇവ നിർദ്ദേശിക്കുന്ന സ്വച്ഛന്ദയുണ്ടല്ലോ, അതു തന്നെ ഈ നോവലിന്റെ ആരംഭത്തെ അവിസ്മരണീയമാക്കുന്ന അനുഭൂതി. 'ചെറുക്ക' എന്ന ഒറ്റവിളിയിൽ സുഹ്റയുടെ വ്യക്തിത്വം മുഴുവൻ ഒതുക്കിവച്ചിട്ടുള്ളതായാണ്. മജീദിനെ 'കൊച്ചാക്കി' അടക്കി നിർത്തൽ, കുസൃതി, ഭീഷണി-ഇങ്ങനെ മാറിമാറി പല ഭാവഛായകളും അതിൽ തുളുമ്പിയെത്തുന്നു. ഒടുക്കം അവളുടെ പ്രണയത്തിന്റെ വിദ്യുത്പ്രസരം കൊണ്ട് അത് തുടിക്കാനും തുടങ്ങുന്നു. ഇതുപോലെ പ്രസരിപ്പുള്ള ഒരു വ്യക്തിത്വത്തോട് ചുവെടൊത്തുപോകേണ്ട ആ ഉദ്ദേശ്യത്തോടെ മജീദ് സശ്രദ്ധം ഒരുക്കിയെടുക്കുന്ന പൊരുത്തത്തിന്റെ ശബ്ദ രൂപമത്രേ 'പെണ്ണ്' എന്ന വിളി.

(3) ? 'വെറുതെയല്ല ഇതുപോലൊരു മനോഹാരിത താൻ മറ്റൊങ്ങും കണ്ടിട്ടില്ല' എന്ന് മാരാർ സാക്ഷ്യപ്പെടുത്തിയത്. സാഹചര്യം വ്യക്തമാക്കുക.?

ഭാവിയിൽ കാമുകീകാമുകന്മാരായി വളരാനിരിക്കുന്ന മുഖ്യകഥാപാത്രങ്ങളെ മുൻകൂട്ടി തന്നെ ബാല്യത്തിലെ കളിത്തോഴരായി അവതരിപ്പിക്കുക. ഏറെക്കാലമായില്ലെ നമ്മുടെ നോവൽ ഒരു വർണ്ണാശ്രമ ധർമ്മം പോലെ ഈ പതിവ് പാലിച്ചു വരുന്നു. ഇതിന്റെ ഭാവനാശൂന്യമായ അനുഷ്ഠാനം ചലച്ചിത്രങ്ങളിൽപ്പോലും കണ്ടു കണ്ടു നമുക്ക് വൈരസ്യം ജനിച്ചിരിക്കും എന്നത് വാസ്തവം. പക്ഷേ, 'ബാല്യകാലസഖി' ആവർത്തിച്ചു വായിക്കുമ്പോൾ അറിയാറാവുന്നു, ഇത്തരം വൈരസ്യം അതിനെ ബാധിച്ചിട്ടില്ല എന്ന്. ഈ അവതരണ സങ്കേതത്തിന്റെ സരളതപോലെതന്നെ സാഫല്യവും വിസ്മയകരമായ ഒരനുഭവമായി അവിടെ നമ്മെ സന്ധിക്കുന്നു. ഈ സാഹചര്യത്തിലാണ് മാരാർ സാക്ഷ്യപ്പെടുത്തിയത്.

## കാവ്യവിവർത്തനം - നിരീക്ഷണങ്ങൾ

**ദേശമംഗലം രാമകൃഷ്ണൻ**

"അടുത്തടിവെച്ചു തൊട്ടുവാൻ നോക്കുമ്പോൾ
അകലേയ്ക്കുപായും വെളിച്ചമേ നിന്നെ
ശരിക്കു സാത്വികക്കറുകയേകി ഞാൻ
മെരുക്കുവാൻ നോക്കും മരിക്കുവോളം".

പി. കുഞ്ഞിരാമൻ നായർ

**ഒന്ന്**

ഭാവനയുടെ സത്യങ്ങൾ പ്രകാശിപ്പിക്കുവാൻ ശ്രമിക്കുന്ന സാഹിത്യകൃതികളിൽ വിവർത്തന ക്ഷമമല്ലാത്ത ഒരുപാട് അംശങ്ങൾ ഉണ്ടായിരിക്കും. പല വാക്കുകൾക്കും പകരം വെയ്ക്കാനുണ്ടാകില്ല. വിവർത്തിത കൃതി കറുപ്പിലും വെളുപ്പിലുമുള്ള ഓയിൽപെയിന്റിംങ് പോലെയാണ്. വിവർത്തനത്തിൽ

മൂലകൃതിയുടെ ഇഴനെയ്ത്തിന് മാറ്റം വന്നിട്ടുണ്ടാവും. മൂലരൂപത്തിന്റെ രജ്ഞനയ്ക്ക് ഒട്ടൊക്കെ മാറ്റവും വന്നിരിക്കും. കവിയുടെ ഭാവനയെ അത്രതന്നെ പിടിച്ചെടുക്കാൻ കഴിഞ്ഞിരിക്കില്ല. കൃതിയുടെ കേന്ദ്രത്തിലേക്ക് നയിക്കുന്ന ഒരുപാട് വിശദാംശങ്ങളുണ്ട്. അവയെ മുഴുവൻ ഏകോപിപ്പിക്കുന്നതായ ഐക്യമാണ് വിവർത്തകൻ ഉണ്ടാക്കേണ്ടത്. കൃതിയുടെ കേന്ദ്രബിന്ദുവും അതിലേക്ക് പാഞ്ഞെത്തുന്ന ഇഴകളും വിവർത്തനത്തിൽ നഷ്ടപ്പെടാതെ നോക്കണം. ഏതൊരു കൃതിയുടെ വിവർത്തനത്തിൽ വളയ്ക്കലോ തിരിക്കലോ വേണ്ടിവരും. അന്യഭാഷകളിലുള്ള വിചാരരീതികൾ തോന്നലുകൾ, ഭാഷണങ്ങൾ എല്ലാം മൂടൽമഞ്ഞായി മുമ്പിൽ നിർക്കുന്നുണ്ടാവും. ആ ഭാഷാസംസ്കാരങ്ങലെ വേണ്ട വിധത്തിലറിയാൻ പറ്റാത്തതുകൊണ്ടാണ് ഇങ്ങനെ തോന്നുന്നത്. മൂലകൃതിക്കും തനിക്കും ഇടയിലുള്ള മൂടലിന് നിദാനമായതെന്തെന്ന് കണ്ടെത്തണം. അങ്ങനെ അത് വേണ്ടുവോളം തെളിഞ്ഞാൽത്തന്നെയും വിവർത്തകൻ സ്വന്തം ഭാഷയുടെ സമ്മർദ്ദങ്ങളിൽ നിന്നു വിട്ടുപൊയ്ക്കൂടാ. സ്വന്തം ഭാഷ എത്രത്തോളം ഉൾക്കൊണ്ടിട്ടുണ്ട് എന്നതാണ് പ്രശ്നം. സ്വഭാഷയിലെ പ്രത്യേക സംവേദനരീതികൾ അറിയാം. അതായത് ഒരു ഭാവം എന്തുകൊണ്ടാണ് ഇന്ന രീതിയിൽ പ്രകടിപ്പിച്ചിട്ടുള്ളത് എന്ന അന്വേഷണവും അതിന്റെ കണ്ടെത്തലും ആദ്യമേ ചെയ്തിരിക്കണം.

ആദ്യമായി ഒന്നും അന്തിമ വിധിയല്ലെന്നറിയണം. ഓരോ കാലഘട്ടവും അതിന്റേതായ പ്രസരിത്തലൂടെയാണ് കവിതയെ നോക്കുന്നത്. മനുഷ്യചരിത്രത്തിലെ മാറ്റങ്ങൾക്കനുസരിച്ച് അതിന്റെ നിലകളിലും നിലപാടുകളിലും മാറ്റം വരുന്നു. കാലത്തിലൂടെയാണ് കൃതിയുടെ പുരോഗമനം. കവിതയിലെ വാക്കുകൾ വേറിട്ടു കാണരുത്. പ്രത്യേക രീതികളിലും ചലനവിശേഷണത്തിലുമാണ് കവിതയുടെ 'ഇഫക്റ്റ് കുടികൊള്ളുന്നത്. ഭാവമുദ്രകളുടെയും നിനവുകളുടെയും പ്രത്യേകമായ വഴിയിലൂടെ ഓരോ കവിതയും അനുഭവം പകരുന്നുണ്ട്. ഒരു ഭാവം മറ്റൊരു ഭാവത്തിന്റെ തുടർച്ചയാണ്. ഭാവമാണ് ജീവൻ എന്ന് മുണ്ടശ്ശേരി; വിവർത്തകന്റെ ആദ്യത്തെ ചുമതല കവിതയിലെ തുടിപ്പും മിടിപ്പും അറിയലാണ്.

മൂലകൃതിയുമായുള്ള മനപ്പൊരുത്തം, ബന്ധപാശം, ഉണ്ടായാൽ വിവർത്തനം ആഹ്ലാദകരമായിത്തീരും. എല്ലാംകാലങ്ങളിലെയും എല്ലാ എഴുത്തുകാരുടെയും ഭാവപ്രകാശനങ്ങലുടെ സംയുക്തമാണ് ലോക സാഹിത്യം. സ്വഭാഷാ ചരിത്രത്തെപ്പറ്റിയുള്ള തിരിച്ചറിവാണ് വിവർത്തനത്തെ വിജയിപ്പിക്കുന്നത്. അന്യഭാഷാകൃതി വിവർത്തനം ചെയ്യുംമുമ്പേ വിവർത്തകൻ സ്വഭാഷയെ വിമർശനബുദ്ധിയോടെ അപഗ്രഥിച്ചു മനസ്സിലാക്കണം. വാക്കും ശൈലിയും നിചപ്പെടുത്താൻ ശ്രമിച്ചാൽ പോരാ. അവയുടെ അധീശൻ തന്നെയാവണം. കവി മനസ്സിന്റെ മാർഗ്ഗങ്ങൾ വിചിത്രങ്ങളാണെന്നും അനേക മാർഗ്ഗങ്ങളുണ്ടെന്നും പറയാറുണ്ട്. ഈ രണ്ടും അറിയുന്നത് കവി തന്നെയാണ്. അതുകൊണ്ടാണ് കവിതാവിവർത്തകൻ കവ കൂടിയാവണമെന്ന് പറയുന്നത്.

സാഹിത്യ വിവർത്തനത്തെ പൊതുവെയും കവിതാവിവർത്തനത്തെ പ്രത്യേകിച്ചും കണക്കിലേടുത്ത് താഴെപറയുന്ന 5 കാര്യങ്ങൾ ശ്രദ്ധിക്കണം

1. കൃതിയെ - പാഠത്തെ ഒന്നിച്ചു കാണണം. ഏതെങ്കിലുമൊരംശത്തിൽ മാത്രം ഊന്നിയാൽ വിവർത്തനം ഭാഗികമാവും മൂലപാഠത്തിലെ സ്ഥല-പാരമ്പര്യ-ഭാഷാഘടകങ്ങളെയും മാറ്റമില്ലാതെ ലക്ഷ്യഭാഷയിൽ കൊണ്ടുവരാൻ ശ്രമിക്കണം.
2. മൂലപാഠത്തിന്റെ സംവേദനമൂല്യത്തെയും മൂലപാഠത്തിന്റെ അർത്ഥത്തെയും ലക്ഷ്യഭാഷയിൽ കൊണ്ടുവരാൻ സാധിക്കണം.
3. മൂലപാഠത്തിലം സ്ഥല-കാല-പാരമ്പര്യഘടകങ്ങൾ സംസ്കാര ബന്ധമാകുന്നതോടൊപ്പം ഘടനാപരവുമായിരിക്കും. അവയെ വേർതിരിച്ചറിയാൻ സാധിക്കണം.

4. മൂല ഭാഷയുടെ സാഹിത്യപാരമ്പര്യത്തിനിണങ്ങുന്ന ഒരു രൂപത്തിൽ വേണം ലക്ഷ്യഭാഷയിൽ വിവർത്തനം ചെയ്യാൻ.

5. മൂലഗ്രന്ഥക്കാന് തന്റെ കൃതിയുടെ പ്രമേയത്തെ നിർവ്വഹിക്കുവാൻ കഴിഞ്ഞപ്രകാരം തന്നെ ലക്ഷ്യഭാഷയിലും ദീക്ഷിക്കണം.

**രണ്ട്**

മൊഴിയും പൊരുളും തുടിക്കുന്ന തത്തുല്യചിഹ്നങ്ങളുടെ പ്രകാശനമായ വിവർത്തനത്തിൽ വ്യക്തി, സമൂഹം, ദേശം, കാലം, ഭാഷ, അധികാരം എന്നീ ഘടകങ്ങൾക്ക് അനിവാര്യസ്ഥാനമാണല്ലോ ഉള്ളത്. മലയാളസംസ്കാരത്തിന്റെ ഊർജ്ജമുള്ള കവിതകൾ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്യുമ്പോൾ സവിശേഷ ധ്വനികൾ കഴിയുന്നത്ര സംക്രമിപ്പിക്കുവാൻ നോക്കണം. പലപ്പോഴും കാവ്യപ്രകരണങ്ങളിലോ പദങ്ങൾക്ക് അർത്ഥം നിയതമാവില്ല. അനുഭവസന്ദർഭത്തിൽ നിന്ന് പ്രസരിക്കുന്ന അർത്ഥങ്ങളെ കണ്ടറിഞ്ഞാലേ, ലക്ഷ്യ ഭാഷയുടെ ഹൃദയത്തിൽ ആ വാഗ്സ്തോഭങ്ങളെ കൊണ്ടുവരാൻ കഴിയൂ. പ്രത്യക്ഷപരോക്ഷ തലങ്ങളെ 'സ്കാനിങ്' ചെയ്ത്, ശബ്ദവ്യാപാരത്തിന്റെ വിതാനങ്ങളിലൂടെ തികഞ്ഞ ഭാവുകനായിത്തന്നെ വിവർത്തകനും സഞ്ചരിക്കേണ്ടതാമ്. കവിയുടെ അടയാളവാക്യങ്ങൽ വിസങ്കേതനം ചെയ്യാൻ മൂലലക്ഷ്യഭാഷകളുടെ സാഹിത്യാവബോധവും വേണം.

മലയാളത്തെപ്പോലുള്ള പ്രാദേശിക ഭാഷകളിൽ നിന്ന് ലോകഭാഷയായ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുമ്പോൾ മൂലകൃതിയുടെ ഭാഷാധിഷ്ഠിതമോ ശൈലീപരമോ സാംസ്കാരികമോ ആയ സങ്കീർണ്ണതയാകെ പരിഹരിക്കാൻ ശ്രമിക്കണം. ചുരുക്കത്തിൽ രണ്ടു ഭാഷകളുടെയും ശീലസംസ്കാരങ്ങളെയും ഓരോ കവിതയുടെയും കേന്ദ്രീകൃതസത്തയെയും തിരിച്ചറിയാൻ കഴിയുന്നതിലൂടെ മാത്രമേ വിവർത്തനം വിജയിക്കു.

**മൂന്ന്**

പരസ്പരധാരണയ്ക്കുള്ള വഴിയാണ് വിവർത്തനം. വിവർത്തനവും സൃഷ്ടിയാണ്. മൂലഭാഷയിലെ കവിതയെ ലക്ഷ്യഭാഷയിലെ പുതിയൊരു സൃഷ്ടിയാക്കി മാറ്റാനാണ് വിവർത്തകൻ ശ്രമിക്കുന്നത് ഇവിടെ കവി തന്നെയാവണം വിവർത്തകൻ. വിവർത്തനപ്രക്രിയയിൽ മാറ്റങ്ങൾ ആവശ്യമായി വരും. അതെല്ലാം ലക്ഷ്യഭാഷയുടെ ജീനിയസ്സുകൊണ്ട് നിറവേറ്റപ്പെടും. ഒരു പക്ഷേ, തങ്ങളുടെ ഭാഷ മാത്രം അറിയാവുന്ന ലക്ഷ്യഭാഷാവായനക്കാരെ ഉദ്ദേശിച്ചുള്ളതാണ് വിവർത്തനം. വിവർത്തിത കവിത അവർക്കൊരു 'ഒറിജിനൽ' കവിതയായി അനുഭവപ്പെടണം. മൂലകവി, മൂലഭാഷാവിദഗ്ദ്ധൻ എന്നിവരുമായി ചർച്ച ചെയ്തും കവിത ചൊല്ലിക്കേട്ടും സംശയങ്ങൾക്ക് പരിഹാരം തേടിയും വേണം വിവർത്തനം ചെയ്യുവാൻ. നിർദ്ദിഷ്ട കവിതയുടെ ആഴങ്ങളിലേക്ക് എത്തിച്ചേരാൻ ഈ അഭിമുഖങ്ങൾ അനുപേക്ഷണീയമാണ്. അതായത് സമ്പർക്ക ഭാഷയായ ഇംഗ്ലീഷിന്റെ സഹായമില്ലാതെ മൂലഭാഷയിൽ നിന്ന് നേരിട്ട് വിവർത്തനം ചെയ്യണം.

ഒരു ഭാഷയിലെ കവിയുടെ കവിതയെ പരിഭാഷപ്പെടുത്തുന്നത് ഇതരഭാഷയിലെ കവി തന്നെയാവണം. സ്ട്രഗാവേൾഡ് 'പോയ്റ്റ്സ് മീറ്റ്' അങ്ങനെയാണ് വിവർത്തനം ചെയ്യുന്നത്. മൂലഭാഷയിലെ കവിത അതേ താളത്തിലും ലയത്തിലും ലക്ഷ്യഭാഷയിലേക്ക് ആവാഹിക്കുന്നു. ഒരു ഭാഷാകവിയുടെ മുഖത്തുനിന്നു തന്നെ മറ്റൊരു ഭാഷാകവി അർത്ഥഭാവങ്ങൾ വിവർത്തനം ചെയ്തെടുക്കുന്നു. ഇംഗ്ലീഷിന്റെയോ ഇതരഭാഷകളുടേയോ ഇടനിലപ്രവർത്തനം ചെറിയ തോതിലേ നടക്കാവു. ഇങ്ങനെ നോക്കുമ്പോൾ, ഒറ്റക്കിരുന്നുള്ള കവിതാവിവർത്തനം അത്ര ഫലപ്രദമല്ല എന്നു കാണാം. വൈദ്യുതോപകരണത്തെ നന്നായി പ്രവർത്തിപ്പിക്കുന്ന സ്റ്റെബിലൈസർ പോലെയാണ് ഒരു നല്ല വിവർത്തകൻ. മൂല കവിതയെ ലക്ഷ്യഭാഷാശബ്ദങ്ങളിൽ ലിപ്യന്തരം ചെയ്ത് അതിലെ ലക്ഷ്യഭാഷാസമാനമായ പദങ്ങലും ഘടനകളും കൽപ്പനകളും കണ്ടെത്തിയിട്ടുവേണം തർജ്ജമക്കൊരുമ്പെടാൻ.

സാസ്കാരികമായ പ്രത്യേകതളാൽ തെന്നിന്ത്യൻ കാവ്യസംസ്കാരങ്ങൾ വൈചിത്ര്യമാർന്നതാണ് തമിഴിനും മലയാളത്തിനും തമ്മിൽ ഭാഷാശാസ്ത്രപരമായി അകലം കുറവാണ്. മറ്റുള്ളവയക്ക് അകലം കൂടുതലാണ്.

(1) ? കവിതയുടെ ഇഫക്റ്റ് കുടകൊള്ളുന്നത് എവിടെ?

പ്രത്യേകരീതികളിലും ചലനവിശേഷത്തിലുമാണ് കവിതയുടെ ഇഫക്റ്റ് കുടികൊള്ളുന്നത്.

**(2) ?** മൂലകൃതിയുമായി ഒരു മനപ്പൊരുത്തം, അല്ലെങ്കിൽ ബന്ധപാശം ഉണ്ടായാൽ വിവർത്തനം ആഹ്ലാദകരമായിത്തീരും. ഇങ്ങനെ ആത്മബന്ധം ഉണ്ടാകുന്ന കൃതികൾ പലപ്പോഴും അനുകരണത്തിനോ അനുമാനത്തിനോ പ്രേരിപ്പിക്കുന്നു.കാരണമെന്ത്?

വർത്തമാനത്തിലെ സന്ദർഭത്തിനു പാകത്തിൽ മൂലകൃതിയെ മാറ്റിപ്പണിയുവാനാണ് അനുവാദനപ്രക്രിയ ഉതുകന്നുത്. പഴയകൃതിയിൽ നാൾക്കുനാൾ ഊറിവരുന്ന സമകാലികാംശങ്ങളെ വർത്തമാനത്തിലെ സന്ദർഭത്തിന് പാകത്തിൽ മൂലകൃതിയെ മാറ്റിപ്പണിയുവാനാണ് അനുവാദനപ്രക്രിയ ഉതകുന്നത്. പഴയകൃതിയിൽ നാൾക്കുനാൾ ഊറിവരുന്ന സമകാലികാംശങ്ങളെ കണ്ടെത്തുകയാണിവിടെ. പഴയ അനുഭവലോകങ്ങൾക്കും പുതിയവയ്ക്കും തമ്മിൽ സാമ്യം കണ്ടെത്തുന്നതോടെ പഴയ കവിതയിലെ അനുഭവത്തെ പുതിയ അനുഭവമാക്കി സംവേദിപ്പിക്കാൻ കഴിയുന്നു.

**(3) ?** വിവർത്തകൻ അനുകർത്താവല്ല; എന്നാൽ, അനുകരണത്തിനെന്നതുപോലുള്ള ഒരു പ്രേരകശക്തി അയാൾക്കുണ്ടാവണം. ഇങ്ങനെ പറയാൻ കാരണമെന്ത്?

മറ്റൊരു കവിയുടെ സമ്പ്രദായത്തോടുള്ള നിയന്ത്രിതമായ കീഴടങ്ങൽ മനോഭാവമായിരിക്കണം അത്. വിവർത്തനതതിനെടുക്കുന്ന കവിത തന്റേതായ ഒരു കണ്ടെത്താലാവുമ്പോൾ വിവർത്തകന് ആഹ്ലാദിക്കാൻ ഏറെ വകയുണ്ട്. ഇത് തന്റെ അനുഭവമാണല്ലോ എന്നതത്രെ ആ കണ്ടെത്തൽ. മൂലകൃതിയെ മാനിക്കുവാൻ വിവർത്തകർക്ക് പലപ്പോഴും കഴിയാറില്ല. സ്വന്തം ഭാഷകൊണ്ടുള്ള ഒരു കടന്നാക്രമണത്തിനാണ് പല വിവർത്തനകരും ശ്രമിക്കുന്നത്.

**(4) ?** അനുവാചകർക്കായി ലോകവീക്ഷണത്തിന്റെ അതിരുകളെ ഇത്തിരിയെങ്കിലും തള്ളിമാറ്റുവാൻ കവിയായ വിവർത്തകനു കഴിയുന്നു. വിശദീകരിക്കുക?

മൂലകൃതിയുടെ പാറ്റേൺ, ആഴം, ഇഴയടുപ്പം മുതലായവയെ വിവർത്തകൻ മാനിക്കണം. അതിനനുസരിച്ച്, തന്റെ ശീലമായിട്ടുള്ള ഭാഷാരീതിയിൽ നിന്ന് അയാൾ മാറാൻ തയ്യാറാവണം. ചിലപ്പോൾ തന്റെ ശൈലിയെ പരുക്കനാകേണ്ടിവരും, ഉയർത്തേണ്ടിവരും. കാവ്യകൃതിയിലെ ദ്രുതമോ മന്ദമോ അസമമോ ആയ ചലനത്തെ ആവിഷ്ക്കരിക്കാനിത് ആവശ്യമാണ്. മൂല്യ-ലക്ഷ്യസാഹിത്യങ്ങൽക്കിടയിൽ ഒട്ടും അസാധാരണവുമല്ല പരിചിതവുമല്ല എന്ന വിധത്തിൽ, വിവർത്തനത്തെ സ്ഥായിയാക്കുന്നതിലാണ് ഏറെ പ്രയാസം. മാതൃഭാഷയിൽ പുതിയൊരു ശക്തി ഉൾക്കൊള്ളുവാൻ ശ്രമിക്കുന്ന വിവർത്തകനാണ് ഇത് സാധിക്കുന്നത്. തന്റെ ഭാഷയെ മാറ്റു ഭാവപ്രവർത്തനങ്ങൾക്കു കൂടി ഉപയോഗിക്കുന്നതുമൂലം - പ്രത്യേക മാനസികാവസ്ഥകളും അപ്രതീക്ഷിതമായ ഉൾക്കാഴ്ചകളും, ശീലിച്ചറിഞ്ഞിട്ടില്ലാത്ത് നിനവുകളും ആവിഷകരിക്കുന്നതുമൂലവും- അനുവാചകർക്കായി ലോകവീക്ഷണത്തിന്റെ അതിരുകളെ ഇത്തിരിയെങ്കിലും തള്ളിമാറ്റുവാൻ കവിയായ വിവർത്തകനു കഴിയുന്നു. ചങ്ങമ്പുഴയെപ്പോലുള്ള കവികൾ ചെയ്തത് അതാണ്.

**(5) ?** സാഹിത്യവിവർത്തനത്തെ പൊതുവെയും കവിതാവിവർത്തനത്തെ പ്രത്യേകിച്ചും കണക്കിലെ ടുത്ത് 5 കാര്യങ്ങൾ ശ്രദ്ധേയമാണ്. അവ ഏതൊക്കെ?

1. കൃതിയെ - പാഠത്തെ -ഒന്നിച്ചുകാണണം ഏതെങ്കിലുമൊരംശത്തിൽ മാത്രം ഊന്നിയാൽ വിവർത്തനം ഭാഗികമാകും. മൂലപാഠത്തിലെ സ്ഥല-കാല-പാരമ്പര്യം-ഭാഷാഘടകങ്ങളെയും മാറ്റമില്ലാത്ത ലക്ഷ്യ ഭാഷയിൽ കൊണ്ടുവരാൻ ശ്രമിക്കണം.

2. മൂലപാഠത്തിന്റെ സംവേദമൂല്യത്തെയും മൂലപാഠത്തിന്റെ അർത്ഥത്തെയും ലക്ഷ്യഭാഷയിൽ കൊണ്ടുവരാൻ സാധിക്കണം.

3. മൂലപാഠത്തിലെ സ്ഥല-കാല-പാരമ്പര്യഘടകങ്ങൾ സംസ്കാരബന്ധമാകുന്നതോടൊപ്പം ഘടനാപരവുമായിരിക്കും. അവയെ വേർത്തിരിച്ചറിയാൻ സാധിക്കണം.

4. മൂലഭാഷയുടെ സാഹിത്യപാരമ്പര്യത്തിനിണങ്ങുന്ന ഒരു രൂപത്തിൽ വേണം ലക്ഷ്യഭാഷയിൽ വിവർത്തനം ചെയ്യാൻ.

5. മൂലഗ്രന്ഥകാരന് തന്റെകൃതിയുടെ പ്രമേയത്തെ നിർവ്വഹിക്കുവാൻ കഴിഞ്ഞപ്രകാരം തന്നെ ലക്ഷ്യഭാഷയിലും ദീക്ഷിക്കണം.

## വിവർത്തനക്ഷമത

**വി.ആർ. പ്രബോധചന്ദ്രൻ**

പുഞ്ചിരിക്കാനും സംസാരിക്കാനും മനുഷ്യനുള്ള കഴിവാണ് അവനെ മറ്റു ജീവികളിൽനിന്നു വേർതിരിക്കുന്ന പ്രകടമായ രണ്ടു സവിശേഷതകൾ. ഇവയിൽ പുഞ്ചിരിയുടെ ഘടന, ധർമ്മം, വിശ്ലേഷണം, സംശ്ലേഷണം, വർഗ്ഗീകരണം ഇത്യാദി വിഷയങ്ങൽ കൈകാര്യം ചെയ്യുന്ന ഒരു വിജ്ഞാനവിഭാഗം ഇന്നോളം വികസിച്ചു വന്നിട്ടില്ല. എന്നാൽ സംസാരിക്കാൻ മനുഷ്യനുള്ള കഴിവിന്റെ വിവിധവശങ്ങൾ സനിഷ്കർഷം ശാസ്ത്രീയമായി പരിശോധിക്കുന്ന ഒരു വിജ്ഞാനവിഭാഗം ഉരുത്തിരിഞ്ഞു വളർന്നുവന്നിട്ടുണ്ട്. അതാണ് ഭാഷാശാസ്ത്രം.

ഭാഷാശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ ഭാഷണത്തിനും ഒന്നോ അതിലധികമോ ധർമ്മം ഉണ്ടായിരിക്കും. സൗകര്യാവിഷ്കാരപരം, സാമൂഹികം എന്നിങ്ങനെ വ്യവച്ഛേദിക്കാം. വിവർത്തനം എന്ന പ്രക്രിയയ്ക്ക് ഏറ്റവും എളുപ്പം വഴങ്ങികൊടുക്കുന്ന ഭാഷണധർമ്മം സന്ദേശപരതയാണ്.

വവിർത്തനം ചെയ്യാവുന്നതെന്നും ചെയ്യാൻ വയ്യാത്തതെന്നും രണ്ടു വകുപ്പികളിലായി പാഠങ്ങളെ വേർതിരിക്കുന്നതു യുക്തിസഹജമല്ല. വിവർത്തനക്ഷമത എന്ന ഗുണം ഓരോ പാഠത്തിലും ഏറിയോ കുറഞ്ഞോ കാണും എന്നു മാത്രം, സാംസ്കാരികം എന്നു വിശേഷിപ്പിക്കാവുന്ന വിവർത്തന വൈഷമ്യത്തിന് ഉദാഹരണങ്ങൾ ഏത് ഭാഷാദ്വന്ദ്വം പിരശോധിച്ചാലും ധാരാളം കാണും. വിവർത്തന വൈഷമ്യത്തിന്റെ ഭാഷാപരമായ വശത്തെക്കുറിച്ചാലോചിക്കുമ്പോൾ ആദ്യമേ ശ്രദ്ധാവിഷയമാവുന്നത് ഓരോ ഭാഷയ്ക്കും ഏറെക്കൂറെ തനത് എന്നു പറയാവുന്ന സ്വനവ്യവസ്ഥയിൽനിന്നു പോന്നുവരുന്ന വൃത്തം, പ്രാസം, താളം അനുതാനം മുതലായ ഘടകങ്ങളുമായി ബന്ധപ്പെട്ട പ്രത്യേകതകളത്രേ.

കഥയും, നോവലും നാടകവുമൊക്കെ തർജ്ജമ ചെയ്യുമ്പോൾ വിവർത്തകന് പരിഹാരം കാണേണ്ടുന്ന പ്രശ്നങ്ങൾ ഇനിയും പലതുമുണ്ട്. കാലം, സ്ഥലം, സമൂഹം എന്നീ തലങ്ങളോടു ബന്ധപ്പെട്ട ഭാഷാഭേദസവിശേഷങ്ങളും ശൈലിയും രീതിയും മൂലപാഠത്തിന് അതിന്റേതായ പല പ്രത്യേകതകളും സംഭാവന ചെയ്തിരിക്കും. വർഗ്ഗീകരണപരമായി മൂല-ലക്ഷ്യഭാഷകൾ തമ്മിൽ സാമ്യം വർദ്ധിക്കും തോറും വിവർത്തന സമ മൂല്യതകൾ കണ്ടത്താൻ എളുപ്പം കൂടും. അഥവാ. വിവർത്തനക്ഷമത വർദ്ധിക്കും; മറിച്ചും. മലയാളത്തിൽ നിന്നും തമിഴിലേക്കും തർജ്ജമ ചെയ്യുന്നതിനേക്കാൾ വൈഷമ്യം ഹിന്ദിയിലേക്കാകുമ്പോൾ ഏറും; ഇംഗ്ലീഷിലേക്കാവുമ്പോൾ ഒതു പിന്നെയും വർദ്ധിക്കുമെന്നു വരുന്നതിനുള്ള ഭാഷാപരമായ കാരണം ഇതാണ്.

**?** ഭാഷാശാസ്ത്രം എന്താണ്? ഭാഷാശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽനിന്നു നോക്കുമ്പോൾ ഏതു ഭാഷണത്തിനും ഒന്നോ അതിലധികമോ ധർമ്മം ഉണ്ടായിരിക്കും. അവ ഏതൊക്കെ.?

പുഞ്ചിരിക്കാനും സംസാരിക്കാനും മനുഷ്യനുള്ള കഴിവാണ് അവനെ മറ്റു ജീവികളിൽ നിന്നു വേർതിരിക്കുന്ന പ്രകടമായ രണ്ടു സവിശേഷതകൾ. ഇവയിൽ പുഞ്ചിരിയുടെ ഘടന, ധർമ്മം, വിശ്ലേഷണം, സംശ്ലേഷണം, വർഗ്ഗീകരണം ഇത്യാദി വിഷയങ്ങൽ കൈകാര്യം ചെയ്യുന്ന ഒരു വിജ്ഞാനവിഭാഗം ഇന്നോളം വികസിച്ചു വന്നിട്ടില്ല. എന്നാൽ സംസാരിക്കാനുള്ള മനുഷ്യന്റെ കഴിവിന്റെ വിവിധ വശങ്ങൾ സനിഷ്കർഷം ശാസ്ത്രീയമായി പരിശോധിക്കുന്ന ഒരു വിജ്ഞാന വിഭഗം ഉരുത്തിരിഞ്ഞു വളർന്നുവന്നിട്ടുണ്ട്. ഇതാണ് ഭാഷാശാസ്ത്രം.

സന്ദേശവിനിമയപരം, സ്വത്വാവിഷ്കാരപരം, സാമൂഹികം, ആവർജ്ജനപരം, സൗന്ദര്യാവിഷ്കാരപരം, എന്നിവയാണ് ധർമ്മങ്ങൾ.

**(1) ?** കഥയും നോവലും നാടകവുമൊക്കെ തർജ്ജമ ചെയ്യുമ്പോൾ വിവർത്തനകന് പരിഹാരം കാണേണ്ടുന്ന പ്രശ്നങ്ങൾ ഏതൊക്കെ?

കാലം, സ്ഥലം, സമൂഹം എന്നീ തലങ്ങളോടു ബന്ധപ്പെട്ട ഭാഷാഭേദവിശേഷങ്ങളും ശൈലിയും രീതിയും മൂലപാഠത്തിന് അതിന്റേതായ പല പ്രത്യേകതകളും സംഭാവന ചെയ്തിരിക്കും. അവയെല്ലാം ലക്ഷ്യഭാഷയിൽ പ്രതിഫലിപ്പിക്കുക മിക്കവാറും അസാദ്ധ്യവുമായിത്തീരും. രാമരാജാബഹദൂർ, ഇന്ദുലേഖ, ചെമ്മീൻ എന്നീ കൃതികളിലെ സംഭാഷണങ്ങൾ ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുമ്പോൾ ഇംഗ്ലീഷിന്റെ ഒരു മാനകരൂപമാണെ സ്വീകരിക്കേണ്ടത്. അതോ ഓരോ സന്ദർഭത്തിനും അനുയോജ്യമായ ഭാഷാഭേദവും ശൈലിയും രീതിയുമൊക്കെ ഇംഗ്ലീഷിൽ ഉണ്ടോ എന്നന്വേഷിച്ച് അവ പ്രയോഗിക്കാൻ വിവർത്തകൻ ശ്രമിക്കണമോ എന്നതാണ് ഇവിടുത്തെ പ്രശ്നം.

**(2) ?** ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുമ്പോൾ പിന്നെയും പ്രശ്നങ്ങൾ വർദ്ധിക്കുമെന്നു വരുന്നതിനുള്ള ഭാഷാപരമായ കാരണം എന്താണ്?

വർഗ്ഗീകരണപരമായി മൂല്യ-ലക്ഷ്യഭാഷകൾ തമ്മിൽ സാമ്യം വർദ്ധിക്കുംതോറും വിവർത്തനസമമൂല്യതകൾ കണ്ടെത്താൻ എളുപ്പം കൂടും; അഥവാ വിവർത്തനക്ഷമത വർദ്ധിക്കും; മറിച്ചു മലയാളത്തിൽ നിന്നു തമിഴിലേക്കു തർജ്ജമ ചെയ്യുന്നതിനേക്കാൾ വൈഷമ്യം ഹിന്ദിയിലേക്കാക്കുമ്പോൾ അതു പിന്നെയും വർദ്ധിക്കുമെന്നു വരുന്നതിനുള്ള ഭാഷാപരമായ കാരണം ഇതാണ്.

സാംസ്കാരികം എന്നു വിശേഷിപ്പിക്കാവുന്ന വിവർത്തന വൈഷമ്യത്തിന് ഉദാഹരണങ്ങൾ വ്യക്തമാക്കുക.

ഉദാഹരണങ്ങൾ ഏത് ഭാഷാദ്വന്ദ്വം പരിശോധിച്ചാലും ധാരാളം കാണാൻ സാധിക്കും. 'ഗണപതിക്കു കുറിക്കൽ,' 'അരയും തലയും മുറുക്കൽ', 'തിരശ്ശീലയുയരലും വീഴലും', 'കേളിക്കൊട്ട്,' 'ഒന്നരയും മുണ്ടും', 'മുറപ്പെണ്ണ്', 'താലികെട്ട്' മുതലായ പ്രയോഗങ്ങൾ മറ്റൊരു ഭാഷയിലേക്കു പകർന്നുകൊടുക്കുന്നതെങ്ങനെ എന്നാലോചിക്കുമ്പോൾ നമുക്കനുഭവപ്പെടുന്നത് വിവർത്തന വൈഷമ്യത്തിന്റെ സാംസ്കാരികവശമാണ്. 'She is my friend' എന്ന് ഇംഗ്ലീഷുകാനനായ ഒരു യുവാവു പറയുമ്പോൾ അതിൻ അന്തർഭവിക്കുന്ന അർത്ഥത്തിൽ ഒരംശം മാത്രമേ 'അവൾ എന്റെ സ്നേഹിതയാണ്' എന്ന തർജ്ജമയിൽ നിന്നു മലയാളികൾക്കു മനസ്സിലാകു.

## കഥാവിവർത്തനം - ചില സമീപനങ്ങൾ

**വി.ഡി, കൃഷ്ണൻ നമ്പ്യാർ**

ജനങ്ങളെ ഒന്നിച്ചു ചേർക്കാൻ ഏറ്റവും ശക്തമായ മാധ്യമം സാഹിത്യമണെങ്കിൽ ഭാരതീയ ഭാഷകളിലെ വിശിഷ്ട കൃതികളുടെ പരസ്പര വിവർത്തനം ആവും അതിന്റെ ഏറ്റവും പ്രധാന കണ്ണി. കഥാവിവർത്തനവുമായി ഏറ്റവും ശ്രദ്ധിക്കേണ്ടത് മൂലകൃതി തന്നെയാണ്. ലക്ഷ്യഭാഷയിലെ വായനക്കാരുടെ അഭിരുചിയറിഞ്ഞ് അവർക്ക് സ്വീകാര്യമയ കൃതിയാവണം വിവർത്തകൻ തെരെഞ്ഞെടുക്കേണ്ടത്. സ്വന്തം അഭിരുചിയും ഇഷ്ടാനിഷ്ടങ്ങളും തീർച്ചയായും ഈ തെരെഞ്ഞെടുപ്പിനെ സ്വാധീനിക്കാതെ വരില്ല. എങ്കിലും വായനക്കാരന്റെ മന:ശാസ്ത്രം കൂടി അറിഞ്ഞിട്ടാവണം കൃതി സ്വീകരിക്കേണ്ടത്.

കഥ തിരഞ്ഞെടുത്തുകഴിഞ്ഞാൽ അനുവാദം വാങ്ങുക എന്ന കടമ്പയാണ് പിന്നെ കടക്കേണ്ടത്. കഥകളുടെ കാര്യത്തിൽ പദാനുപദവി വർത്തനമാണ്. പക്ഷേ, ഏതു ഭാഷയിലേക്ക് ചെയ്യുന്നുവോ ആ ഭാഷയുടെ പ്രകൃതി അനുസരിച്ചു വാക്യഘടന ഉണ്ടാക്കണം. പലയിടത്തും സ്വാതന്ത്ര്യം കാട്ടേണ്ടിവരും. ഔചിത്യം പ്രയോഗിക്കേണ്ടിവരും. മൂലലേഖകനോട് ആവുന്നത്ര നീതി പുലർത്തിക്കൊണ്ട് ലക്ഷ്യഭാഷയുടെ പ്രകൃതം അനുസരിച്ചു വിവർത്തനം ചെയ്യുകയാവും അഭിലഷണീയം. 'ലോക്കൽ കളർ' എന്നു നാം പറയുന്നത്

സാംസ്കാരിക പൈതൃകത്തെയാണ്. വിവർത്തനത്തിൽ കഴിവതും അടിക്കുറിപ്പുകൾ ഒഴിവാക്കുക. ഗവേഷണത്തിൽ അവ ഇഷ്ടംപോലെ കൊടുക്കാം. വിവർത്തനം ഇരു ഭാഷകളിലും പാണ്ഡിത്യം അവകാശപ്പെടുന്നതിലെ പ്രയോഗങ്ങൾ കാണാം. സൗകര്യാർത്ഥം അത് ഒഴിവാക്കിക്കൊണ്ട് ബാക്കിയുള്ള ഭാഗം വിവർത്തനം ചെയ്താൽ മതി എന്നു കരുതുരുത്. കഴിവതും പൂർണ്ണമായ വിവർത്തനമാണ് ചെയ്യേണ്ടത്. വിശേഷിച്ചും കഥകളുടെ കാര്യത്തിൽ.

കഥയുടെ ശീർഷകം കഴിയുമെങ്കിൽ മൂലത്തിലെ തന്നെ കൊടുക്കുകയാവും ഉചിതം. ചിലപ്പോൾ ഇക്കാര്യത്തിൽ ചില സ്വാതന്ത്ര്യം പ്രയോഗിക്കേണ്ടിവരും. ഇവിടെ വിവർത്തകന്റെ വിലയിരുത്തൽ പ്രധാനമാണ്. സമാനപദങ്ങളുടെ അഭാവവും ദ്വിഭാഷാ നിഘണ്ടുകളുടെ അപര്യാപ്തതയും വിവർത്തകന് എപ്പോഴും പ്രശ്നമാകാറുണ്ട്. സാങ്കേതിക പദങ്ങളുടെ പരിഭാഷിത ശബ്ദാവലി കിട്ടാനുണ്ട്. പക്ഷേ, ഉദയഭാഷാ നിഘണ്ടുക്കൾ നമ്മുടെ ഭാഷയിൽ കുറവാണ്. കൈയെഴുത്തുപ്രതി തയ്യാറാക്കലാണ് വേറൊരു പ്രശ്നം ഹിന്ദി പ്രസിദ്ധീകരണക്കാർ ടൈപ്പു ചെയ്ത് മാറ്ററാണ് ചോദിക്കുക. കേരളത്തിൽ ഹിന്ദി ടൈപ്പിംഗ് സൗകര്യം തൂലോം പരിമിതമാണ്. ഉള്ള സ്ഥലത്തുതന്നെ അതിന്റെ നിലവാരം മോശമാണ്. വിവർത്തകർക്കും ബുദ്ധിമുട്ടുണ്ടാക്കുന്ന വേറൊരു കാര്യമാണ് പഴഞ്ചൊല്ലുകളും, ശൈലികളും, ഉദ്ധരണങ്ങളും മറ്റും. ചില പഴമൊഴികൾക്ക് സമാനമായ മൊഴികൾ മലയാളത്തിലും കിട്ടും. പക്ഷേ, ഹിന്ദിയിലെ ചില പഴഞ്ചൊല്ലുകൾക്ക് മലയാളരൂപങ്ങൾ ഇല്ല. നമ്മുടെ നാട്ടിൽ ഇന്ത്യൻ ഭാഷകൾ തമ്മിൽ നേരിട്ടുള്ള വിവർത്തനങ്ങൾ ഇപ്പോഴും കുറവാണ്. സമ്പർക്കഭാഷയായ ഹീന്ദി അഥവാ ഇംഗ്ലീഷ് വഴിയാണ് ഒരു ഭാരതീയഭാഷയിൽ നിന്നും മറ്റൊരു ഭാരതീയ ഭാഷയിലേക്ക് കൃതികൾ പരിഭാഷപ്പെടുത്താറുള്ളത്.

(1) ? വിവർത്തനം എങ്ങനെയാവണം? പദാനുപദ വിവർത്തനമോ? അതേ ആശയാനുവാദമോ? വിശദീകരിക്കുക,

കഥകളുടെ കാര്യത്തിൽ പദാനുപദം ചെയ്യാം. പക്ഷേ, ഏതു ഭാഷയിലേക്കു ചെയ്യുന്നുവോ ആ ഭാഷയുടെ പ്രകൃതി അനുസരിച്ചു വാക്യഘടന ഉണ്ടാക്കണം. പലയിടത്തും സ്വാതന്ത്ര്യം കാട്ടേണ്ടിവരും. ഔചിത്യം പ്രയോഗിക്കേണ്ടിവരും. മൂലലേഖകനോട് ആവുന്നത്ര നീതി പുലർത്തികൊണ്ടു ലക്ഷ്യഭാഷ യുടെ പ്രകൃതം അനുസരിച്ച് വിവർത്തനം ചെയ്യുകയാവും ആഭിമുഖ്യം മൂലത്തിന്റെ ഓജസ്സും സൗന്ദര്യവും ഒട്ടും ചോർന്നുപോകാതെ പരിഭാഷയിൽ വരണം. മൂലഭാഷയുടെ സംസ്കാരവും അതുപയോഗിക്കുന്ന പ്രദേശത്തെ ജീവിതക്രമവും, ആചാരസമ്പ്രദായങ്ങളും മറ്റു ഭാഷയുടേതിൽ നിന്ന് ഭിന്നമാകുമ്പോൾ വിവർത്തകൻ വെട്ടിലാവും.

(2) ? കഥാവിവർത്തനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശകലനം ചെയ്യുക.

കഥാവിവർത്തനത്തിൽ അടിക്കുറിപ്പുകൾ ഒഴിവാക്കുന്നതാണ് നല്ലത്. കഥകളുടെ കാര്യത്തിൽ പൂർണ്ണമായ വിവർത്തനമാണ് വേണ്ടത്. കഥയുടെ ശീർഷകം കഴിയുമെങ്കിൽ മൂലത്തിലെ തന്നെ കൊടുക്കുകയാവും ഉചിതം. ചിലപ്പോൾ ഇക്കാര്യത്തിൽ ചില സ്വാതന്ത്ര്യം പ്രയോഗിക്കേണ്ടിവരും. ഇവിടെ വിവർത്തനകന്റെ വിലയിരുത്തൽ പ്രധാനമാണ്. കൈയെഴുത്തു പ്രതി തയ്യാറക്കലാണ് കഥാവിവർത്തനത്തിന്റെ ഒരു പ്രശ്നം. ഹിന്ദി പ്രസിദ്ധീകരണക്കാർ ടൈപ്പു ചെയത മാറ്ററാണ് ചോദിക്കുക. കേരളത്തിൽ ഹിന്ദി ടൈപ്പിംഗ് സൗകര്യം തുലോം പരിമിതമാണ്. ട, പ തുടങ്ങിയ അക്ഷരങ്ങളുടെ അടിയിൽ കുത്തിടുന്നതിന്റെ ആവശ്യം പലർക്കും ബോധ്യപ്പെടുകയില്ല. പഴഞ്ചൊല്ല്, ശൈലികൾ, ഉദ്ധരണങ്ങൾ, തുടങ്ങിയ മറ്റും വിവർത്തനം ചെയ്യാൻ പ്രയാസകരമാണ്. ചില പഴമൊഴികൾക്ക് സമാനമായ മൊഴികൾ മലയാളത്തിൽ കിട്ടും.

(3) ? തത്സ്ഥാനങ്ങളിൽ വിവർത്തകൻ മനോധർമ്മം പ്രയോഗിക്കുന്നു. എന്താണ് മനോധർമ്മം?

മനോധർമ്മം എന്നാൽ അത് ഓരോരുത്തർക്കും ഓരോന്നായിരിക്കും. 'സൂരജ് കൊ ദീപക് ദിവാനാ' എന്ന ഹിന്ദി പ്രയോഗത്തിന് 'കൊല്ലക്കുടിയിൽ തുശി വിൽക്കുക' എന്ന മലയാളം ചൊല്ല് പറ്റും. Dont' carry coal to new castele. എന്ന ഇംഗ്ലീഷ് പ്രയോഗവും ഇതേ അർത്ഥം വരുന്നതാണ്. മൂലകവിതാശകലങ്ങൾ

ചിലർ അതേപടി പദ്യത്തിൽ തന്നെ വിവർത്തനം ചെയ്യുന്നു. മറ്റുചിലർ ഗദ്യപരിഭാഷ നൽകുന്നു. ചിലർ ആ ഭാഗം വിട്ടുകളയുന്നു. സന്ദർഭത്തിന്റെ ഗൗരവത്തിന് ആവശ്യമില്ലെന്നു കണ്ടാൽ മാത്രമെ വിട്ടുകളായൻ പറ്റുള്ളു.

**(4) ?** കഥാവിവർത്തനത്തിന് വിവർത്തന ശിബിരം, ട്രാൻസ്ലേറ്റേഴ്സ് വർക്ക്ഷോപ്പ് എന്ന ആശയം എത്രകണ്ടു സ്വീകാര്യമാണ്?

വാസനാസമ്പന്നരായ ചെറുപ്പക്കാർക്കു ചില നിർദ്ദേശങ്ങൾ നൽകുന്നത് ഉചിതമാണ്. പക്ഷേ, വർക്ഷോപ്പിൽ കൂടി വിവർത്തനകരെ വാർത്തെടുക്കാം എന്ന് വ്യാമോഹിക്കുന്നത് തെറ്റാണ്. സാഹിത്യ അക്കാദമി ദില്ലിയിൽ സംഘടിപ്പിച്ച, ഇന്ത്യൻ ഭാഷകളിലെ വിവർത്തകർക്കുവേണ്ടിയുള്ള രണ്ടാഴ്ച നീണ്ടുനിന്ന വർക്കഷോപ്പിൽ പങ്കെടുത്തിട്ടും വിശേഷാൽ ഒന്നും നേടിയതായി അറിവില്ല.

# MODULE III

## UNIT-10
## ശൈലികളും പഴഞ്ചൊല്ലുകളും

ഇംഗ്ലീഷിൽ നിന്നു ശൈലികളും പഴഞ്ചൊല്ലുകളും തർജ്ജമ ചെയ്യുമ്പോൾ സൂക്ഷിച്ചില്ലെങ്കിൽ അപകടം പിണയും. പദാനു പദ പരിഭാഷ പലപ്പോഴും പരിഹാസ്യമായിത്തീരും. ഹാസ്യസമ്രാട്ടായ വി.കെ. എന്നിന്റെ ഒരു കഥയിൽ ഒരു കഥാപാത്രം 'ഇവിടെ ഒരെലിയെ മണക്കുന്നല്ലോ' എന്ന് പറയുന്ന സന്ദർഭമുണ്ട്. To smell a rat എന്ന ഇംഗ്ലീഷ് ശൈലിയുടെനേർ പരിഭാഷയാണിവിടെ തമാശ സൃഷ്ടിക്കുന്നത്. സംശയം തോന്നുന്ന സാഹചര്യത്തെ സൂചിപ്പിക്കുന്നതാണ് ആ ആംഗലശൈലി.

മരിക്കുക എന്നർത്ഥം വരുന്ന To kick the bucket എന്ന ശൈലി 'കഥാപുരുഷൻ ബക്കറ്റ് തട്ടിമറിച്ചു കടന്നു പോയി' എന്നുമറ്റൊരുകഥയിൽവി.കെ.എൻ. പ്രയോഗിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വികടസരസ്വതി ആസ്വദിക്കണമെങ്കിൽ ഇംഗ്ലീഷ് ശൈലികളെപ്പറ്റി സാമാന്യ വിജ്ഞാനം ആവശ്യമാണ്. ശൈലികളിലുള്ള വാക്കുകളുടെ അർത്ഥം ചേർത്തുവച്ചാൽ ശൈലിയുടെ അർത്ഥം കിട്ടുകയില്ല.

എല്ലാ ഭാഷകളിലും ഇതുതന്നെയാണു സ്ഥിതി. നേർ തർജ്ജമ ഇത്തരം ഘട്ടങ്ങളിൽ വിജയിക്കുകയില്ല. 'കയ്യും കണക്കുമില്ലാതെ' എന്ന മലയാളശൈലി Without hand and mathematics എന്നു പരിഭാഷപ്പെടുത്തിയാൽ എങ്ങനെയിരിക്കും? ശൈലികളും പഴഞ്ചൊല്ലുകളും പരിഭാഷപ്പെടുത്തുമ്പോൾ തത്തുല്യമായ മലയാള പ്രയോഗങ്ങൾ സ്വീകരിക്കുകയാണുചിതം. അതു സാധ്യമാവുന്നില്ലെങ്കിൽ ആശയതർജ്ജമ നടത്തുക. ഏതാനും ഉദാഹരണങ്ങൾ:

| ശൈലികൾ | | അർത്ഥം |
|---|---|---|
| To be all eyes | - | കണ്ണിൽ എണ്ണയൊഴിച്ചിരിക്കുക |
| Keeping the wolf from the door | - | പട്ടിണി കൂടാതെ കഴിക്കുക |
| To blow one's own trumpet | - | ആത്മപ്രശംസ നടത്തുക |
| To catch red handed | - | തൊണ്ടിയോടെ പിടിക്കുക |
| On-one's last legs | - | നാശത്തിന്റെ വക്കത്ത് |
| To smell a rat | - | സംശയിക്കാൻകാരണമുണ്ടാവുക |
| At one's wits end | - | ഉത്തരം മുട്ടിയ |
| Diein harness | - | ജോലിയിലിരിക്കെ മരിക്കുക |
| To take into account | - | പരിഗണിക്കുക |
| To rip in the bud | - | മുളയിലെ നുള്ളിക്കളയുക |
| Take to heels | - | ഓടുക |
| Out of hand | - | നിയന്ത്രണാതീതം |
| To Throw cold wateron | - | നിരുത്സാഹപ്പെടുത്തുക |
| Off and on | - | ഇടവിട്ടിടവിട്ട് |
| To eat one's words | - | പറഞ്ഞതു വിഴുങ്ങുക |
| Worth one's salt | - | തെല്ലെങ്കിലും പ്രയോജനമുണ്ടാവുക |
| To meet on halfway | - | ഒത്തുത്തീർപ്പാവുക |
| To turn a deaf ear to | - | അവഗണിക്കുക |
| By hookl or by crook | - | യേനകേനപ്രകാരേണ(ഏതെങ്കിലും വിധത്തിൽ) |
| To make up one's mind | - | തീരുമാനിക്കുക |

| | | |
|---|---|---|
| To Play fast and loose | - | വ്യവസ്ഥയും വെള്ളിയാഴ്ചയുമില്ലാതെ(ഒന്നു പറയുകയും മറ്റൊന്നുപ്രവർത്തിക്കുകയും ചെയ്യുക) |
| To be under the thumb of | - | പൂർണ്ണസ്വാധീനത്തിലാവുക |
| To burn the candle at both ends | - | അമിതമായി അധ്വാനിച്ച് ആരോഗ്യം നശിപ്പിക്കുക |
| To be at cross- purposes | - | അന്യോന്യം തെറ്റിദ്ധരിപ്പിക്കുക |
| To compound an offence | - | രാജിയാവുക, തമ്മിൽതീരുക |
| Left handed compliment | - | നിന്ദാസ്തുതി |
| To crop up | - | അപ്രതീക്ഷിതമായി പ്രത്യക്ഷപ്പെടുക |
| Cross- talk | - | ഒരുടെലിഫോൺ സംഭാഷണത്തെ വിഘ്നപെടുത്തുന്ന വേറൊരു സംഭാഷണം-കൂസലില്ലാത്ത പ്രത്യുത്തരം. |
| born with a silver spoon in the mouth | - | വായിൽ വെള്ളിക്കരണ്ടിയുമായിജനിക്കുക എന്നു തന്നെ മലയാളത്തിൽ പ്രയോഗമുണ്ട്. ഐശ്വര്യങ്ങളുടെ മടിത്തട്ടിൽ പറന്നു വീഴുക, സമൃദ്ധികളുടെ മധ്യത്തിൽ ജനിക്കുക എന്നിങ്ങനെയൊക്കെ ഇതിന്നർത്ഥം. |
| To distinguish between | - | കല്ലും നെല്ലും തിരിച്ചറിയുക രണ്ടു ഭാഷകളിലും ഒരു പോലെ ഉപയോഗിക്കുന്നു. |
| Familiarity breeds contempt | - | 1. അതിപരിചയാദവജ്ഞ:<br>2. മുറ്റത്തെ മുല്ലക്ക് മണമില്ല |
| no smoke without fire | - | തീയില്ലാതെ പുകയില്ല |
| Make haywhile the sun shines | - | വെയിലുള്ളപ്പോൾ കച്ചിയുണങ്ങണം കാറ്റുള്ള പ്പോൾതൂറ്റണം/പാറ്റണം തക്കസമയത്തു പ്രവർത്തിക്കുക. സാഹചര്യം/കാലാവസ്ഥ അനുകൂലമായിരിക്കുമ്പോൾ ചെയ്യുന്ന പ്രവൃത്തി സഫലമാകും. പ്രയത്നം ലഘൂകരിക്കും എന്നൊക്കെ ധ്വനി. |
| Man proposes God disposes | - | അന്യഥാ ചിന്തിതം കാര്യം ദൈവമന്യത്രചിന്തയിൽ മനുഷ്യൻ ഒരു തരത്തിൽ ചിന്തിക്കുന്നു വിധിമറിച്ചാകുന്നു. |
| to let the cat out of bag | - | പൂച്ച പുറത്താകുക, പൂച്ചുതെളിയുക, വ്യാജം വെളിവാകുക |
| Who will bell the cat | - | പൂച്ചക്കാരു മണികെട്ടും |
| To break the ice | - | മഞ്ഞുരുകുക, അപരിചിതത്തം അകറ്റുക, അകൽച്ച നീങ്ങി സ്നേഹബന്ധം പുനരാരംഭിക്കുക |
| cannot see the woods by trees | - | മരം കൊണ്ടു വനംകാണാതെ/ |
| missing the woods for trees | - | മരം കൊണ്ടു വനം കാണാതെ. വനഭംഗി ആസ്വദിക്കാൻ പോയ ആൾ അതിലെഒരംശമായ മരത്തിൽ മാത്രം ശ്രദ്ധിച്ച് സമഗ്രശോഭയെക്കുറിച്ച് ധാരണയില്ലാതായ അവസ്ഥ. |

ഇങ്ങനെയുള്ള ഇംഗ്ലീഷ് ശൈലികൾക്കു മലയാള സമാന്തരങ്ങൾ ഉണ്ടോ എന്ന് ആലോചിച്ച് കണ്ടെത്താൻ ശ്രമിക്കണം. ഇല്ലാത്തവ വിവർത്തനം ചെയ്ത്അനുയോജ്യമായതു സൃഷ്ടിക്കാനാവുമോ എന്നുനോക്കണം.

**പഴഞ്ചൊല്ലിൽ പതിരില്ല**

സംസ്കാരത്തിന്റെ സ്മാരകശിലകളാണു പഴഞ്ചൊല്ലുകൾ. അതിനാൽപദാനുപദ തർജ്ജമക്ക് അവ ഒട്ടും വഴങ്ങിത്തരികയില്ല. മൂല ഭാഷയിലെ പഴഞ്ചൊല്ലിനു തുല്യമായ ഒന്ന് ലക്ഷ്യഭാഷയിൽ ഉണ്ടോ എന്ന് നോക്കുകയേ തരമുള്ളൂ. അങ്ങനെ ഒത്തു വരാത്ത സന്ദർഭത്തിൽ കഴിയുന്നത്രതാളവും പ്രാസവും ദീക്ഷിച്ചു കൊണ്ട് ആശയ തർജ്ജമ നടത്തുകയാണുചിതം. ഏതാനും മാതൃകകൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| All that glitters is not gold | - | പരിഗണിക്കുക |
| Where there is a will thereis a way | - | വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും |
| As the seed so the sprout | - | വിത്തുഗുണം പത്തുഗുണം |
| Many a mickle make a muckle | - | പലതുള്ളി പെരുവെള്ളം |
| Study work is the road to success | - | പയ്യെത്തിന്നാൽ പനയും തിന്നാം |
| To error is humanbut to forgive is divine | - | തെറ്റ് മനുഷ്യ സഹജം, ക്ഷമ ദൈവികവും |
| No smoke without fire | - | തീയില്ലാതെ പുകയില്ല |
| Familiarity breeds contempt | - | മുറ്റത്തെമുല്ലക്ക് മണമില്ല |
| Toomanycookls spoil the broth | - | ആളേറെ കൂടിയാൽ പാമ്പു ചാവില്ല |
| Man proposes, God disposes | - | അന്യഥാ ചിന്തിതം കാര്യം ദൈമന്യതേ ചിന്തയേത് |
| No gains without pains | - | വേദനയില്ലാതെ പ്രസവിക്കില്ല |
| Never cast your pearls before swine | - | പോത്തിന്റെ ചെവിയിൽ വേദമോതരുത് |
| Faces is index of mind | - | മുഖം മനസ്സിന്റെ കണ്ണാടി |
| Might is right | - | കയ്യൂക്കുള്ളവൻ കാര്യക്കാരൻ |
| The course of true love never runs smooth | - | ഈടാർന്നു വായ്ക്കുമനുരാഗ നദിക്കു വിഘ്നം കൂടാത്തൊഴുക്കനുവദിക്കുകയില്ല ദൈവം |
| Time and tide wait for none | - | കാലവും തിരയും ആരെയും  കാത്തുനിൽക്കില്ല |
| Pennywise andpound foolish | - | കടുകു ചോരുന്നതറിയും ആന ചോരുന്നതറിയില്ല |
| Care kills the cat | - | കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടിയെ കൊല്ലുക |
| Be just before you are generous | - | ആദ്യംനീതി പിന്നെ ഔദാര്യം |
| Nothing venture nothing have | - | കൈ നനയാതെ മീൻ പിടിക്കാനാവില്ല |
| Time is a great healer | - | കാലമാണേറ്റവും വലിയ വൈദ്യൻ |
| The barking dog seldom bites | - | കുരയ്ക്കും പട്ടികടിക്കില്ല |
| Still waters run deep | - | ആഴക്കടലിൽ ഓളമില്ല |
| Brevity is the soul of art | - | ഒതുക്കമാണ് കലയുടെ ജീവൻ |
| A stich in time seves nine | - | സൂചികൊണ്ടെടുത്തത് തൂമ്പ കൊണ്ടെടുക്കാനിടവരരുത് |
| Well begun is half done | - | നന്നായി തുടങ്ങിയാൽ പാതി പണിതീർന്നു |

## 18

## സാങ്കേതിക പദങ്ങൾ

ഭരണഭാഷ മലയാളമാക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത്, ഭരണപരമായ കത്തിടപാടുകളിലും ഉത്തരവുകളിലും 'സ്ഥിരം പുള്ളികളായി പ്രത്യക്ഷപ്പെടുന്ന ചില ശൈലികളേയും പ്രയോഗങ്ങളുടേയും മലയാളരൂപങ്ങൾ അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്. ഔദ്യോഗികമായി അംഗീകരിച്ച മലയാളപദങ്ങളും പ്രയോഗങ്ങളുമാണ് ഇവിടെകൊടുത്തിരിക്കുന്നത്.

| | | |
|---|---|---|
| Abide by rules | - | ചട്ടങ്ങൾ അനുസരിക്കുക |
| Abolish | - | നിർത്തലാക്കുക |
| Aboriginal welfare officer | - | ആദിവാസി ക്ഷേമ ഓഫീസർ |
| Abortive atempt | - | വിഫലശ്രമം |
| Above mentioned | - | മേൽപ്പറഞ്ഞ |

Abortage - നിരാകരിക്കുക
Absolute - കേവലമായ, നിരുപാധികമായ
Abstract - സാരം, സംക്ഷേപം
Absurd Statement - അബദ്ധപ്രസ്താവന
Abusive language - ആക്ഷേപവാക്ക്
Accomodation officer - വാസകാര്യ ആഫീസർ
Accomplice - കൂട്ടുകുറ്റക്കാരൻ
According to order - ഉത്തരവനുസരിച്ച്
Accredited correspondent - അധികൃത പത്രലേഖകൻ
Accusation - ദോഷാരോപം
Acknowledgement - പറ്റുചീട്ട് (രജിസ്റ്റർ ചെയ്തയക്കുന്ന തപ്പാൽ ഉരുപ്പടികളോടൊപ്പം വയ്ക്കാറുള്ള കാർഡുകൾഓർക്കുക)
Acquisition - പൊന്നും വിലയ്ക്കെടുക്കൽ (പൊന്നും വിലയ്ക്കു പൊന്നുമായി ബന്ധമേതുമില്ലെന് അറിയുക. നാട്ടിൽ നിലവിലുള്ളതിൽ ഏറ്റവും മുന്തിയ വിലയ്ക്ക് ഭൂമിയും മറ്റും സർക്കാർ കൈവശപ്പെടുത്തുന്നതിനാണു പൊന്നും വിലയ്ക്കെടുക്കൽ എന്നു പറയുന്നത്)
Adhoc committee - തദർഥസമിതി (ഒരു പ്രത്യേക ആവശ്യത്തിന് വേണ്ടിമാത്രം ഉള്ള സമിതി)
Adjudication - തീർപ്പാക്കൽ, ന്യായനിർണയം
Administrative Sanction - ഭരണാനുമതി (സർക്കാരനുമതി)
Admissiom to bail - ജാമ്യം അനുവദിക്കുക
Advance Copy - മുൻകൂർ കോപ്പി
Adverse remarks - പ്രതികൂലാഭിപ്രായക്കുറിപ്പുകൾ
Affiliated College - അനുബന്ധ കോളേജ്
Affidavit - സത്യവാങ് മൂലം
Aofesaid - മേൽപ്പറഞ്ഞ
Aggrived person - പരാതിക്കാരൻ
Agrarian law - കാർഷികനിയമം
Agreement - ഉടമ്പടി, കരാർ
Agricultural holding - കൈവശമുള്ള കൃഷിഭൂമി
Agronomy - കൃഷി വിജ്ഞാനം
Air conditioned - വാതാനുകൂലിതം
Alias - മറുപേർ (Alexanmder, alias Chandi'അലക്സാണ്ടർ എന്ന ചാണ്ടി' എന്നു മനസ്സിലാക്കിക്കൊള്ളണം)
Alibi - അന്യത്രവാസം (കുറ്റം ചുമത്തപ്പെട്ടവൻ കുറ്റകൃത്യം നടന്ന സമയത്തു മറ്റൊരു സ്ഥലത്തായിരുന്നു എന്നുള്ള വാദം)
Alimony - ജീവനാംശം
Allottee - ഓഹരിക്കാരൻ, ഗ്രാഹകൻ
Amendment - ഭേദഗതി
Amicable loan - പലിശയില്ലാക്കടം

| | | |
|---|---|---|
| Anmimal husbandry | - | മൃഗസംരക്ഷണം |
| Animate | - | സജീവമാക്കുക |
| Anonymous petition | - | ഊമ ഹർജി |
| Anticipated expenditure | - | പ്രതീക്ഷിത വ്യയം |
| Apple of discord | - | കലഹകാരണം |
| Appraiser | - | വിലമതിക്കുന്ന ആൾ |
| Apprentice | - | പരിശീലനാർത്ഥി |
| Artificial insemination | - | കൃത്രിമ ബീജസങ്കലനം |
| Artisan | - | ശിൽപി, കൈത്തൊഴിലുകാരൻ |
| As in for the time being | - | ഇപ്പോൾ പ്രാബല്യത്തിലിരിക്കുന്ന പ്രകാരം |
| As set forth | - | വിവിരിച്ചിരിക്കുന്ന പ്രകാരം |
| Assessed value | - | മതിച്ച വില |
| Assessee | - | നികുതി ദായകൻ |
| Assigned on lease | - | പാട്ടത്തിന് ഏല്പിച്ചു കൊടുത്ത |
| Assume powers | - | അധികാരം ഏറ്റെടുക്കുക |
| Asterisk | - | നക്ഷത്ര ചിഹ്നം |
| Attachment | - | ജപ്തി |

2

| | | |
|---|---|---|
| Ask folr as of right | - | അവകാശരൂപത്തിൽ ചോദിക്കുക |
| At par | - | സമമൂല്യം (ചെക്കുകളിലും മറ്റും) |

# MODULE IV

## വിവർത്തനം ഉദാഹരണങ്ങൾ

**i. ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കുള്ള തർജ്ജമ**

**ഉദാഹരണങ്ങൾ**

1) Why did you choose India? And of all places in India,why thishell-hole, Calcutta'?(I asked Mother Teresea).

She let a gentlc smile come everher face. “India was a missionary country. I was sent hedre. And I love the people of Calcutta. they have a warmth which you don’t see anywhere else”. She told me of an experience which made the people of Calcuta solovable. “during the floods last year I was bringing victims to places of shelter. A lady who had never known me brought me hot food in her car. Whereelse in the world do you come across people like that? “It is obvious that Mother Teresa would have gone to any country to which she was sent with same unquestioning obediance and worked with the same enthusiasm, for the people amongst whome she had to live. Since she was sent to India, she assiduously indianised herself. Here was the first catholic order to adopt the Indian sari,the Indian style of squatting cross-legged on the floor in the chapel eatingIndian food in the Indianmanner. She taught herself Bengali which she now speaks fluently sand when India became free she took Indian nationality. (Mother Teresa- Khushwant Singh).

“ഇൻഡ്യ തിരഞ്ഞെടുക്കാൻ കാരണമെന്ത്? പ്രത്യേകിച്ചും ഇൻഡ്യയിലെ മറ്റു സ്ഥലങ്ങളിൽ വെച്ച് ഈ നരകക്കുഴിയായ കൽക്കട്ട”? (ഞാൻ മദർ തെരസായോട് ചേദിച്ചു)

അവരുടെ മുഖത്ത് ഒരു മന്ദസ്മിതം വിടർന്നു. “ഇൻഡ്യ പ്രേഷിത പ്രവർത്തനത്തിനുള്ള ഒരു രാജ്യമായിരുന്നു. എന്നെ അയച്ചത് ഇങ്ങോട്ടാണ്. എനിക്കാണെങ്കിൽ കൽക്കട്ടയിലെ ജനങ്ങളെ ഇഷ്ടവുമാണ്. മറ്റൊരിടത്തും കാണാനില്ലാത്ത ഒരു ഊഷ്മളഭാവം അവർക്കുണ്ട്.” കൽക്കട്ടാ നിവാസികളെ വളരെ പ്രിയങ്കരരാക്കുന്ന ഒരനുഭവത്തെപ്പറ്റി അവർ എന്നോട് പറഞ്ഞു. “കഴിഞ്ഞവർഷത്തെ വെള്ളപ്പൊക്കക്കാലത്ത് ഞാൻ അതിനിരയായവരെ അഭയകേന്ദ്രത്തിലേക്ക് കൊണ്ടുവരുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുയായിരുന്നു. അപ്പോൾ എനിക്ക് യാതൊരു മുൻ പരിചയവുമില്ലാത്ത ഒരു വനിത തന്റെ കാറിൽ എനിക്ക് ചൂടോടെയുള്ള ഭക്ഷണം കൊണ്ടുവന്നു. ഇത്തരം ആളുകളെ ലോകത്ത് മറ്റേതൊരു സ്ഥലത്താണ് നിങ്ങൾക്ക് കാണുവാൻ കഴിയുക”? ലോകത്തിന്റെ ഏതു ഭാഗത്തേക്കയച്ചാലും മദർ തേരേസ ആ തീരുമാനത്തെ ചേദ്യം ചെയ്യാതെ അനുസരണശീലത്തോടെ അവിടെ പോകുമെന്നുള്ളത് സ്പഷ്ടമായ കാര്യമാണ്. എന്നു മാത്രമല്ല, ഇതേ ആവേശത്തോടെ താൻ ചെന്ന് താമസിക്കുന്ന രാജ്യത്തെ ജനങ്ങളുടെ ഇടയിൽ അവർ പ്രവർത്തിക്കുകയും ചെയ്യും. ഭാരതത്തിലേക്ക് അയക്കപ്പെട്ടതുകൊണ്ട് അവർ ശ്രദ്ധാപൂർവ്വം ഒരുഭാരതവൽക്കരണത്തിന് സ്വയം സന്നദ്ധയായി. ഭാരതത്തിലെ സാരി തങ്ങളുടെ വേഷത്തിന്റെ ഭാഗമാക്കിയ ആദ്യത്തെ ക്രിസ്ത്യൻ സന്യാസി സമൂഹമാണ് അവരുടേത്. പള്ളിയിലെ തറയിൽ പ്രാർത്ഥനക്ക് ചമ്രം പിണഞ്ഞിരിക്കുകയും ഭാരതീയ ഭക്ഷണം ഭാരതീയ രീതിയിൽ ഭക്ഷിക്കുകയും അവർ ചെയ്തുവന്നു. അവർ ബംഗാളി ഭാഷ പഠിക്കുകയും ഇപ്പോൾ സ്വാതന്ത്ര്യം നേടിയപ്പോൾ അവർ ഭാരതപൗരത്വം സ്വീകരിക്കുകയുംചെയ്തു.

2. The decision was not taken (by Subhas Bose) without great hesitation, but once it was taken, nothing could come in the way. He stole away from his house on one quiet night in the 1914 without informing his parents. Feeling like a new Budha forsaking family, the comfort she was accustomed to, the certain prospects of a briliant career, young Subhas started in search of the Master, who would resolve his

doubts and supply his disturbed and restless mind with a new synthesis. While Jawaharlal at that age still fresh from the play fields of Harrow and was applying himnself to the study of Zoology, Biology and Chemistry at Trinity College, Cambridge, Subhas be took himself to the Himalayas, the traditional home of Indian spirtiaulity.

The place of the Himalayas in Indian life still awaits investigation at the hands of Indian Sociology. About its fauna and flora, its influence on climate and physical, geography we know. But with the exception of EB.Havell, no eminent scholar has attempted to evaluate the profound debt that Indian phisophy owess to them. Even Jawaharlal who had never suffered from religious exaltation records in his Autobiography that one of his still unfulfilled ambitions in life was to visit Mount Kailas, the HImalayan Abode of the gods,("Subhas Bose"- Yusuf Meherally).

വലിയ സങ്കോചം കൂടാതെയല്ല (സുഭാസ് ബോസ്) ആ തീരുമാനത്തിലെത്തിയത്. എന്നാൽ, അതെടുത്തു കഴിഞ്ഞപ്പോൾ പിന്നെ യാതൊന്നും തന്റെ പാതയിൽ തടസ്സങ്ങൾ സൃഷ്ടിക്കുവാന അദ്ദേഹം സമ്മതിച്ചില്ല്. 1914 ൽ ശാന്തമായ ഒരു രാത്രിയിൽ മാതാപിതാക്കളെ അറിയിക്കാതെ, അദ്ദേഹം വീട്ടിൽ നിന്നു ഒളിച്ചോടി. തനിക്ക് പരിചിതമായ സുഖസൗകര്യങ്ങളേയും ശോഭനമായ ഒരു ഔദ്യേഗിക ജീവിതത്തെയും കുടുംബത്തേയും ഒരു നവീന ബുദ്ധനെപ്പോലെ പരിത്യജിച്ചുകൊണ്ട് കൗമാരപ്രായക്കാരനായ സുഭാസ് തന്റെ ഗുരുവിനെ തേടിയുള്ള യാത്ര ആരംഭിച്ചു. ഗുരു തന്റെ സംശയങ്ങൾ പരിഹരിക്കാമെന്നു പ്രക്ഷുബ്ധവും ആകുലവുമായ തന്റെ മനസ്സിന് ഒരു പുതിയ സംശ്ലഷണം നൽകുമെന്നു അദ്ദേഹം കരുതി. അതേ സമയം, ആ പ്രായത്തിൽ,'ഹാരോ' വിദ്യാലയത്തിലെ കളിക്കളം വിട്ട ജവഹർലാൽ കേംബ്രിഡ്ജിലെ ട്രിനിറ്റി കലാശാലയിൽ ചേർന്ന് ജന്തുശാസ്ത്രം, ജീവശാസ്ത്രം, രസതന്ത്രം എന്നിവയുടെ പഠനത്തിൽ വ്യാപൃതനാവാൻ തുടങ്ങുകയായിരുന്നു. സൂഭാസാകട്ടെ, ഭാരതീയ ആത്മീയതയുടെ പരമ്പരാഗത ആവാസസ്ഥലമായ ഹിമാലയത്തിലേക്കാണ് യാത്ര തിരിച്ചത്.

ഭാരതീയ സാമൂഹിക ശാസ്ത്രജ്ഞർ ഇനിയും അന്വേഷണവിഷയമാക്കേണ്ട ഒന്നാണ് ഹിമാലയത്തിന് ഭാരതീയ ജീവിതത്തിലുള്ള സ്ഥാനം. അവിടത്തെ സസ്യമൃഗാദികളെപ്പറ്റിയും കാലാവസ്ഥയുടെ മേലും ഭൗതികശാസ്ത്രത്തിന്മേലും മറ്റും അതിനുള്ള സ്വാധീനത്തെക്കുറിച്ചും നമുക്കറിവുണ്ട്. എന്നാൽ ഇ.ബി. ഹാവെൽ ഒഴികെ മറ്റൊരു പ്രമുഖ പണ്ഡിതനു ഭാരതീയ തത്ത്വശാസ്ത്രത്തിന് ഹിമാലയത്തോടുള്ള അഗാധമായ കടപ്പാടിനെ വിലയിരുത്തുവാൻ ശ്രമിച്ചിട്ടില്ല. മതത്തെ ഒരിക്കലും അത്രയൊന്നും പ്രശംസിച്ചിട്ടില്ലാത്ത ജവഹർലാൽ പോലും, ദേവന്മാരുട, ഹിമാലയത്തിലെ ആവാസസ്ഥലമായ കൈലാസപർവതം സന്ദർശിക്കാനാവാത്തത് തന്റെ ജീവിതത്തിലെ നിറവേറ്റപ്പെടാത്ത മോഹങ്ങളിൽ ഒന്നാണെന്ന് അദ്ദേഹത്തിന്റെ ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**അഭ്യാസം**

**താഴെകൊടുത്തിരിക്കുന്നവ മലയാളത്തിലേക്ക് തർജ്ജമ ചെയ്യുക**

**1.** As an elder brother Jawahar is perfect. though he is so much olderthan mysister andI, He was never laid down thelaw to us,as a greatmany elderbrothers do. If he has disaproved opf anything we have done, he has always talked the matter over with gentless and tact, making us see for ourselves that we were in the wrong. If we have disagreed, however hurt he may feel,he tries not to show it and never imposes his views on us. He is not only an adored 'big brother' to Swarup and me but a grand friemd and companion who by his affection and understanding has made himself very precious to us. We kno he is always there, just as Father was a pillar of strength on whom,we can lean and get support from when weaned by life's litle problems and worries. he never offers advice, but is ever willing to help when help and guidance are necessary. he is also a confidant in whom one can confide without fear of being ridiculed or rebuked. Being so utterly human

himself, he never fails to understand another's weakness. ('With No Regrets;- Krishna Hutheesingh)

**2.** One curious feature of the love of sweets is the way in which it declines with age. There seems to be no reason for this. We still go on eating, and loving the pleasures of the plate, but I imagine that half the confectioners would go out of business if no one under thirty were allowed to eat sweets. There are hundred greedy sweet -eaters under age of thirty for one above it. You seldom see middle- aged man peering with a rapt expression into a especially in france, but he seldom gazes at a sweet- shop as if a -aged man is an indiffernt to sweet as I am. I know a man of my own age wo can eat chocolate even while he is drinking whisky-and soda. Women too, nibble sweets afterdinner. But they do not get really excited about them as the young do. ('Sweets'-Robert Lynd).

**3.** How differently yougot through a restaurant-session in Mysore! You took yoiur seat, asked for the morningpaper and a glass of water-just mark time before you should have Masal Dosai again or idli, or as you generally felt iunclines (butresisted) both; but indecision could never be an end in itself, and you devised a further postponement of issues by asking, when the reading of the paper was over, "what have, you"? A routine question. The waiter would begin a quick recite of the day's menu-nothing new or starting in it; but you liked to hear it all over again. It gave you time to make up your mind. Coming from a civilization used to this pace of life, I felt unequal to the speed of a Broadway Cafeteria. If you hesitated with the tray in hand, you held up the traffic behind you. ('overa cup of Coffee'- R.K. Narayan).

**4.** It was a grey day, had been indeed a grey week; nothing outside the day's routines had happened for some time. My body had gone on dressing and un dressing itself, eating,drinking, smoking,pushing itself into buses and trains and floundering heavily into chairs. But the rest of me, mind, soul or spirit, appeared to be on the point of hibernating. There I was then, going about my business dearely this grey morning, when suddenly passing by a shop window I caught sight of a pair of crimson silk pyjamas. They were not things meekly soliciting in a shop window, but an event, a challenge, a blast of satorial trumpets. I knew at once tht my own moment had arrived. There are occassions in a man's existences when he must make something happen, must fling a splash of colour into his life, or some part of him, perhaps theboy in him, will perish, flying broken before the grey armies of age, timidity or boredom. ('In Crimson Silk'-J.B.Priestry).

**5.** Few things are more pathetic than the spectacle of inexperiences travellers, brought upon these myths desperately doing their best to make external reality square with fable. It is for the sake of the myths and less consciously, in the name of snobbery that they left their homes, to admit disappointment in the reality would be to admit their own follishness in having believed the fables and would detract from their merit in having undertaken the pilgrimege. In thier hearts secretly, they are bored and a little disgustes. But they have been brought up to believe in the 'Gay Paree' where every thing is deliriously exciting. Conscientiously, therefore, they strive, when they cometo paristo be gay. Night after night the dance hails and the bordless are thronged by serious compatriots of Emerson and Mathew Arnold, earnestly engaged in tying to see life, bneither very steadily nor whole, through the ever Thickering mists of champagne. ('Why Not Stay at Home'? Aldous Huxley).

ii. **മലയാളത്തിൽ നിന്നു ഇംഗ്ലീഷിലേക്കുള്ള തർജ്ജമ**

**ഉദാഹരണങ്ങൾ**

1) തീവണ്ടിയിലിരുന്ന് മാറി മാറി ഈ ദേശത്തിന്റെ ദൃശ്യങ്ങളെ നോക്കിയിരിക്കെ അന്ന് എന്റെ മുമ്പിൽ വന്നത് ലളിതവും എന്നാൽ കല്ലുപോലെ കടുത്തതുമായ ഒരുചോദ്യമാണ്. (നാം കെട്ടിപടുക്കാവുന്ന) ഈ ഓരോ കൊച്ചു സമ്രാജ്യങ്ങൾക്കുള്ളിലേക്കും അതിന്റെ സൈന്യത്തിന്റെ ഓരോ പടയാളിയുടെയും ഇടയിലേക്കും കൂടി ഈ മത്സരംവരുമ്പോഴോ? നാം നമ്മുടേതെന്ന് കരുതുന്ന ഈ സൈന്യങ്ങൾ ഒരു ദിവസം നിശബ്ദം നമ്മുടെ പിന്നിൽ നിന്ന് ഒഴിഞ്ഞു പോവുകയില്ലേ,, നാം അവരുടെ ബാധ്യത യായി മാറുമ്പോൾ? അഥവാ അതു നമ്മുടെ മീതേകൂടി ചവുട്ടി കടന്നുപോകുകയില്ലേ, നാം അതിന്റെ നേതാവെന്ന നിലമാറി അതിന്റെ വഴിയിലെ തടസ്സമായി മാറുമ്പോൾ? (വിയസ്തംഭം- ആനന്ദ്)

While I was sitting in the train and looking at the changing views of the country that day, a simple question but as hard as stone,arose before me. Suppoosethis competition,goes deep down to these little kingdoms (that we build up)and into the midst of each soldier of this army? Won't these Armies which we consider as our own move away silently from behind us one day wehen we become a burden to them? Or, won't thye trample over us when we are no more thier leader but only an obstacle in thier path?

2. ഓർത്തുനോക്കുമ്പോൾ എന്റെ കാര്യം മഹാകഷ്ടമാണ്. ദരിദ്രനും നിസ്സഹായനും പരാജിതനും ആർക്കും വേണ്ടാത്തവനുമായി ഞാനീ ജന്മം മുഴുവൻ കഴിയണമെന്നാണോ ദൈവം വിചാരിക്കുന്നത്? നിസഹായനായ ഒരു മനുഷ്യൻ ജീവിതത്തിൽ ഇത്രയൊക്കെ സഹിക്കേണ്ടി വരുന്നതിന്റെ യുക്തി എന്താണ്? എവിടെയും പരാജയപ്പെടുകയാണ് എന്റെ അനുഭവം. ഒടുവിൽ ഹൃദയത്തിന്റെ മുറിവുകൾമാത്രം ബാക്കിയാകുന്നു. നന്മകളുടേതുമാത്രമായ ഒരാൾ എന്ന് ഞാൻ എന്നെപ്പറ്റി പറയുമ്പോൾ അതൊരു അതിരുകവിഞ്ഞ അവകാശമാണെന്ന് അങ്ങ് കരുതുന്നുണ്ടോ? തിന്മ ചെയ്യാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നതാരാണ്? ലോകം കുറെക്കൂടി നന്നായി സൃഷ്ടിക്കാമായിരുന്നെന്ന് സത്യത്തിൽ ഇപ്പോൾ അങ്ങേക്കു തോന്നുന്നില്ലേ? മനുഷ്യന്റെ സൃഷ്ടിയുടെ കാര്യത്തിലല്ലെങ്കിലും ആ സംശയം ന്യായമാണെന്ന് ഞാൻ വിചാരിക്കുന്നു. മനുഷ്യൻ തിന്മ ചെയ്യുന്നുണ്ടെങ്കിൽ അതിന്റെ കാരണത്തിൽനിന്നും ഉത്തര വാദിത്തത്തിൽ നിന്നും ഒഴിഞ്ഞുമാറാൻ അങ്ങേക്കുകഴിയുമോ. മനുഷ്യനിൽ ആ ദൗർബല്യങ്ങൾ വച്ചതാരാണ്.

# UNIT -11

## മാതൃകാ ചോദ്യങ്ങൾ

### ചോദ്യപേപ്പർ

SECOND SEMESTER B.A../B.SC. DEGREE EXAMINATION, MAY 2011

(CCSS)

Common Course-8

MA 2A 08 (1) - വിവർത്തനവും ആശയവിനിമയും

Time: Three Hourse Maximum: 30 weightage

I **എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിന്റെയും മൂല്യം (വെയിറ്റേജ്) 1/2**

**A ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. വിവർത്തനത്തിന്റെ കാതൽ വിശ്വസ്തതയാണെന്ന് അഭിപ്രായപ്പെട്ടത്:

(a) ജെ.സി. കാറ്റ്ഫോർഡ് (b) വില്യം കൂപ്പർ

(c) മാത്യൂ അർണോൾഡ് (d) പ്രേസർ ടൈറ്റ്ലർ

2 വിവർത്തനത്തിനുള്ള കമ്പ്യൂട്ടർ ഭാഷ ഏത്?

(a) ബേസിക് (b) കോബോൾ

(c) പാസ്കൽ (d) ലോഗോസ്

3. "ഓർത്തു നടക്കണ,മേറെച്ചിത്രം

ഓട്ടപ്പെടുമെന്നവർ പറഞ്ഞു"

(a) നരബലി (b) സ്വകാര്യം

(c) ശ്യാമസുന്ദരി (d) വിവാഹസമ്മാനം

4. വള്ളത്തോളിന്റെ 'മാപ്പ്' എന്ന കവിത ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത്:

(a) മാധവൻ അയ്യപ്പത്ത് (b) ദേശമംഗലം രാമകൃഷ്ണൻ

(c) അയ്യപ്പപ്പണിക്കർ (d) ആർ.രാമചന്ദ്രൻ

**B പൂരിപ്പിക്കുക**

5. ബൈബിളിലെ പഴയ നിയമം എഴുതപ്പെട്ടത് --------- ഭാഷയിലാണ്.

6. സംസ്കൃത നാടകങ്ങളിലെ സ്ത്രീകളും നീചകഥാപാത്രങ്ങളും സംസാരിക്കുന്ന പ്രാകൃത ഭാഷാ ഭാഗങ്ങളുടെ സംസാരിക്കുന്ന പ്രാകൃത ഭാഷാഭാഗങ്ങളുടെ സംസ്കൃത വിവർത്തനത്തിന് ------ എന്നു പറയുന്നു.

7. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം മലയാളത്തിലേക്ക് ആദ്യം വിവർത്തനം ചെയ്തത് ------- ആണ്.

8. ഹരിശങ്കർ പർസായിയുടെ 'രാഗ്-വിരാഗ്' എന്ന കഥ ------എന്ന ശീർഷകത്തിലാണ് കേരളഡൈജസ്റ്റ് പ്രസിദ്ധം ചെയ്തത്.

**C ഒറ്റവാക്കിൽ ഉത്തരമെഴുതുക:**

9. 'തർജ്ജമ' എന്നത് ഏതു ഭാഷയിലെ പദമാണ്?

10. ഷെല്ലിയുടെ Ode to Skylark എന്നകവിത 'രാപ്പാടിയോട്' എന്ന പേരിൽ വിവർത്തനം ചെയ്തത് ആര്?

11. 'Approval' എന്ന പദം മലയാളത്തിലേക്ക് തർജ്ജമ ചെയ്യുക.

12. 'വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക' എന്ന ഗ്രന്ഥം രചിച്ചതാര്?

(12 x $^1/_4$ = 3 weightag

**II ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. ഓരോന്നിന്റെയും മൂല്യം (വെയിറ്റേജ്)–1**

13. സ്രോതഭാഷ, ലക്ഷ്യഭാഷ ഇവ എന്തെന്ന് വ്യക്തമാക്കുക.

14. വിവർത്തനം എന്ന അർത്ഥത്തിൽ മലയാളത്തിൽ പ്രചാരത്തിലുള്ള പദങ്ങൾ ഏതെല്ലാം?

15. ലിപ്യന്തരണം (Transliteration) എന്നാൽ എന്ത്?

16. A new broom sweeps clean - ഇതിനു സമാനമായ മലയാള ശൈലി കണ്ടെത്തുക.

17. Don't mix drink with driving - ഈ പരസ്യവാചകം മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.

18. "ഈ രണ്ടും അറിയുന്നത് കവി തന്നെയാണ്' - ഏതു രണ്ടു കാര്യങ്ങളെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്.?

19. കരത്തിൻ ഭൂഷണം ദാനം; ഭാരം താൻ വൈരമോതിരം ഇംഗ്ലീഷിലേക്കു മൊഴി മാറ്റുക.

20. 'വൈക്കം മുഹമ്മദ് ബഷീറിനെയും എം.ടി. വാസുദേവൻനായരെയും വിവർത്തനം ചെയ്യുമ്പോൾ ഇക്കാര്യം കൂടുതൽ വ്യക്തമാകും' - ഏതു കാര്യം?

21. ഭാഷണധർമ്മങ്ങളുടെ ഉൾപ്പിരിവുകൾ ഏതെല്ലാം?

(9 x1 = 9 weightage)

**III. ഏതെങ്കിലും അഞ്ച് ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിന്റെയും മൂല്യം (വെയിറ്റേജ്)–2**

22. പ്രധാനപ്പെട്ട വിവർത്തനോപകരണങ്ങൾ ഏതെല്ലാം?

23. വിവർത്തനം ഒരു കൗശലം (Craft) ആണെന്നു പറയുന്നതിന് അടിസ്ഥാനമെന്ത്?

24. വിവർത്തനത്തിന്റെ പരിമിതികൾ എന്തെല്ലാം?

25. കവിതാവിവർത്തകൻ കവി കൂടിയായിരിക്കണമെന്നു പറയുന്നതിന്റെ യുക്തി എന്ത്?

26. ദേശമംഗലം രാമകൃഷ്ണന്റെ അഭിപ്രായത്തിൽ സാഹിത്യവിവർത്തനത്തിൻ ശ്രദ്ധിക്കേണ്ട അഞ്ചു കാര്യങ്ങൾ ഏതെല്ലാമാണ്?

27. "ഇങ്ങനെ മാറി മാറി പല ഭാവച്ഛായകളും അതിൽ തുളുമ്പിയെത്തുന്നു" - ഏതിൽ മാറിമാറിയെത്തുന്ന ഭാവച്ഛായകൾ ഏതെല്ലാം?

28. ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യുക.

കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൻ ബുദ്ധമതം ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ വ്യക്തമായ ചിത്രം രൂപപ്പെടുത്തിയെടുക്കാനുള്ള തെളിവുകൾ ഇന്നും അലഭ്യമാണ്. ബൗദ്ധ സർവകലാശാല തൃക്കണാമതിലകത്ത് സ്ഥാപിക്കപ്പെട്ടിരുന്നുവെന്നത് ചരിത്രപ്രധാന്യമർഹിക്കുന്ന കാര്യമാണ്.

(5 x2 = 10 weightage)

**IV.** **താഴെ കൊടുത്തിട്ടുള്ള മൂന്നു ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ആദ്യത്തെ രണ്ടെണ്ണം ഉപന്യാസരൂപത്തിൽ ഉത്തരമെഴുതേണ്ടവയാണ്. ഓരോന്നിന്റെയും മൂല്യം (വെയിറ്റേജ്)-4**

19. യന്ത്രവിവർത്തനം എന്നാൽ എന്ത്? യന്ത്രവിവർത്തനത്തിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ച് വിവരിക്കുക.

30. കെ.പി. ശങ്കരന്റെ 'അപ്രാപ്യമായ ഒരു വിതാനം' എന്ന ലേഖനത്തിന്റെ ഉള്ളടക്കം വിശകലനം ചെയ്യുക.

31. മലയാളത്തിലേക്കു വിവർത്തനം ചെയ്യുക.

Different media have different political views. They are lead by different interests. Still our journalists generally work with utmost social dedication. They are enthusiastic in brining out the corruption, disorder, misures, injustice, vulgarity etc. that are seen in the society. This is the reason why dedicated reporters are subject to most of the allegations. They are always prone to attack.

(2x4=8 weightage)

# SECOND SEMESTER B.A../B.SC. DEGREE PROGRAMME
# EXAMINATION, APRIL 2011
# (CCSS)
## Common Course-8 Code: MA2A08 (1)
### വിവർത്തനവും ആശയവിനിമയശേഷിയും

Answer Scheme

I A.

1. b) വില്യം കൂപ്പർ
2. d) ലോഗോസ്
3. d) വിവാഹസമ്മാനം
4. a) മാധവൻ

B.

5. ഹീബ്രൂ
6. ഛായ
7. കേരളവർമ്മ വലിയകോയിത്തമ്പുരാൻ
8 അനാസക്തിയോഗം

C.

9 അറബി
10 സുഗതകുമാരി
11 അംഗീകാരം
12. ഡോ.വി.ആർ. പ്രബോധചന്ദ്രൻ

II.

13. ഏതൂ ഭാഷയിലൻനിന്ന് വിവർത്തനം ചെയ്യുന്നുവോ ആ ഭാഷയെ സ്രോതഭാഷ എന്നും, ഏതു ഭാഷയിലേക്ക് വിവർത്തന ചെയ്യുന്നുവോ ആ ഭാഷയെ ലക്ഷ്യഭാഷ എന്നു പറയുന്നു.
14. തർജ്ജമ, പരിഭാഷ, മൊഴിമാറ്റം, ഭാഷാന്തരണം, അനുവാദം മുതലായവ.
15. സ്രോതഭാഷയിലേ പദങ്ങൾ ലക്ഷ്യഭാഷയിലെ ലിപി ഉപയോഗിച്ച് എഴുതുന്നതാണ് ലിപ്യന്തരണം.
16. പുത്തനച്ചി പുരപ്പുറം തൂക്കും.
17. മദ്യപിച്ച് വാഹനമോടിക്കരുത്.
18 ദേശമംഗലം രാമകൃഷ്ണന്റെ 'കാവ്യവിവർത്തനം- ചില നീരീക്ഷണങ്ങൾ എന്ന ലേഖനത്തിൻനിന്ന് - കവിമനസ്സിന്റെ മാർഗ്ഗങ്ങൾ വിചിത്രങ്ങളാണെന്നും വാക്കിന് അനേകം മാർഗ്ഗങ്ങളുണ്ടെന്നും പറയാറുണ്ട്. ഈ രണ്ടും അറിയുന്നത് കവി തന്നെയാണ്.'
19. Gift is the ornament of hand; a ring set with diamonds is only a burden.
20. വി.ഡി. കൃഷ്ണൻ നമ്പ്യാരുടെ 'കഥാവിവർത്തനം - ചില സമീപനങ്ങൾ' എന്ന ലേഖനത്തിൽ നിന്ന് - 'ലോക്കൽ കളർ' എന്നു നാം പറയുന്ന സാംസ്കാരിക പൈതൃകത്തെ അതേപടി പരിഭാഷയിൽക്കൂടി പകർത്താൻ കഴിഞ്ഞെന്നുവരില്ല എന്ന കാര്യം വൈക്കം മുഹമ്മദ് ബഷീറിനെയും എം.ടി. വാസുദേവൻ നായരെയും വിവർത്തനം ചെയ്യുമ്പോൾ കൂടുതൽ വ്യക്തമാകും.
21. സന്ദേശിവിനിമയപരം, സ്വത്വാവിഷ്ക്കാരപരം, ആവർജ്ജനപരം, സൗന്ദര്യാവിഷ്ക്കാരപരം, സാമൂഹികം എന്നിവയാണ് ഭാഷണധർമ്മങ്ങളുടെ ഉൾപ്പിരിവുകൾ.
22. ബൃഹത്തായ സ്രോതഭാഷാനിഘണ്ടു, ദ്വിഭാഷാനിഘണ്ടു, പര്യായ വിപരീതപദകോശം, തെസാറസ്, ഉച്ചാരണനിഘണ്ടു, അപശബ്ദബോധനിനി, പ്രാദേശിക ശബ്ദബോധിനി എന്നിവയാണ് പ്രധാന

വിവർത്തനോപകരണങ്ങൾ.

23. തൊഴിൽ, കച്ചവടം, ഭരണം, കോടതി തുടങ്ങിയവയെല്ലാം വിവിധ വിവർത്തനമേഖലകാണ്. ഇവയിലെ ഓരോന്നിന്റെയും ഭാഷയ്ക്ക് അവയുടേതായ സാങ്കേതിക സവിശേഷതകളുണ്ട്. ഓരോന്നിലും പ്രവർത്തിക്കുന്ന വിവർത്തകർക്ക് പ്രത്യേക വൈദഗ്ധ്യവും അതിനുവേണ്ട പരിശീലനവും ആവശ്യമാണ്. ഈ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ വിവർത്തനം ഒരു കൗശലമാണെന്ന് ബോദ്ധ്യമാകും.

24. സ്രോതഭാഷയിലെ പദത്തിന് സമാനമായ പദം ലക്ഷ്യഭാഷയിൽ കണ്ടെത്താൻ കഴിയാതെ വരിക - പ്രാസവും താളവും ഈണവും മറ്റൊരു ഭാഷയിലേക്ക് കൊണ്ടുവരാൻ കഴിയാതിരിക്കുക. പ്രാദേശിക സംസ്കാരത്തിന്റെ മുദ്രകളും പ്രാദേശിക ഭാഷാഭേദങ്ങളും വിവർത്തനത്തിന് വഴങ്ങാതിരിക്കൽ ശ്ലേഷാർത്ഥപ്രയോഗങ്ങൾ വിവർത്തനക്ഷമമല്ലാതാകുന്നത്.

25. കവി മനസ്സിന്റെ മാർഗ്ഗങ്ങൾ വിചിത്രങ്ങളാണ്. വാക്കിന് അനേകം മാർഗ്ഗങ്ങളുണ്ട്. ഒരു കവിക്കു മാത്രമേ ഇവ രണ്ടു മനസ്സിലാക്കാൻ കഴിയൂ. അതുകൊണ്ടാണ് കവിതാവിവർത്തകൻ കവികൂടിയാകണമെന്ന് പറയുന്നത്.

26. 1. പാഠത്തെ-കൃതിയെ-ഒന്നിച്ചു കാണണം. 2. മൂലപാഠത്തിന്റെ സംവേദനമൂല്യത്തെയും മൂലപാഠത്തിന്റെ അർത്ഥത്തെയും ലക്ഷ്യഭാഷയിൽ കൊണ്ടുവരാൻ സാധിക്കണം. 3. മൂലപാഠത്തിലെ സ്ഥല-കാല-പാരമ്പര്യഘടകങ്ങൾ സംസ്കാരബദ്ധമാകുന്നതോടൊപ്പം ഘടനാപരവുമായിരിക്കം. അവയെ വേർതിരിച്ചറിയാൻ കഴിയണം. 4. സ്രോതഭാഷയിലെ സാഹിത്യപാരമ്പര്യത്തിനിണങ്ങുന്ന ഒരു രൂപത്തിൽ വേണം ലക്ഷ്യഭാഷയിൽ വിവർത്തനം ചെയ്യാൻ. 5. മൂലഗ്രന്ഥകാരന് തന്റെ കൃതിയുടെ പ്രമേയത്തെ നിർവ്വഹിക്കാൻ കഴിഞ്ഞ പ്രകാരം തന്നെ ലക്ഷ്യഭാഷയിലും ഭീക്ഷിക്കണം.

27. കെ.പി. ശങ്കരന്റെ 'അപ്രാപ്യമായ ഒരു വിതാനം'എന്ന ലേഖനത്തിൻനിന്ന് - വൈക്കം മുഹമ്മദ് ബഷീറിന്റെ 'ബാല്യകാല സഖി'യെക്കുറിച്ച് പരാമാർശിക്കുന്ന ഭാഗം - 'ചെറ്ക്കാ' എന്ന ഒറ്റ വിളിയിൽ സുഹ്റയുടെ വ്യക്തത്വം മുഴുവൻ ഒതുക്കിവച്ചിട്ടുള്ളതായാണ്സ ഉൽഫുല്ലമാവുന്നതായാണ് തോന്നുക. തുല്യതയവകാശപ്പെടൽ, മജീദിനെ 'കൊച്ചാക്കി' അടക്കിനിർത്തൽ, കുസൃതി, ഭീഷണി-ഇങ്ങനെ മാറിമാറി പല ഭാവഛായകളും അതിൽ തുളുമ്പിയെത്തുന്നു.

28. പദാനുപദ വിവർത്തനത്തേക്കാൾ ആശയവിവർത്തനത്തിന് പ്രാമുഖ്യം നൽകണം.

29. കമ്പ്യൂട്ടറിന്റെ സഹായത്താൽ നിർവ്വഹിക്കപ്പെടുന്ന വിവർത്തനമാണ് യന്ത്രവിവർത്തനം - നിഘണ്ടു പരിശോധന, സ്രോതപാഠത്തിന്റെ അപഗ്രഥനം, സ്വരൂപവിനിമയം, ലക്ഷ്യപാഠത്തിന്റെ വിവിധ ഘട്ടങ്ങൾ.

30. സർഗ്ഗാത്മക കൃതികളിലെ പല അംശങ്ങളും വിവർത്തന ക്ഷമമല്ല. വിവർത്തനാതീതമായി നില്ക്കുന്ന അംശങ്ങൾ മൂലകൃതിയുടെ നിസ്തൂലതയെ വെളിവാക്കുന്നു. ബഷീറിന്റെ നോവലുകളും അവയ്ക്ക് ആർ.ഇ. ആഷർ തയ്യാറാക്കിയ വിവർത്തനത്തെയും മുൻനിർത്തി കെ.പി. ശങ്കരൻ ഇക്കാര്യം സമർത്ഥിക്കുന്നു.

31. മലയാളത്തിലേക്ക് വിവർത്തനം ചെയ്യേണ്ടത് - ആശയവിവർത്തനത്തിന് പ്രത്യേക പരിഗണന നൽകണം.

# SECOND SEMESTER B.A./B.Sc. (CCSS) DEGREE EXAMINATION, MAY 2010

## Common Course

## Code MA 2A 08 (1) -

## (Translation and Communication )

### വിവർത്തനവും ആശയവിനിമയവും

Time: Three Hours Total Weightage: 30

I എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോന്നിന്റെയും മൂല്യം (വെയിറ്റേജ്) 1/4

A ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.

1. പദ്യവിവർത്തനം അസംബന്ധവും അസംഭാവ്യവുമാണെന്ന് പറഞ്ഞത്:
   (a) മാത്യു അർണോൾഡ് (b) ജെ.സി. കാറ്റ്ഫോർഡ്
   (c) വിക്ടർ ഹ്യൂഗോ (d) സാമുവൽ ജോൺസൺ
2. യന്ത്രത്തിലൂടെ വിവർത്തനം നടത്താമെന്ന് ആദ്യമായി പ്രസ്താവിച്ചത്.
   (a) സ്മിർണോവ് ട്രോജെൻസി(b) വാറൻ വീവർ
   (c) വൈ.ബാർ വില്ലൽ (d) യുജിൻ എ നിഡ
3. കുട്ടികൃഷ്ണമാരാർ രചിച്ച 'കൈവിളക്ക്' ഏതു വിഭാഗത്തിൽപ്പെടുന്ന കൃതിയാണ്?
   (a) വിവർത്തനം (b) കവിത
   (c) ആത്മകഥ (d) നിരൂപണം
4. "നാട്യപ്രധാനം നഗരം ദരിദ്രം
   നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"
   - ആരുടെ വരികൾ?
   (a) പി.കുഞ്ഞിരാമൻ നായർ (b) കുറ്റിപ്പുറത്ത് കേശവൻ നായർ
   (c) ആറ്റൂർ രവിവർമ്മ (d) ജി. ശങ്കര കുറുപ്പ്

**പൂരിപ്പിക്കുക**

5. ലഭ്യമായതിൽവച്ച് ഏറ്റവും പുരാതനമായ വിവർത്തനം----- എന്ന ശിലാലേഖനമാണ്.
6. ഏതു ഭാഷയിൽനിന്ന് വിവർത്തനം ചെയ്യുന്നുവോ ആ ഭാഷയെ --- എന്നു പറയുന്നു.
7. കാളിദാസന്റെ മേഘസന്ദേശം ---- എന്ന പേരിലാണ് ജി. ശങ്കരക്കുറുപ്പ് വിവർത്തനം ചെയ്തത്.
8. 'തിരുവനന്തപുരത്ത് ഇന്ന്' എന്ന പത്രപംക്തികളുടെ മുഖ്യ ധർമ്മം -- ആണ്.

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.**

9. വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത ആംഗലേയ സാഹിത്യകാരൻ ആര്?
10. സാഹിത്യകൃതിളുടെ വിവർത്തനം പുഴുങ്ങിയ സ്ട്രാബെറിപ്പഴം പോലെ അരോചകമാണെന് പറഞ്ഞത് ആരാണ്?
11. Amendment എന്ന പദേ മലയാളത്തിലേക്ക് വിവർത്തന ചെയ്യുക.
12. 'വിവർത്തന'എന്ന ഗ്രന്ഥം രചിച്ചതാര്?

II താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക. വെയിറേജ് 1

13. വിവർത്തനത്തിന് ജെ.സി. കാറ്റ്ഫോർഡ് നൽകുന്ന നിർവ്വചനം എന്താണ്?

14. അനുസൃഷ്ടി (Transcreation) എന്നാൽ എന്ത്?
15. ആശയരൂപാന്തരണം (Adaptation) എന്തെന്ന് വ്യക്തമാക്കുക.
16. Too much of anything is good for nothing - സമാനമായ മലയാളശൈലി കണ്ടെത്തുക.
17. “Kept left” എന്ന പരസ്യബോർഡിലെ വാചകം മലയാളത്തിലേക്കു തർജ്ജമ ചെയ്യുക.
18. ദേശമംഗലം രാമകൃഷ്ണന്റെ അഭിപ്രായത്തിൻ വിവർത്തനത്തെ ഭദ്രമാക്കുന്നത് എന്താണ്?
19. രണ്ടിനെതിരെ മൂന്നു ഗോളുകൾക്ക് ഇന്ത്യ പാകിസ്ഥാനെ തോല്പിച്ചു - ഇംഗ്ലീഷിലേക്ക് മൊഴി മാറ്റുക.
20. ‘ലോക്കൽ കളർ’ എന്നി പദത്തിന്റെ അർത്ഥം വിവക്ഷ എന്ത്?
21. പദാനുവാദവിവർത്തനം എന്നാൽ എന്ത്?

(9x1=9 weightate)

III ഏതെങ്കിലും അഞ്ചു ചോദ്യത്തിന് ഓരോ ഖണ്ഡികയിൽ ഉത്തരമെഴുതുക. ഓരോന്നിന്റെയും മൂല്യം (വെയിറ്റേജ് ) 2.

22. ഭാരതീയ ഭാഷകളിൽ കമ്പ്യൂട്ടർ വിവർത്തനം നടപ്പാക്കാനുള്ള പ്രധാന വൈഷമ്യങ്ങൾ എന്തെല്ലാം?
23. വിവർത്തകനുണ്ടായിരിക്കേണ്ട പ്രധാന യോഗ്യതകൾ ഏവ?
24. സവിരാമതർജ്ജമ, അവിരാമതർജ്ജമ ഇവ തമ്മിലുള്ള വ്യത്യാസമെന്ത്?
25. “ഇങ്ങനെയൊരു ഭാഷണതന്ത്രം ‘ബാല്യകാലസഖി’” ഉൾക്കൊള്ളുന്നതായി നാം ഒരുപക്ഷേ ശ്രദ്ധിച്ചിരിക്കില്ല” ഏതു ഭാഷണതന്ത്രം? വിശദമാക്കുക.
26. “സന്ദിഗ്ദ്ധാർത്ഥതയാണ് വിവർത്തകനെ വിഷമിപ്പിക്കുന്ന ഭാഷാപരമായ മറ്റൊരു വൈഷമ്യം” - ഇക്കാര്യം സമർത്ഥിക്കുന്നതിന് ലേഖകൻ നൽകുന്ന ഉദാഹരണം വ്യക്തമാക്കുക.
27. ജി. ശങ്കരക്കുറുപ്പിന്റെ ‘ഗീതാഞ്ജലി’ വിവർത്തനത്തിന്റെ മേന്മകൾ എന്തെല്ലാം?
28. ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്യുക.

കുറച്ചു മാസങ്ങൾക്കു മുമ്പ്, പഴയ ഒരു നോട്ടു പുസ്തകത്തിൽ ഞാൻ എന്റെ ആത്മകഥ എഴുതുവാൻ തുടങ്ങി, എല്ലാ മനുഷ്യർക്കും പറയുവാൻ അവരവരുടേതായ ഒരു ജീവചരിത്രം കാണുമല്ലോ? എനിക്കുമില്ലേ ലോകത്തോട് പറയുവാൻ അങ്ങനെ ചില കാര്യങ്ങൾ. തീർച്ചായും ഉണ്ട്.

(5x2=10 weigtage)

IV താഴെ കൊടുത്തിട്ടുള്ള മൂന്നു ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ആദ്യത്തെ രണ്ടു ചോദ്യങ്ങൾ ഉപന്യാസ രൂപത്തിൽ ഉത്തരമെഴുതേണ്ടവയാണ്. ഒരോന്നിന്റെയും മൂല്യം (വെയിറ്റേജ്-4).

29. വിവർത്തനം ശാസ്ത്രമോ കലയോ? സ്വാഭിപ്രായം രേഖപ്പെടുത്തുക.
30. കഥാ വിവർത്തനത്തിൽ സ്വീകരിക്കേണ്ട സമീപനങ്ങളെക്കുറിച്ചുള്ള വി.ഡി. കൃഷ്ണൻ നമ്പ്യാരുടെ അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.
31. മലയാളത്തിലേക്കു വിവർത്തനം ചെയ്യുക.

Globalisation has been on the move in our country for the past one and half decades. Open market expansion of import, public sector sales of shares, private sector co-operation and privatization are the areas gaining strength in the present scenario. Although there have been a few back offs due to some major resistance, in a deeper perspective neo-liberal policies are being strengthened and expanded

(2x4=8 weightage)

## Second Semester B.A. Degree Programme Examination, April 2010 (CCSS)

**Common Course-8** **Code:MA2A08(1)**

**വിവർത്തനവും ആശയവിനിമയശേഷിയും**

## Answer Scheme

### I. A

1. c. വിക്ടർ ഹ്യൂഗോ
2. a. സ്മിർണോവ് ട്രോജെൻസ്കി
3. d. നിരൂപണം
4. b കുറ്റിപ്പുറത്തു കേശവൻ നായർ

### B

5. റോസെറ്റ
6. സ്രോത ഭാഷ
7. മേഘച്ഛായ
8. സന്ദേശ വിനിമയം

### C

9. ആർ. ഇ. വാഷർ
10. ഹാരി ഡി ഫോറസ്റ്റ് സ്മിത്ത്
11. ഭേദഗതി
12. ഡോ. എൻ. ഇ. വിശ്വനാഥ അയ്യർ

### II.

13. ഒരു ഭാഷയിലെ പാഠ്യവസ്തുവിനെ മറ്റൊരു ഭാഷയിലെ പാഠ്യവസ്തുകൊണ്ട് ആദേശംചെയ്യുകയെന്നതാണ് വിവർത്തനം.
14. വായനക്കാർക്ക് കൃതിതർജ്ജമയാണെന്നു തോന്നാതിരിക്കുകയും സ്വന്തംഭാഷയിലെ മൗലിക കൃതിയെന്ന പോലെ വായിച്ചുപോകാൻ കഴിയുക്കയും ചെയ്താൽ വിവർത്തനം ഒന്നാന്തരമായെന്നു പറയാം. അത്തരത്തിലുള്ളവിവർത്തനത്തെ അനുസൃഷ്ടി എന്നു പറയുന്നു.
15. സ്രോതഭാഷയിലെ കഥയും മറ്റും ലക്ഷ്യഭാഷയിലേക്കു വിവർത്തനംചെയ്യുന്നതോടൊപ്പം ദേശപാത്രവാദികളുടെ നാമരൂപങ്ങളും മറ്റും ലക്ഷ്യഭാഷാനുസൃതമായി വിവർത്തനം ചെയ്യുന്നരീതിക്കാണ് ആശയ രൂപാന്തരണം എന്നു പറയുന്നത്.
16. അധികമായാൽ അമൃതം വിഷം
17. സൂക്ഷിക്കുക, ഇടതുവശം ചേർന്നുപോവുക
18. മൂലഭാഷാകവിയും ലക്ഷ്യഭാഷാകവിയും തമ്മിലും ചങ്ങാത്തവും സഹാനുഭൂതി നിറഞ്ഞ സംവാദവും വിവർത്തനത്തെ ഭദ്രമാക്കുന്നത്.
19. India defeated Pakistan by there goals again two
20. ഒരു ദേശത്തിന്റെ സംസ്കാരിക പൈതൃകത്തെയാണ് 'ലോക്കൽ കളർ' എന്നു പറയുന്നത്.
21. മൂലഭാഷയിലെ പദങ്ങളുടെ അഭിധാർത്ഥം അതുപോലെ വിവർത്തനം ചെയ്യുന്നതാണ് പദാനുപദ വിവർത്തനം.

### III

22. 1. ക്രമീകൃത വ്യാകരണത്തിന്റെ അഭാവം, 2. സാങ്കേതിക പദ നിഘണ്ടുക്കൾ, പരിഭാഷാ നിഘണ്ടുക്കൾ

എന്നിവയുടെ അഭാവം, മാനക സാങ്കേതിക പദങ്ങളുടെ അഭാവം.

23. 1. വിവർത്തകനു മൂലഭാഷയിലും ലക്ഷ്യഭാഷയിലും പാണ്ഡ്യത്യം വേമം. 2. വിവർത്തനത്തിനു വിധേയമാകുനന വിഷയത്തിൽ വിവർത്തകനു നല്ല അവഗാഹം വേണം. 3. സാഹിത്യ വിഷയമാണ് വിവർത്തനം ചെയ്യുന്നതെങ്കിൽ സാഹിത്യാഭിരുചി വേണം. 4.നിഘണ്ടുക്കൾ, സഹായകഗ്രന്ഥങ്ങൾ എന്നിവ കൈവശം ഉണ്ടാകണം.

24. പ്രസംഗപരിഭാഷയുമായി ബന്ധപ്പെട്ട രണ്ട് സാങ്കേതികപദങ്ങൾ- സ്രോത ഭാഷയിൽ പ്രസംഗിക്കുന്ന ആൾ ഇടക്കിടക്കു പ്രസംഗം നിർത്തുകയുംപരിഭാഷകന് ലക്ഷ്യ ഭാഷയിലേക്ക് തർജ്ജമ ചെയ്യാനും അവസരമുണ്ടാകുകയും ചെയ്യുന്നതാണ് സവിരാമതർജ്ജമ. നേരെ മറിച്ച്, പ്രസംഗം പൂർണ്ണമായി തീർന്നതിനുശേഷം നടത്തുന്ന തർജ്ജമയാണ് അവിരാമതർജ്ജമ.

25 കെ. പി. ഗണേശന്റെ 'അപ്രാപ്യമായ ഒരു വിതാനം' എന്നലേഖനത്തിൽനിന്ന് -'ചെറ്ക്കൻ', 'പെണ്ണ്' -രണ്ടും സാമാന്യമായി പ്രഥമപുരുഷനിൽ പരാമർത്തിനോ വിവരണത്തിനോ ഒക്കെ ഉതകുന്ന പദങ്ങളാണ്. ഇവയെ ഋജുവായി മധ്യമപുരുഷനിൽ സംബോധനഎന്ന നിവക്ക് മാറ്റിഉപയോഗിച്ചരിക്കുകയാണ് ബഷീർ. 'ബാല്യകാല സഖി' ഉൾക്കൊള്ളുന്ന ഭാഷാതന്ത്രം ഇതാണ്.

26. വി. ആർ പ്രബോധചന്ദ്രന്റെ 'വിവർത്തനക്ഷമത' എന്ന ലോഖനത്തിൽനിന്ന് - Time flies like an arrow എന്ന വാക്യംപലർ പലതരത്തിൽ തർജ്ജമ ചെയ്തതാണ്. 'മൂലപാഠത്തിനുണ്ടാകുന്ന ഭാഷാപരമായ വൈഷമ്യത്തിനു ഉദാഹരണമായി ലേഖകൻ ചൂണ്ടിക്കാണിക്കുന്നത്.

27. മലയാളത്തിലെ മിസ്റ്റിക കവിയാണ് ജി. ശങ്കരകുറുപ്പ്. 'ഗീതാഞ്ജലി' യിലെ മിസ്റ്റിക് സ്വഭാവം ജിയെ ആകർഷിച്ചിട്ടുണ്ടാകണം. 'ഗീതാഞ്ജലി' യിൽ പ്രതിബിംബിക്കുന്ന പ്രശാന്ത ഗംഭീരനും പുണ്യാദർശനുമായ ഉന്നതാത്മാവിനെ തന്റെ ഹൃദയലഷകത്തിലാവുന്നിടത്തോളം ഉൾക്കൊള്ളാൻജി. ശ്രമിച്ചിട്ടുണ്ട്. വിജയിച്ചിട്ടുണ്ട്.

28. പദാനുപദ വിവർത്തനത്തേക്കാൾ ആശയവിവർത്തനത്തിനു പ്രാമുഖ്യം നൽകണം.

**IV**

29. വിവർത്തനം ശാസ്ത്രമാണെന്നു വാദിക്കുന്നവരുടെ അഭിപ്രായങ്ങൾ ശാസ്ത്രത്തിന്റെ നിർവ്വചനങ്ങൾ- അവയെല്ലാം വിവർത്തനത്തിനു ചേരുന്ന ഈ വാദം-വിവർത്തനം കലയാണെന്നു വാദിക്കുന്നവരുടെ അഭിപ്രായം- വിവർത്തനത്തിൽ ആസ്വാദനത്തിനുള്ള പ്രാധാന്യം- മനോധർമ്മത്തിനും പ്രതിഭയ്ക്കുള്ള പ്രസക്തി രണ്ടു വിവർത്തകരുടെ വിവർത്തനങ്ങൾ ഒരു പോലെയായില്ല എന്ന അഭിപ്രായം- സ്വാഭിപ്രായം രേഖപ്പെടുത്തൽ.

30. കഥയുടെ തെരഞ്ഞെടുപ്പ്- ലക്ഷ്യഭാഷയിലെ വായനക്കാരുടെ അഭിരുചിക്കനുസരിച്ച്- മൂലകഥാകാരനിൽ നിന്നു അനുവാദം വാങ്ങിക്കൽ- ആശയാനുവാദത്തോടൊപ്പം പദാനുപദ തർജ്ജമയുമാകാം. കഥയുടെശീർഷകം മൂലകഥയിലേതുതന്നെയാകുന്നതാണ് നല്കത്.

31. മലയാളത്തിലേക്കു വിവർത്തനം ചെയ്യേണ്ടത്. പദാനുപദ തർജ്ജമയേക്കാൾ ആശയ വിവിർത്തനത്തിന് പ്രത്യേക പരിഗണന നൽകണം.

# UNIT-12
# MODEL -ASSIGNMENT

**ഇംഗ്ലീഷ് സിനിമയ്ക്ക് മലയാള സബ്ടൈറ്റിലുകൾ നൽകുക**

| | | | |
|---|---|---|---|
| 1. | The thing | : | ഒരു സാധനം |
| 2. | The help | : | ഒരു സഹായം |
| 3. | Remembrence | : | എന്നെ ഓർക്കണം |
| 4. | Fright Night | : | ഭയമുള്ള രാത്രി |
| 5. | New years eve | : | പുതുവത്സരരാത്രി |
| 6. | War Horse | : | യുദ്ധ കുതിര |
| 7. | Midnight in Paris | : | പാരീസിൽ ഒരു അർദ്ധരാത്രി |
| 8. | In the land og blood and honek | : | തേനിന്റെയും രക്തത്തിന്റെയും പ്രദേശത്തിൽ |
| 9. | The thing | : | ടിങ്ങിന്റെ സാഹസികത |
| 10. | The luck one | : | ഭാഗ്യം നിറഞ്ഞ ഒരാൾ |
| 11. | Bad Teacher | : | വൃത്തികെട്ട അദ്ധ്യാപിക |
| 12. | The Last song | : | ഒരു അവസാന ഗാനം |
| 13. | Dont be afraid of the Dark | : | ഇരുട്ടിനെ ഭയപ്പെടരുത് |
| | Love and Sex | : | പ്രേമവും കാമവും |
| | An unexpected journey | : | പ്രതീക്ഷിക്കാത്ത ദൂരയാത്ര |
| | SouthPark:Bigger,Longer and uncut | : | തെക്ക് ഉദ്യാനം, വലുത്, നീളമുള്ള മുറിക്കാനാവാത്തത് |
| | The iron Lady | : | ഇരുമ്പ് സത്രീ |
| | The hangroves- part II | : | മദ്യച്ചടവ്- ഭാഗം II |
| | Love and Sex | : | പ്രേമവും കാമവും |
| | 30 minutes | : | മുപ്പത് മിനിട്ട് |
| | www.xxx.com. | : | ഡബ്ല്യൂ ഡബ്ല്യൂ എക്സ് എക്സ് എക്സ് കോം. |
| | Miracle on 34 th streeet | : | 34-ാമത്തെ തെരുവിലെ അത്ഭുത സംഭവം |
| | Little girl blue | : | ചെറിയ പെൺകുട്ടി നീലയാണ് |
| | Horrible Bosses | : | ഭയാനകമായ മേലധികാരികൾ |
| | Mc. Lintok | : | എം.സി . ലിന്റോക്ക് |
| | The sitter | : | ചിത്രമെടുപ്പാനിരിക്കുന്നവർ |
| | Prono film | : | അശ്ലീല ചിത്രം. |
| | Passin Boots | : | പാദരചിയിൽ പൂച്ച |
| | Brides maides | : | വധുവിന്റെ കൂടെവിവാഹ വേളയിൽവർത്തിക്കുന്ന കന്യകകൾ |
| | His girl Friday | : | അവൾ വെള്ളിയാഴ്ചയിലെ പെൺകുട്ടി |
| | Airport | : | വിമാനത്താവളം |
| | Dolphin Tale | : | ഡോൾഫിന്റെ കഥ |
| | DateNight | : | രാത്രി തിയതി |

| | | |
|---|---|---|
| The dirty girls | : | വൃത്തികെട്ട പെൺകുട്ടികൾ |
| Imortals | : | മരണമില്ലാത്തവൻ |
| Jack and Jill | : | ജാക്കും ജില്ലും |
| Shame | : | നാണം |
| Live Nude girls | : | നഗ്നമായി ജീവിക്കുന്ന പെൺ |
| Its a wonderful night | : | ഇതൊരു അത്ഭുതകരമായ ജീവിതമാണ് |
| Precious | : | വിലപ്പിടിപ്പുള്ള |
| E.T. The extra Teretial | : | ഇ.ടി. അധികമായി ഭൂമിയെ സംബന്ധിച്ച കാര്യങ്ങൾ |
| It happened oneNight | : | ഇത് ഒരു രാത്രിയിലാണ് സംഭിച്ചത് |
| The lady Eve | : | സന്ധ്യയിലെ സ്ത്രീ |
| The crowd | : | ജനക്കൂട്ടം |
| The God father | : | ദൈവമാകുന്ന അച്ഛൻ |
| Greed | : | വിഷപ്പ് |
| Sunrise | : | സൂര്യോദയം |
| Hugo | : | ആശ്ലേഷിക്കുക |
| The Descendants | : | പിൻഗാമി |
| The change up | : | മൊത്തത്തിലുള്ള മാർഗ്ഗം |
| extreme ecstacy | : | അങ്ങേയറ്റമുള്ള പരമാനന്ദം |
| Happy feel two | : | രണ്ട് സന്തോഷമുള്ള കാൽപ്പടം |
| Changeling | : | ചപലചിത്തൻ |
| The social net work | : | സാമൂഹിക വലകെട്ടാൽ |
| Colombiana | : | കൊളംബിയാന |
| Para normal activity 3 | : | സാധാരണ ഖണ്ഡിക പ്രവർത്തനം മൂന്ന് |
| Spiderman | : | ചിലന്തി മനുഷ്യൻ |
| Italian job | : | ഇറ്റലിയിലെ പണി |
| Who Am I | : | ഞാനാരാണ് |
| True lie | : | സത്യമായും നുണ |
| Commandoo | : | കമാൻഡ്യൂ |
| Death Race | : | മരണകളി |
| Indiana Jones | : | ഇന്ത്യയിലെ ജോൺ |